# വിദുരന്റെ
# 465 ഉപദേശങ്ങൾ

വ്യക്തിത്വം – മനഃശാസ്ത്രം – ധർമ്മം – നീതി – രാഷ്ട്രം – എന്നിവയെ ആധാര മാക്കി 3140 ബി.സി.യിൽ വിദുരൻ ധൃതരാഷ്ട്രർക്ക് നൽകിയ ഉപദേശം

സംക്ഷിപ്തം തയ്യാറാക്കിയത്

ഡോ: എൻ. ഗോപാലകൃഷ്ണൻ
Scientist & Hon. Director IISH

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

Heritage Publication Series - 63

Scanned with CamScanner

# വിദുരന്റെ
## 465 ഉപദേശങ്ങൾ

വ്യക്തിത്വം - മനഃശാസ്ത്രം - ധർമ്മം - നീതി - രാഷ്ട്രം - എന്നിവയെ ആധാരമാക്കി 3140 ബി.സി. യിൽ വിദുരൻ ധൃതരാഷ്ട്രർക്ക് നൽകിയ ഉപദേശം

ശ്രീ കെ. ആർ. രാമകൃഷ്ണൻ രചിച്ച
വിദുരനീതിയുടെ സംക്ഷിപ്തം

തയ്യാറാക്കിയത്

ഡോ: എൻ. ഗോപാലകൃഷ്ണൻ
Scientist & Hon. Director IISH

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

Heritage Publication Series - 63

Scanned with CamScanner

വിദുരന്റെ 465 ഉപദേശങ്ങൾ

സംക്ഷിപ്തം തയ്യാറാക്കിയത്
Dr. N. Gopalakrishnan
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D. (Chem); D.Lit
(Scientist & Hon. Director IISH)

Indian Institute of Scientific Heritage (IISH)
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471 - 2490149)
www.iish.org

Rs. 20/-

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

ധന്യാത്മൻ,

ആധുനിക മാനേജ്മെന്റ് പഠനം, ഒരു മാനേജർ എന്ന വ്യക്തിയെ നിർവചിച്ച്, അവനുണ്ടായിരിക്കേണ്ട സർവ സാങ്കൽപിക ഗുണങ്ങളെയും നിർവചിച്ച് ആ നിർവചനത്തിലേക്കെത്തിച്ചേരാൻവേണ്ട താത്വികവും പ്രായോഗികവുമായ പഠനമാണ് നൽകുന്നത്. ഈ സമ്പ്രദായത്തിൽ ഒരു Ideal Manager സങ്കൽപത്തിലേയ്ക്കുള്ള പ്രയാണമാണ് എല്ലാവരും ലക്ഷ്യമിടുന്നത്. എങ്ങിനെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണം, സംസാരിക്കണം, മുഖഭാവം നിലനിർത്തണം, നിർദ്ദേശങ്ങൾ നൽകണം, പ്രോത്സാഹിപ്പിക്കണം, സംഘർഷഭരിതമായ അവസരങ്ങൾ കൈകാര്യം ചെയ്യണം ........ ഇപ്രകാരമുള്ള കാര്യങ്ങൾ ഓരോ മാനേജ്മെന്റ് എക്സ്പർട്ട്, അദ്ദേഹത്തിന്റെ വീക്ഷണത്തിലൂടെ എഴുതിയതാണ് പഠിക്കാറുള്ളത്, പഠിപ്പിക്കാറുള്ളത്.

ഈ പഠനത്തിൽ നാം എഴുതിച്ചേർക്കാത്തതും പഠിപ്പിക്കാത്തതുമായ അനവധി പ്രധാനകാര്യങ്ങളുണ്ട്. അവയിൽ ചിലത് മാത്രം നോക്കൂ. ഓരോ വ്യക്തിയുടെയും വ്യക്തിത്വം വ്യത്യാസപ്പെട്ടിരിക്കുന്നു, ഓരോ വ്യക്തിയും ജനിച്ച ചുറ്റുപാടുകൾ, കുടുംബബന്ധം, സാമൂഹിക പ്രത്യേകതകൾ, ജീവിത വീക്ഷണം, മാനസികാവസ്ഥ, ശാരീരികാവസ്ഥ, പ്രായം, ഇവയെല്ലാം ആ വ്യക്തിയെ അനുനിമിഷം സ്വാധീനിക്കുന്നു. ഈ വ്യത്യസ്ഥ സ്വാധീനവലയത്തിൽപ്പെട്ടിരിക്കുന്ന എല്ലാവ്യക്തികളുടെയും മുമ്പിൽ അവരുടെ തനതായ വ്യക്തിത്വഗുണദോഷങ്ങളെ സ്പർശിക്കാതെ ഒരു Ideal Manager സങ്കൽപം പ്രതിഷ്ഠിക്കുന്നതിൽനിന്നും തികച്ചും ഭിന്നമാണ് ഭാരതീയ മാനേജ്മെന്റ് സങ്കൽപം. ഭാരതീയ മാനേജ്മെന്റ് സങ്കൽപം സമഗ്രമാണ്. അതിൽ മനസ്സ് -ശരീരം-കുടുംബം-സമൂഹം-രാഷ്ട്രം എന്നീ അഞ്ചുഘടകങ്ങൾ വളരെ വ്യക്തമായും പരസ്പരം പൂരകങ്ങളായും ചേർത്തുകൊണ്ടാണ് ഗ്രന്ഥരചന നടത്താറുള്ളത്. വ്യക്തിയുടെ ആത്മീയ ഭൗതീക ഘടകങ്ങളും ഈ വിവരണത്തിലെ അവിഭാജ്യഘടകങ്ങളാണ്. അതായത് വ്യക്തി ജനിച്ചുവളർന്ന കുടുംബത്തിന്റെയും, സമൂഹത്തിന്റെയും, അവർ പ്രവർത്തിക്കേണ്ട സമൂഹത്തിലെ ചുറ്റുപാടുകളുടെയും തന്മതിന്മകൾ പൂർണമായും അപഗ്രഥിച്ച് പ്രവർത്തിക്കുവാൻ തയ്യാറാക്കുക എന്നതാണ് ഭാരതീയ മാനേജ്മെന്റ് പഠനം.

ഭീഷ്മോപദേശം, ഭർതൃഹരിയുടെ ഉപദേശശതകം, ചാണക്യനീതിസാരം, ശുക്രനീതിസാരം, യോഗവാസിഷ്ഠം, ഭഗവദ്ഗീത എന്നിവപോലെ അനവധി അനവധി മാനേജ്മെന്റ് ഗ്രന്ഥങ്ങൾ ഭാരതത്തിലുണ്ട്. അത്തരത്തിലുള്ള ഒരു ശ്രേഷ്ഠമായ ഗ്രന്ഥമാണ് വിദുര ഉപദേശം, ശ്ലോകങ്ങളും, ഉദാഹരണങ്ങളും, വ്യഖ്യാനങ്ങളും ചേർത്തു പഠിക്കുവാൻ ആഗ്രഹമുള്ളവർക്ക്, അത്തരത്തിലുള്ള പുസ്തകങ്ങൾ ലഭ്യമാണ്. ഇവിടെ സംക്ഷിപ്തമായി വിദുരന്റെ പ്രധാന ഉപദേശങ്ങൾ ക്രോഡീകരിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്.

ഡോ: എൻ. ഗോപാലകൃഷ്ണൻ

Scanned with CamScanner

## വിദുരോപദേശം എനിക്കും നിങ്ങൾക്കും ...........!

സ്വന്തം മകനായ ദുര്യോധനനുവേണ്ടി സത്യം-ധർമ്മം-നീതി-ന്യായം- എന്നിവയെ അവഗണിച്ച്, പാണ്ഡവരോട് പെരുമാറിയതിന്റെ കുറ്റബോധംകൊണ്ട് വീർപ്പുമുട്ടുകയായിരുന്ന ധൃതരാഷ്ട്രർക്ക് വിദുരൻ നൽകുന്ന ഉപദേശമാണ് **വിദുരോപദേശം**

വ്യക്തിയുടെയും വ്യക്തിത്വത്തിന്റെയും സമഗ്രവിശകലനം, മനസ്സ്-ഇന്ദ്രിയം-ആരോഗ്യം എന്നിവയുടെ ഉപദേശാത്മകവിവരങ്ങൾ, സാമൂഹികഘടകങ്ങൾക്ക് വ്യക്തിക്കുള്ള പങ്കിന്റെ ധാർമ്മീകനിർദ്ദേശം, സാമൂഹികമൂല്യങ്ങൾ നിലനിർത്തേണ്ട ബാധ്യതയുടെ മഹത്വസ്മരണ, സത്യം-ധർമ്മം-നീതി-ന്യായം ഇവയുടെ താത്വികവും പ്രായോഗികവുമായ അവതരണം, നന്മതിന്മകൾ എന്താണെന്നും എങ്ങിനെ ആചരിക്കണമെന്നുമുള്ള ആഹ്വാനം, നിത്യജീവിതത്തിൽ ദർശിക്കുന്ന ഉദാഹരണസഹിതമുള്ള അവതരണം പാണ്ഡവരിലെ നന്മകളും കൗരവരിലെ തിന്മകളും ചൂണ്ടികാണിച്ചുകൊണ്ടുള്ള വിശകലനം. വ്യക്തിയുടെ ആരോഗ്യം, മനഃശാസ്ത്രം, കുടുംബബന്ധം, സമൂഹബന്ധം, രാഷ്ട്രധർമ്മം എന്നിവ ധാർമ്മികമൂല്യങ്ങളിലൂടെ വിശകലനം ചെയ്ത് വ്യക്തിധർമ്മം, കുടുംബധർമ്മം, ഔദ്യോഗികധർമ്മം, സമൂഹധർമ്മം, രാഷ്ട്രധർമ്മം എന്ത്? എന്തിന്? എങ്ങിനെ? എന്ന ചോദ്യങ്ങൾക്കുള്ള സമഗ്രമായ ഉത്തരം ! അതാണ് വിദുര ഉപദേശം

ആരാധ്യനായ ശ്രീ. കെ. ആർ. രാമകൃഷ്ണൻ അവർകളുടെ വിദുരനീതി എന്ന മലയാള വിവർത്തനഗ്രന്ഥത്തെ ആധാരമാക്കി തയ്യാറാക്കിയത്.

## വിദുരോപദേശത്തിന്റെ പശ്ചാത്തലം വ്യാസമഹർഷിയുടെ വരികളിൽ

ധൃതരാഷ്ട്രർ പറഞ്ഞു : മഹാബുദ്ധിമാനും ദൂരദർശിയുമായ വിദുരരെ അകത്തേക്കാനയിച്ചാലും, എനിക്ക് അദ്ദേഹത്തെക്കാണുന്നതിൽ ഒരിക്കലും മതിവന്നിട്ടില്ല.

ദ്വാരപാലകൻ വിദുരരോട് പറഞ്ഞു : ഹേ മഹാമന്ത്രേ, വിദുരമഹാശയ, മഹാത്മാവായ ധൃതരാഷ്ട്രമഹാരാജാവിന്റെ അന്തഃപുരത്തിലേക്ക് പ്രവേശിച്ചാലും; രാജാവ് എന്നോടരുളിച്ചെയ്തിരിക്കുന്നു. അദ്ദേഹത്തിന് അങ്ങയെ കാണുന്നത് എത്രയായാലും മതിയാവുന്നില്ല, എന്ന്.

അതിനുശേഷം വിദുരർ ധൃതരാഷ്ട്രരുടെ അന്തഃപുരത്തിൽ പ്രവേശിച്ച് ചിന്താമഗ്നനായിരിക്കുന്ന രാജാവിനെ കൈകൂപ്പി വന്ദിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു.

വിദുരർ പറഞ്ഞു : ഹേ മഹാപ്രാജ്ഞ, ഇതാ വിദുരർ അങ്ങയുടെ ആജ്ഞയനുസരിച്ച് വന്നിരിക്കുന്നു. ഞാൻ ചെയ്യേണ്ടതായ വല്ല കാര്യവുമുണ്ടെങ്കിൽ ആജ്ഞാപിച്ചാലും.

ധൃതരാഷ്ട്രർ പറഞ്ഞു : ഹേ വിദുര, ബുദ്ധിമാനായ സഞ്ജയൻ പാണ്ഡവരുടെ അടുക്കൽനിന്ന് മടങ്ങിയെത്തിയിരിക്കുന്നു. അവൻ എന്നെ കുറെ അധിക്ഷേപിച്ചുകൊണ്ട് സംസാരിച്ചു. ഇപ്പോൾ വിശ്രമിക്കുവാൻ പോയിരിക്കുകയാണ്. യുധിഷ്ഠിരൻ എനിക്കയച്ചിട്ടുള്ള സന്ദേശം നാളെ സഭയിൽവച്ചേ പറയുകയുള്ളൂ എന്ന് അവൻ പറഞ്ഞിരിക്കുകയാണ്.

കുരുവംശവീരനായ യുധിഷ്ഠിരന്റെ സന്ദേശം ഇന്നുതന്നെ എനിക്ക് കേൾക്കുവാൻ കഴിഞ്ഞില്ലല്ലോ എന്ന വിചാരംകൊണ്ട് എനിക്ക് ശരീരത്തിൽ ചുട്ടുനീറൽ അനുഭവപ്പെടുന്നു. അതുകൊണ്ടുതന്നെ എനിക്ക് ഉറക്കവും വരുന്നില്ല. ഞാൻ ക്ഷുഭിതനായി അശാന്തനായിരിക്കുകയാണ്.

പ്രിയപ്പെട്ടവനേ, ഞാൻ ചിന്തകൊണ്ട് സ്വയം ജ്വലിക്കുകയാണ്; ഉറക്കം വരാതെ വിഷമിക്കുകയാണ്. എനിക്ക് ശ്രേയസ്കരമായതെന്താണ്? വേണ്ടപോലെ ആലോചിച്ച് ഉപദേശിച്ചുതന്നാലും. നമ്മൾ മൂന്നു സഹോദരന്മാരിൽവച്ച് നീയാണ് ഏറ്റവും നന്നായി ധർമ്മത്തേയും അർത്ഥത്തേയും സമർത്ഥമായി ഗ്രഹിച്ചിട്ടുള്ളത്.

ധൃതരാഷ്ട്രർ തുടർന്നു : സഞ്ജയൻ പാണ്ഡവരുടെ അടുത്തുനിന്ന് തിരിച്ചെത്തിയതിനുശേഷം എനിക്ക് മനസ്സിന് യാതൊരു സ്വസ്ഥതയും



Scanned with CamScanner

ഉണ്ടായിട്ടില്ല. എന്റെ എല്ലാ ഇന്ദ്രിയങ്ങളും അസ്വസ്ഥമായിത്തീർന്നിരിക്കുന്നു. നാളെ എന്താണ് സഞ്ജയൻ സഭയിൽവച്ച് യുധിഷ്ഠിരന്റെ സന്ദേശമായി പറയാൻ പോകുന്നത്, എന്നാലോചിക്കുമ്പോൾ എന്റെ മനസ്സ് ചിന്താകുലമായിത്തീരുന്നു.

വിദുരവചനം : ആരാണോ ബലവാനുമായി വൈരത്തിലേർപ്പെടുന്നത് അവനും, ആരുടെ സ്വത്താണോ നിശ്ശേഷം അപഹരിക്കപ്പെട്ടിരിക്കുന്നത് ആ ബലഹീനനും, കാമത്തിന് വശംവദനായിരിക്കുന്നവനും, അന്യന്റെ സ്വത്ത് അപഹരിക്കുവാൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നവനും രാത്രിയിൽ ഉറക്കം ഉണ്ടാവുകയില്ല. മേൽപ്പറഞ്ഞ മഹാദോഷങ്ങളിൽ ഏതെങ്കിലും അങ്ങേക്കു സംഭവിച്ചുവോ? അന്യന്റെ സ്വത്തിൽ ആഗ്രഹം ഉണ്ടാവുക കാരണമാണോ അങ്ങ് ഇങ്ങനെ നിദ്രാവിഹീനനായി വിഷമിക്കുന്നത്?

ധൃതരാഷ്ട്രർ പറഞ്ഞു : ഹേ വിദുര, ഞാൻ നിന്നിൽനിന്നും ധർമ്മാനുസൃതവും ശ്രേയസ്കരവും ആയ ഉപദേശങ്ങൾ കേൾക്കുവാൻ ആഗ്രഹിക്കുന്നു. നമ്മളുടെ ഈ രാജർഷിവംശത്തിൽ നീ മാത്രമാണ് വിദ്വത് സമ്മതനായ ഒരു വ്യക്തി.

വിദുരൻ : സകല ലക്ഷണസമ്പന്നനായ രാജാവ് യുധിഷ്ഠിരൻ മൂന്നു ലോകത്തിനും അധിപനായിരിക്കുവാൻ യോഗ്യനാണ്: അങ്ങയുടെ ആജ്ഞാവർത്തിയുമാണ്. പക്ഷേ അദ്ദേഹത്തെ നാടുകടത്തുകയല്ലെ ചെയ്തത്! അങ്ങ് ധർമ്മത്തെ വഴിപോലെ അറിയുന്ന ആളും ആയിരുന്നിട്ടുകൂടി, കണ്ണിന് കാഴ്ചയില്ലായ്മകാരണം യുധിഷ്ഠിരനെ വേണ്ടപോലെ അറിയുവാൻ അങ്ങേക്ക് കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് വിപരീതമായി പ്രവർത്തിക്കുകയും അദ്ദേഹത്തിന്റെ ഭാഗധേയമായ രാജ്യഭാഗം കൊടുക്കുവാൻ അങ്ങ് വിസമ്മതിക്കുയും ചെയ്തു.

പാണ്ഡവർക്ക് ക്രൂരതയില്ലാത്തതുകൊണ്ടും അനുകമ്പയും സത്യസന്ധതയും പരാക്രമവും ഉള്ളതുകൊണ്ടും ഗുരുജനങ്ങളായ നിങ്ങളോട് ഭക്തിബഹുമാനങ്ങൾ വളരെയുള്ളതുകൊണ്ടും അവർ നല്ലവണ്ണം വീണ്ടുവിചാരം ചെയ്ത് ക്ലേശങ്ങൾ സഹിച്ചുകൊണ്ട് കാട്ടിൽ ജീവിക്കുക.

അങ്ങ് ദുര്യോധനൻ, കർണ്ണൻ, ശകുനി, ദുശ്ശാസൻ എന്നിവരിൽ ഐശ്വര്യത്തിന്റെ ഉത്തരവാദിത്വം ഏൽപിച്ചുകൊടുത്തുകൊണ്ട് എങ്ങനെയാണ് ഭാവിയിൽ സമൃദ്ധിയെ കാംക്ഷിക്കുന്നത്. ഈ ദുർജ്ജനങ്ങളുടെ സംരക്ഷണയിൽ രാജ്യത്തിന്റെ ഐശ്വര്യം സമൃദ്ധമാകുമെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ?



Scanned with CamScanner

ഇനി നമുക്ക് വിദുരോപദേശത്തിലേക്ക് പ്രവേശിക്കാം !

1. അദ്ധ്യാത്മികജ്ഞാനം, കർമ്മാചരണസംരംഭം, ദുഃഖസഹനശക്തി, ധർമ്മാചരണസ്ഥിരത എന്നീ ഗുണങ്ങൾ ഏതൊരു പുരുഷനെ തന്റെ പുരുഷാർത്ഥപ്രാപ്തിയിൽ പുരോഗമിക്കുന്നുവോ ആ പുരുഷനെ പണ്ഡിതനെന്നു പറയുന്നു. ധർമ്മാചരണസ്ഥിരത ധർമ്മസംരക്ഷണ ത്തിനും, കർമ്മാചരണക്ഷമത അർത്ഥസമ്പാദനത്തിന്നും, കാമോപഭോഗ നിയന്ത്രണത്തിനും, ആത്മജ്ഞാനം മോക്ഷ സമ്പാദനത്തിനും യഥാ വിധി ഉപയോഗിക്കുക.

2. പ്രശസ്തകർമ്മങ്ങളാചരിക്കൽ, നിന്ദ്യകർമ്മങ്ങൾ ചെയ്യാതിരിക്കൽ, ഈശ്വരവിശ്വാസം, ശ്രദ്ധ എന്നിവയുണ്ടാകണം.

3. ക്രോധം, ഹർഷം, ഗർവ്വം, ലജ്ജ, ഉദ്ദണ്ഡത, താൻ പൂജ്യനാണെന്ന ഭാവം എന്നീ ദോഷങ്ങൾ ഏതൊരു പുരുഷനെ തന്റെ പുരുഷാർത്ഥ പ്രാപ്തിയിൽനിന്ന് പിന്തിരിപ്പിക്കുന്നില്ലയോ ആ പുരുഷനെ പണ്ഡിത നെന്ന് പറയുന്നു.

4. ഏതൊരുവന്റെ പ്രവൃത്തികൾ മറ്റുള്ളവരോട് ചോദിച്ച് അവരുടെ ഉപദേശപ്രകാരമാണ് ചെയ്യുന്നതെന്ന്, ആ പ്രവൃത്തികൾ പരിപൂർണ്ണ മായിതിന്നുശേഷം മാത്രം പുറത്തറിയാൻ അനുവദിക്കുക.

5. ചൂട്, തണുപ്പ്, ഭയം, സുഖം, സമൃദ്ധി, ദാരിദ്ര്യം ഇത്യാദി സാഹച ര്യങ്ങൾ പ്രവർത്തനങ്ങൾക്ക് വിഘ്നമായി ഭവിക്കരുത്. ഇപ്പറഞ്ഞ സാഹ ചര്യങ്ങളെ വിസ്മരിച്ചുകൊണ്ടുതന്നെ തന്റെ കർമ്മങ്ങളനുഷ്ഠിക്കുക.

6. ഏതൊരുവന്റെ പ്രാപഞ്ചിക ബുദ്ധി ധർമ്മത്തിന്നും അർത്ഥത്തിനും അനുസരിച്ച് മാത്രം പ്രവർത്തിക്കുന്നുവോ, ഭോഗത്തെ തിരസ്കരിച്ച് പുരുഷാർത്ഥപ്രാപ്തിയെ ഇച്ഛിക്കുന്നുവോ, അദ്ദേഹം പണ്ഡിതനാണ്.

7. തന്റെ കഴിവിനനുസരിച്ച് മാത്രം ചെയ്യുവാൻ ആഗ്രഹിക്കുക, തന്റെ കഴിവ് മുഴുവനും ഉപയോഗിച്ച് പ്രവർത്തിക്കുക, ഒന്നിനേയും നിസ്സാര മായി കണക്കാക്കാതിരിക്കുക.

8. വളരെനേരം കേട്ടുകൊണ്ടിരിക്കുക, എളുപ്പത്തിൽ കാര്യങ്ങൾ മന സ്സിലാക്കുക, സാരം ഗ്രഹിച്ചതിനുശേഷം പ്രവർത്തിക്കുക, തന്നോടു ചോദിക്കാതെ അന്യരുടെ കാര്യങ്ങളിൽ ഇടക്ക് കടന്ന് പറയാതിരിക്കുക.

9. കിട്ടാത്തതിൽ ആഗ്രഹിക്കാതിരിക്കുക, നഷ്ടപ്പെട്ടതിൽ ദുഃഖിക്കാ തിരിക്കുക, ആപത്തിൽ മനസ്സ് പതറാതിരിക്കുക.



Scanned with CamScanner

10. നല്ലവണ്ണം ആലോചിച്ചുറച്ചതിനുശേഷം പ്രവർത്തനമാരംഭിക്കുക. ആരംഭിച്ച പ്രവർത്തനങ്ങൾ ഇടയിൽവച്ച് നിർത്താതിരിക്കുക സമയം വ്യർത്ഥമാക്കാത്ത ആത്മനിയന്ത്രണമുള്ളവനായിരിക്കുക.

11. സത്കർമ്മങ്ങൾ ചെയ്യുന്നതിൽ തങ്ങൾക്ക് ഹിതമായ കാര്യങ്ങൾ ചെയ്യുന്നവരിൽ അലോഹ്യം കാണിക്കാതിരിക്കുക.

12. തന്നെ സ്തുതിച്ചാൽ സന്തോഷിക്കുകയോ, അപമാനിച്ചാൽ സന്ത പിക്കുകയോ ചെയ്യാതെ, ഗംഗാനദിയിലെ കയംപോലെ മനസ്സ് അക്ഷോ ഭ്യമായിരിക്കുക.

13. സകല ഭൗതിക പദാർത്ഥങ്ങളുടേയും രഹസ്യം അറിയുക, സകല കർമ്മങ്ങളുടേയും പ്രയോഗവിധി അറിയുക, മനുഷ്യരെ പരമാവധി ഉപ യോഗിക്കേണ്ട രീതി അറിയുക.

14. ഏതൊരു പുരുഷന്റെ വചസ്സുകൾ സുസ്ഥാപിതങ്ങളാണോ, പ്രഭാ ഷണം രസാവഹമായ ശൈലിയിലുള്ളതാണോ, തർക്കത്തിൽ നിപുണ നാണോ, പ്രതിഭാശാലിയാണോ, ഗ്രന്ഥത്തിന്റെ വ്യാഖ്യാനം എളുപ്പം ചെയ്യുവാൻ സമർത്ഥനായ പുരുഷനെ മാതൃകയാക്കുക.

15. ഏതൊരു പുരുഷന്റെ അറിവ് ബുദ്ധിയെ അനുസരിക്കുന്നുവോ, ശ്രേഷ്ഠന്മാരാൽ ആചരണീയമായ മര്യാദകൾ ഉല്ലംഘിക്കുന്നില്ലയോ, ആ പുരുഷശ്രേഷ്ഠനാണ് പണ്ഡിതൻ.

16. അഭ്യസ്ഥവിദ്യനല്ലാതിരുന്നിട്ടും ഗർവ്വിയായവൻ, ദരിദ്രനായിരു ന്നിട്ടും ആകാശക്കോട്ടകൾ കെട്ടുന്നവൻ, യാതൊരു പ്രവൃത്തിയും ചെയ്യാതിരുന്ന് ധനം സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നവൻ - ഇത്തര ക്കാർ മൂർഖന്മാരാണ്.

17. സ്വന്തം കർത്തവ്യത്തെ ഉപേക്ഷിച്ച് അന്യന്റെ കർത്തവ്യം ആചരി ക്കുന്നവനും, സ്വന്തം സുഹൃത്തിനോട് ദുരാചാരം ചെയ്യുന്നവനും മൂഢ നാണെന്ന് അറിയുക.

18. ഇങ്ങോട്ട് സ്നേഹിക്കാത്തവരെ അങ്ങോട്ടു സ്നേഹിക്കുക, ഇങ്ങോട്ട് സ്നേഹിക്കുന്നവരെ പരിത്യജിക്കുക, ബലവാന്മാരുമായി വൈര ത്തിൽ വർത്തിക്കുക - ഇവരെ മൂഢബുദ്ധികളായിട്ടാണ് അറിയേണ്ടത്.

19. ശത്രുവിനെ മിത്രമായി കരുതുന്നവനും, മിത്രത്തെ ദ്വേഷിച്ച് കഷ്ട പ്പെടുത്തുന്നവനും, ദുഷ്കർമ്മങ്ങൾചെയ്യുന്നവനും മൂഢരാണ്.

20. ഞാൻ ചെയ്യുന്ന പണികളെപ്പറ്റി പറഞ്ഞുപരത്തുന്നവൻ, എല്ലായി ടത്തും സംശയം ദർശിക്കുന്നവൻ, എളുപ്പത്തിൽ ചെയ്തുതീർക്കാവുന്ന പണിയും വളരെ താമസിച്ചുമാത്രം ചെയ്യുന്നവൻ, ഇവൻ മൂഢനാണ്.



Scanned with CamScanner

21. ഏതൊരുവൻ പിതൃക്കൾക്കായി ശ്രാദ്ധവും ദേവതകൾക്കായി പൂജ കളും നടത്തുന്നില്ലയോ, ഏതൊരുവന് മിത്രങ്ങളെ ലഭിക്കുന്നില്ലയോ, അവനെ മൂഢബുദ്ധിയെന്ന് അറിഞ്ഞുകൊള്ളുക.

22. വിളിക്കാതെ അകത്തേക്ക് കയറി ചെല്ലുന്നവൻ, ചോദി ക്കാതെതന്നെ വളരെയധികം സംസാരിക്കുന്നവൻ, അവിശ്വാസനീയരാ യവരെ വിശ്വസിക്കുന്നവൻ, ഇവർ മൂഢബുദ്ധികളാണ്.

23. അന്യരെപ്പറ്റി പലവിധ ദോഷങ്ങൾ പറഞ്ഞുനടക്കുകയും സ്വയം ആ പ്രവൃത്തികൾതന്നെ ചെയ്യുകയും, താൻ അസമർത്ഥനായിരുന്നി ട്ടും അന്യരുടെമേൽ കോപിക്കുകയും ചെയ്യുന്നവൻ മഹാമൂഢരാണ്.

24. സ്വന്തം കഴിവുകളെ മനസ്സിലാക്കാതെ, ധർമ്മാർത്ഥവിരുദ്ധവും ലഭി ക്കുവാൻ അയോഗ്യവുമായി വസ്തുക്കളെ യാതൊരു കർമ്മവും ചെയ്യാ തെതന്നെ കൈക്കലാക്കണമെന്ന് ആഗ്രഹിക്കുന്നവൻ മൂഢൻതന്നെ.

25. അർഹിക്കാത്തവനെ ഉപദേശിക്കുകയും ശൂന്യത്തെ ഉപാസിക്കു കയും കൃപണനെ ആശ്രയിക്കുകയും ചെയ്യുന്നവൻ മൂഢബുദ്ധിയാണ്.

26. ഏതൊരാൾ ധാരാളം വിദ്യയും ഐശ്വര്യവും സമ്പാദിച്ചുകൂട്ടി യാതൊരു അഹങ്കാരവും കൂടാതെയിരിക്കുന്നവനെ അനുകരിക്കുക.

27. ഏകനായിട്ട് മൃഷ്ടാനം ഭുജിക്കുകയും ശോഭനമായ വസ്ത്രങ്ങൾ ധരിക്കുകയും എന്നാൽ ഇവയൊന്നുംതന്നെ തന്റെ ആശ്രിതർക്ക് നല്കാ തിരിക്കുകയും ചെയ്യുന്നവനിൽ കവിഞ്ഞ ദുഷ്ടൻ ഇല്ലതന്നെ.

28. ഒരുത്തൻ പാപകർമ്മങ്ങൾ ചെയ്യുന്നു. അതിന്റെ ഫലം അനുഭവി ക്കുന്നതോ പൊതുജനം. മദിച്ചുപുളഞ്ഞു നടക്കുന്നവൻ രക്ഷപ്പെടുന്നു. അതിന്നു സാഹചര്യം സൃഷ്ടിച്ചവൻമാത്രം ദോഷാരോപിതനാകുന്നു.

29. തൊടുത്തുവിടുന്ന ബാണം ഒരുവനെ കൊന്നേക്കാം കൊല്ലാതി രുന്നേക്കാം; എന്നാൽ ബുദ്ധിമാനിൽ നിന്ന് വിക്ഷേപിക്കപ്പെടുന്ന ബുദ്ധി ശക്തി രാജാവിനേയും രാഷ്ട്രത്തേയും നശിപ്പിക്കുന്നു.

30. ഒന്നുകൊണ്ട് രണ്ടിനെയും നിശ്ചയിച്ച്, നാലെണ്ണം കൊണ്ട് മൂന്നെ ണ്ണത്തെ വശത്താക്കുക. അഞ്ചെണ്ണത്തെ ജയിച്ച് ആറെണ്ണത്തെ അറിഞ്ഞ് ഏഴെണ്ണത്തെ ഉപേക്ഷിച്ച് സുഖമായി ജീവിക്കുക.

31. വിഷപാനീയം, അതു കുടിക്കുന്നവനെ, മാത്രമേ കൊല്ലുകയുള്ളൂ. തൊടുത്തുവിടപ്പെട്ട ശരം ഒരാളെ മാത്രമേ വധിക്കുകയുള്ളൂ. എന്നാൽ മന്ത്രിയുടെ ഉപരിപ്ലവാത്മകമായ - കുതന്ത്രപരമായ - ഉപദേശം രാജാ വിനെയും രാജ്യത്തേയും പ്രജകളേയും നിശ്ശേഷം നശിപ്പിക്കുന്നു.



Scanned with CamScanner

32. ഒറ്റക്ക് സ്വാദുള്ള പദാർത്ഥം ഭക്ഷിക്കരുത്, ഒറ്റക്ക് കാര്യവിചാരം ചെയ്ത് തീരുമാനമെടുക്കരുത് ഒറ്റക്ക് ദൂരയാത്ര ചെയ്യരുത്, കുറേപേർ ഉറങ്ങുന്നതിന്നിടയിൽനിന്ന് ഒരാൾമാത്രം എഴുന്നേല്ക്കരുത്.

33. സമുദ്രം തരണം ചെയ്യുവാൻ കപ്പൽ മാത്രമാണ് ഉപായം. അതു പോലെ സ്വർഗ്ഗപ്രാപ്തിക്കുള്ള ഉപായം സത്യം ഒന്നു മാത്രമാണ്.

34. ക്ഷമാശീലരായ പുരുഷരിൽ ഒരു ദോഷമേ ആരോപിക്കപ്പെടുന്നുള്ളൂ. രണ്ടാമതൊരു ദോഷത്തിന്റെ സംഭാവ്യതയേ അവരിൽ ഇല്ല. ആ ദോഷം: ക്ഷമാശാലികളെ അശക്തരായിട്ടാണ് ലോകം കണക്കാക്കുന്നത്.

35. ക്ഷമാശീലരായ പുരുഷന്മാരുടെ ഏകദോഷത്തെ ഒരു ദോഷമായി കരുതേണ്ടതില്ല. എന്തെന്നാൽ ക്ഷമയാണ് ഏറ്റവും വലിയ ശക്തി. അശക്തരുടെ ശക്തിയാണ് ക്ഷമ. ബലവാന്മാർക്ക് ഭൂഷണമാണ് ക്ഷമ.

36. ഈ ലോകത്തിൽ ക്ഷമ വശീകരണഗുണത്തോടുകൂടിയതാകുന്നു. ക്ഷമകൊണ്ട് എന്തൊന്നാണ് സാധ്യമാകാത്തത്! ശാന്തിയുടെ പടവാളേന്തിനില്ക്കുന്ന ഒരുവനെ ദുർജനങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും.

37. പുല്ലില്ലാത്തിടത്തു വീഴുന്ന തീപ്പൊരി തന്നെത്താൻ അണഞ്ഞുപോവുകയേ ഉള്ളൂ. ക്ഷമയില്ലാത്ത പുരുഷൻ തനിക്കുതന്നേയും മറ്റുള്ളവർക്കും ആപത്തു വരുത്തിവെക്കുന്നു.

38. ധർമ്മം ഒന്ന് മാത്രമാണ് പരമമായ ശ്രേയസ്സ്. ക്ഷമയാണ് ശാന്തി നേടുവാനുള്ള ഉത്തമമാർഗ്ഗം. വിദ്യമാത്രമാണ് പരമതൃപ്തിക്കുള്ള ഏകമാർഗ്ഗം. അഹിംസമാത്രമാണ് സുഖപ്രാപ്തിക്കുള്ള ഏകപന്ഥാവ്.

39. പോട്ടിനകത്ത് താമസിക്കുന്ന തവളയെ പാമ്പ് പിടികൂടിഭക്ഷിക്കുന്നതുപോലെ, ഈ ഭൂമി ശത്രുവിനെ വിരോധിക്കാത്ത രാജാവിനെയും, പരദേശവാസം ചെയ്യാത്ത പണ്ഡിതനേയും ഗ്രസിച്ചുകളയുന്നു.

40. രണ്ടുകാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണ് ഈ ലോകത്തിൽ പുരുഷന്മാർ പ്രത്യേകിച്ചും ശോഭിക്കുന്നത്: ഒന്ന്, പരുഷവാക്കുകൾ പറയാതിരിക്കൽ; രണ്ട് ദുർജ്ജനങ്ങളെ സേവിക്കാതിരിക്കൽ.

41. ഈ ലോകത്തിൽ രണ്ടുവിധത്തിലുള്ള ജനങ്ങളാണ് അന്യനെ വിശ്വസിച്ച് പ്രവർക്കുന്നവർ: ഒന്ന്, ഒരു സ്ത്രീയെ കാമിക്കുന്ന പുരുഷനെ കാമിക്കുന്ന അന്യസ്ത്രീകൾ; രണ്ട്, കുറച്ചുപേർ ബഹുമാനിക്കുന്ന ഒരു വ്യക്തിയെ ആരാധിക്കുന്ന ബഹുജനം.

42. ശരീരത്തെ ശോഷിപ്പിക്കുററ മൂർച്ചയുള്ള രണ്ടു മുള്ളുകളാണ്, ഒന്ന് ധനികനല്ലാതിരുന്നിട്ടും അനവധികാര്യങ്ങളിൽ ആഗ്രഹം വച്ചുപു



Scanned with CamScanner

ലർത്തലും രണ്ട്, യാതൊരു സാമർത്ഥ്യവുമില്ലാതിരുന്നിട്ടും സദാ കോപിച്ചുകൊണ്ടിരിക്കലും.

43. രണ്ടു തരക്കാർ തങ്ങളുടെ സ്ഥാനങ്ങൾക്ക് വിപരീതമായ കർമ്മങ്ങളെകൊണ്ട് ശോഭിക്കുന്നില്ല. ഒന്ന്, കർമ്മങ്ങൾ ആരംഭിക്കാത്ത ഗൃഹസ്ഥൻ; രണ്ട് പ്രാപഞ്ചീക കാര്യങ്ങളിൽ ഏർപ്പെടുന്ന ഭിക്ഷുസന്യാസി.

44. രണ്ടുതരത്തിലുള്ള പുരുഷന്മാരാണ് സ്വർഗ്ഗത്തിനുമേലെ സ്ഥിതി ചെയ്യുന്നത്: ഒന്ന്, ശക്തിയുള്ളവരായിരുന്നിട്ടും ക്ഷമാശീലരായിരിക്കുന്നവർ; രണ്ട്, ദരിദ്രരായിരുന്നിട്ടും ദാനശീലരായിരിക്കുന്നവർ.

45. ന്യായമായി ആർജ്ജിച്ച ധനത്തിന് രണ്ട് ദുരുപയോഗങ്ങളാണുള്ളത്. ഒന്ന്, അർഹിക്കാത്ത പാത്രത്തിലുള്ള ദാനം, രണ്ട് സത്പാത്രത്തിൽ ദാനം ചെയ്യാതിരിക്കൽ.

46. രണ്ടുതരക്കാരെയാണ് കഴുത്തിൽ കല്ല് കെട്ടി വെള്ളത്തിൽ താഴ്ത്തേണ്ടത്. ഒന്ന് ധനവാനായിരുന്നിട്ടും ദാനം ചെയ്യാത്തവൻ, രണ്ട് ദരിദ്രനായിരുന്നിട്ടും കഷ്ടതകൾ സഹിക്കാൻ തയ്യാറില്ലാത്തവൻ

47. രണ്ടുതരക്കാരാണ് സൂര്യമണ്ഡലത്തെ ഭേദിച്ചു സായൂജ്യം പ്രാപിക്കുന്നവർ, ഒന്ന്, യോഗയുക്തരായ സന്ന്യാസിമാർ; രണ്ട് യുദ്ധത്തിൽ എതിരാളിയോടു പൊരുതി മരണം വരിക്കുന്നവർ.

48. മൂന്നുവിധത്തിലുള്ള ന്യായമായ മാർഗ്ഗങ്ങളാണ് മനുഷ്യർക്ക് കാര്യസാദ്ധ്യത്തിനുള്ളത് : ഉത്തമം, മധ്യമം, അധമം ഇങ്ങനെയാണവ.

49. പുരുഷന്മാർ മൂന്നുവിധത്തിലാണ്. ഉത്തമമധ്യമാധമൻമാർ. ഇവരെ അവരവർക്കു യോജിച്ച കർമ്മങ്ങളിൽ നിയോഗിക്കേണ്ടതാണ്.

50. ഭാര്യ, പുത്രൻ, ദാസൻ ഇവർ ആർജ്ജിക്കുന്ന ധനം, ആരുടെ അധീനത്തിലാണോ ഇവർ ജീവിക്കുന്നത് ആ വ്യക്തിയുടേതാകുന്നു.

51. അന്യന്റെ സ്വത്ത് അപഹരിക്കൽ, പരദാരസ്പർശനം, സുഹൃത്പരിത്യാഗം ഈ മൂന്നു ദോഷങ്ങളും സ്വന്തം ഐശ്വര്യത്തിന്റെ ക്ഷയത്തിന്ന് കാരണങ്ങളായി ഭവിക്കുന്നു.

52. കാമം, ക്രോധം, ലോഭം എന്നിവ മൂന്നും നരകത്തിന്റെ മൂന്നു കവാടങ്ങളാണ്. അതുകൊണ്ട് ഈ മൂന്നു ദോഷങ്ങളും ത്യജിക്കേണ്ടതാകുന്നു.

53. വരം ലഭിക്കൽ, രാജ്യപ്രാപ്തി, പുത്രജനനം ഇവ മൂന്നും കൂടി ഒരുവശത്തും, വളരെ പ്രയാസപ്പെട്ടു ശത്രുവിൽനിന്ന് മോചനം സാധിക്കൽ മറുവശത്തും വെച്ചാൽ രണ്ടും സമമായി നില്ക്കും.



Scanned with CamScanner

54. തന്റെ ഭക്തനേയും, തന്നെ പരിചരിക്കുന്നവനേയും, അഭയം പ്രാപിച്ചവനേയും ഏതുവിഷമാവസ്ഥയിലും ത്യജിക്കരുത്.

55. അല്പബുദ്ധികൾ, ദീർഘസൂത്രികൾ, ദ്രുതഗതിയിൽ കാര്യങ്ങൾ ചെയ്തുതീർക്കുന്നവർ, മുഖസ്തുതി പറയുന്നവർ ഇത്തരം നാലുതരക്കാരുമായി രഹസ്യകാര്യങ്ങൾ ചർച്ച ചെയ്യരുത്.

56. ഗൃഹസ്ഥാശ്രമിയായ സമ്പന്നൻ തന്റെ വീട്ടിൽ നാലു തരത്തിലുള്ളവരെ സംരക്ഷിക്കണം. ബന്ധുവായ വൃദ്ധൻ, ദുരവസ്ഥയിലായ കുലീനൻ, ദരിദ്രനായ സുഹൃത്ത്, സന്തതിയില്ലാത്ത സഹോദരി.

57. ഉടൻതന്നെ ഫലം നല്കുന്ന നാലു കാര്യങ്ങൾ ഏവയെന്നു ദേവേന്ദ്രൻ ചോദിച്ചതിനു ബൃഹസ്പതി ഉത്തരം പറയുന്നത് ഇങ്ങനെയാണ്. അതു ഞാൻ അങ്ങേക്കു പറഞ്ഞുതരാം. കേട്ടോളൂ.

58. ദേവതകളുടെ സങ്കല്പം, ബുദ്ധിമാന്മാരുടെ പ്രഭാവം, വിദ്വാന്മാരുടെ വിനയം, പാപികളുടെ വിനാശം ഇവയാണ് നാലു കാര്യങ്ങൾ.

59. നാലുകർമ്മങ്ങൾ ഭയത്തെ അകറ്റുന്നവയാണ്. എന്നാൽ ഈ കർമ്മങ്ങൾതന്നെ യഥാവിധി നിർവ്വഹിക്കപ്പെട്ടില്ലെങ്കിൽ ഭയത്തെ ഉളവാക്കുന്നവയുമാണ്. ഇവയാണ് ശ്രദ്ധയോടുകൂടി അഗ്നിഹോത്രം. ശ്രദ്ധയോടുകൂടി മൗനവ്രതപാലനം, ശ്രദ്ധയോടുകൂടി പഠനം, ശ്രദ്ധയോടുകൂടിയ യജ്ഞനിർവ്വഹണം.

60. പിതാവ്, മാതാവ്, അഗ്നി, ആത്മാവ്, ഗുരു എന്നീ അഞ്ച് അഗ്നികളെ പുരുഷൻ വളരെ പ്രയാസപ്പെട്ടും ശുശ്രൂഷിക്കേണ്ടതാകുന്നു.

61. ദേവതകൾ പിതൃക്കൾ, മനുഷ്യർ, ഭിക്ഷുക്കൾ, അതിഥികൾ ഇവ അഞ്ചുപേരെ പൂജിക്കുന്നവർക്ക് നിശ്ചയമായും യശസ്സുണ്ടാകും.

62. മിത്രം, ശത്രു, ഉദാസീനൻ, ആശ്രയം കൊടുക്കുന്നവൻ, ആശ്രയം തേടുന്നവൻ ഈ അഞ്ചു പേർ, അങ്ങയെ അനുഗമിക്കുന്നു.

63. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയ മനുഷ്യന്റെ ഏതെങ്കിലും ഒരു ഇന്ദ്രിയത്തിനു ഛേദം സംഭവിക്കുകയാണെങ്കിൽ, ആ ദ്വാരത്തിൽകൂടി അവന്റെ ബുദ്ധി, ഓട്ടപ്പാത്രത്തിൽനിന്നു വെള്ളം ചോരുന്നതുപോലെ ഒഴുകിപ്പോകുന്നു.

64. ശ്രേയസ്സ് ആഗ്രഹിക്കുന്ന പുരുഷൻ ആറ് ദോഷങ്ങളെ പരിത്യജിക്കേണ്ടതാണ്. ഉറക്കം, മടി, ഭയം, ക്രോധം, ആലസ്യം, ദീർഘസൂത്രത ഇവയാണ് ഈ ആറു ദോഷങ്ങൾ.



Scanned with CamScanner

65. ഉപേക്ഷിക്കേണ്ടിയിരിക്കുന്ന ആറുപേർ, ഉപദേശങ്ങൾ തരാത്ത ആചാര്യൻ, മന്ത്രോച്ചാരണം ചെയ്യാത്ത ഹോതാവ്, രക്ഷിക്കാൻ അശക്തനായ രാജാവ്. അപ്രിയം പറയുന്ന ഭാര്യ, ഗ്രാമത്തിൽ താമസിക്കാൻ ആഗ്രഹിക്കുന്ന പശുപാലൻ, വനത്തിൽ താമസിക്കാനാഗ്രഹിക്കുന്ന ക്ഷൗരകൻ എന്നിവരാണ്.

66. മനുഷ്യൻ ആറ് ഗുണങ്ങളെ ഒരിക്കലും ഉപേക്ഷിക്കരുത്. സത്യം, ദാനം, അനാലസ്യം, ശുഷ്കാന്തി, അനസൂയ, ക്ഷമ, ധൈര്യം എന്നിവയാണ് ഈ ആറു ഗുണങ്ങൾ.

67. ഈ ലോകത്തിൽ ജീവിക്കുന്നവൻ അനുഭവിക്കേണ്ടത് ആറുസുഖങ്ങളാണ്. സമ്പത്തിന്റെ വർദ്ധനവ്, രോഗപീഡകൾ ഇല്ലായ്മ, സ്നേഹമുള്ളവളും അനുകൂലമായി സംസാരിക്കുന്നവളുമായ ഭാര്യ, പറഞ്ഞതുകേട്ടുനടക്കുന്ന മകൻ, താൻ പഠിച്ച വിദ്യകൊണ്ട് ധനം സമ്പാദിക്കുവാനുള്ള കഴിവ് എന്നിവയാണ് ഈ ആറ് ഐഹിക സുഖങ്ങൾ.

68. മനസ്സിൽ സദാ വിഹരിക്കുന്ന കാമ, ക്രോധ, ലോഭ, മോഹ, മദ, മാത്സര്യം എന്നിവകളിന്മേൽ ഏതൊരുവൻ ആധിപത്യം, സാധിച്ചിരിക്കുന്നുവനെ പിന്നെ യാതൊരു പാപവും സ്പർശിക്കുന്നേയില്ല.

69. കള്ളന്മാർ അശ്രദ്ധരിൽ കൂടിയും, വൈദ്യന്മാർ രോഗികളിൽകൂടിയും, കാമാസക്തകൾ വിഷലമ്പടരിൽകൂടിയും, യാചകർ യജമാനരിൽകൂടിയും, പണ്ഡിതന്മാർ മൂർഖന്മാരിൽകൂടിയും ജിവിക്കുന്നു.

70. അല്പനേരത്തെ അശ്രദ്ധകൊണ്ട് ആറു സ്വത്തുകൾ നഷ്ടപ്പെടുന്നു: പശു, പരിചാരകൻ, വിള, ഭാര്യ, വിദ്യ, താഴ്ന്നവനുമായിട്ടുള്ള ബന്ധം ഇവയാണ് ആറു സ്വത്തുകൾ.

71. ആറുപേർ തങ്ങളുടെ പൂർവോപകാരികളെ ആദരിക്കാറില്ല. പഠിത്തം അവസാനിച്ച ശിഷ്യൻ ആചാര്യനെ, വിവാഹിതനായ മകൻ മാതാവിനെ, കാമപൂർത്തിവന്ന പുരുഷൻ സ്ത്രീയെ, കാര്യം സാധിച്ചു കഴിഞ്ഞ പുരുഷൻ തന്റെ സഹായിയെ, നദി മറുകര കടന്നശേഷം തോണിയെ, രോഗവിമുക്തനായവൻ വൈദ്യനെ, സ്മരിക്കാറില്ല.

72. രോഗവിമുക്തമായുള്ള അവസ്ഥ, കടക്കാരനല്ലാതിരിക്കൽ, പരദേശവാസിയാകാതിരിക്കൽ, നല്ല മനുഷ്യരുമായിട്ടുള്ള സുഹൃദ്ബന്ധം, സ്വന്തം പ്രയത്നംകൊണ്ടുള്ള ഉപജീവനം, ഭയരഹിതമായ ജീവിതം, ഈ ആറെണ്ണമാണ് മനുഷ്യജീവിതത്തിലെ സുഖങ്ങൾ.

73. ഈർഷ്യവെച്ചു പുലർത്തുന്നവൻ, വെറുപ്പ് വളർത്തിക്കൊണ്ടുവരുന്നവൻ, സദാ അസന്തുഷ്ടനായിരിക്കുന്നവൻ, എല്ലായിപ്പോഴും



Scanned with CamScanner

കോപിക്കുന്നവൻ, എപ്പോഴും ശങ്കിക്കുന്നവൻ, അന്യരുടെ ഭാഗ്യത്തെ ആശ്രയിച്ചു ജീവിക്കുന്നവൻ, ഇവർ നിത്യദുഃഖിതരായിക്കഴിയുന്നു.

74. വ്യസനത്തെ വരുത്തിവെക്കുന്നതും, നാശഹേതുവുമായ ഏഴു ദോഷങ്ങളെ സദാ ത്യജിക്കേണ്ടതാകുന്നു. സ്ത്രീസേവാ, ചൂതുകളി, മദ്യപാനം, നായാട്ട്, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദുർവ്യയം ഇവയാകുന്നു ആ ഏഴു ദോഷങ്ങൾ.

75. വിനാശ ഗർത്തത്തിലേക്കു വീഴുവാൻ തയ്യാറായി നില്ക്കുന്ന മനുഷ്യനിൽ എട്ടു പൂർവ്വലക്ഷണങ്ങൾ കാണാം. ആദ്യമായി അവൻ പണ്ഡിതരെ ദ്വേഷിക്കാൻ തുടങ്ങും. പിന്നെ അവരുടെ രോഷത്തിനു പാത്രമാകും. പിന്നീട് അവൻ ശ്രേഷ്ഠന്മാരുടെ സ്വത്ത് വല്ലവിധേനയും കൈക്കലാക്കും. അതിനുശേഷം അവരെ വധിക്കുവാൻ കൂടി ശ്രമിക്കും. പണ്ഡിതരെ നിന്ദിക്കുന്നതിൽ അവൻ ആനന്ദമനുഭവിക്കും. അവരെ പ്രശംസിക്കുന്നതു കേട്ടാൽ അവന് അസഹനീയത തോന്നും. യജ്ഞാദി കർമ്മങ്ങളിൽ അവൻ പണ്ഡിതരെ സ്മരിക്കപോലുമില്ല. ബ്രാഹ്മണർ ഭിക്ഷ സ്വീകരിക്കുന്നതിൽ ഇവൻ ദോഷമാരോപിക്കും. ഇവയാണ് ആ എട്ടുലക്ഷണങ്ങൾ.

76. എട്ട് സുഖങ്ങളാണ് ലൗകിക ജീവിതത്തിൽ എന്നും പുതുമയാർജ്ജിച്ചുകൊണ്ട് വർത്തിക്കുന്നത്. അവ സ്നേഹിതന്മാരുമായുള്ള പുനഃസമാഗമം, ധാരാളം സ്വത്ത് കൈവരൽ, പുത്രനെ ആലിംഗനം ചെയ്യൽ, മൈഥുനാവസാനത്തിലുള്ള തളർന്നുവീഴൽ, സന്ദർഭോചിതമായ പ്രിയാവചനം, സ്വന്തം സമുദായത്തിൽ ഔന്നത്യം പ്രാപിക്കൽ, അഭീഷ്ടവസ്തുപ്രാപ്തി, ജനസദസ്സിൽ ബഹുമാനിതനാകൽ.

77. പുരുഷന്റെ കീർത്തിയെ വർദ്ധിപ്പിക്കുന്നത് എട്ടു ഗുണങ്ങളാണ്. ബുദ്ധിശക്തി, കുലീനത, മനോനിയന്ത്രണം, ശാസ്ത്രജ്ഞാനം, പരാക്രമം, മിതഭാഷിത്വം, സ്വശക്തിക്കനുസരിച്ചുള്ള ദാനതല്പരത, കൃതജ്ഞത.

78. ഏതൊരു പണ്ഡിതൻ ഈ ശരീരത്തെ ഒമ്പതു ദ്വാരങ്ങളോടുകൂടിയതും, മൂന്നു (വാതാപിത്തകഫ) സ്തംഭങ്ങളോടു കൂടിയതും, അഞ്ചു ജ്ഞാനേന്ദ്രിയങ്ങളാകുന്ന സാക്ഷികളോടുകൂടിയതും, ആത്മാവിന്റെ നിവാസസ്ഥാനവുമാകുന്നു എന്ന് അറിയുന്നുവൻ മഹാജ്ഞാനിയാകുന്നു.

79. മദ്യപിച്ചവൻ, അഹങ്കാരി, ഭ്രാന്തൻ, ക്ഷീണിതൻ, ക്രോധാക്രാന്തൻ, വിശന്നു വലഞ്ഞവൻ, തിടുക്കം പിടിച്ചോടുന്നവൻ, ലോഭത്തിനു വശംവദനായവൻ, ഭയഭീതൻ, കാമാന്ധൻ. ഇവരിൽനിന്ന് ധർമ്മാനുസൃതമായ പ്രവൃത്തികൾ പ്രതീക്ഷിച്ചുകൂടാ.



Scanned with CamScanner

പ്രഹ്ളാദൻ നൽകിയ ഉപദേശം വിദുരൻ ഉദ്ധരിക്കുന്നു.

80. ഏതൊരു രാജാവാണോ കാമക്രോധങ്ങളെ പരിത്യജിച്ചു ധനത്തെ സത്പാത്രത്തിൽ പ്രതിഷ്ഠിച്ച്, ശാസ്ത്രത്തെ നന്നായറിയുന്നവനും, കാര്യങ്ങൾ വേഗത്തിൽ നിർവഹിക്കുവാൻ കഴിവുള്ളവനും ആയി വർത്തിക്കുന്നവനെ ഈ ലോകത്തിലെ സകലരും അംഗീകരിക്കുന്നു.

81. തങ്ങളുടെ പ്രജകളുടെ വിശ്വാസത്തെ ആർജ്ജിക്കുവാൻ സമർത്ഥനായവനും, സ്ഥിരീകരിക്കപ്പെട്ട കുറ്റങ്ങൾക്ക് അർഹിക്കുന്നത്രമാത്രം ശിക്ഷ നൽകുവാൻ കരുത്തുള്ളവനും ക്ഷമിക്കേണ്ട പരിധിവരെ ക്ഷമിക്കുവാൻ സന്മനസുള്ളവനുമായ രാജാവിനെ സമ്പൂർണ്ണമായ ഐശ്വര്യം സദാ സേവിച്ചുകൊണ്ട് നിൽക്കുന്നു.

82. ദുർബലന്മാരെ ഒരിക്കലും അപമാനിക്കാത്തവരും ബലവാന്മാരോട് യുദ്ധം ചെയ്യാൻ ആഗ്രഹിക്കാത്തവരും, വേണ്ട സമയത്ത് സ്വന്തം പരാക്രമത്തെ കാണിക്കാൻ കഴിവുള്ളവരുമാണ് ധീരന്മാർ.

83. ആപത്തിലകപ്പെടുമ്പോൾ ഒരിക്കലും ദുഃഖത്തിന്നടിമയാകാതെ പ്രത്യുത, യാതൊരു ബുദ്ധിഭ്രമവും കൂടാതെ പരിശ്രമശീലത്തോടെ ആവശ്യമായ സന്ദർഭങ്ങളിൽ ദുഃഖം സഹിക്കാനുള്ള സഹനശക്തിയോടു കൂടി പ്രവർത്തിക്കുന്നവന്റെ ശത്രുക്കൾ നിശ്ചയമായും പരാജിതരാവും.

84. അനാവശ്യമായ പരദേശവാസം, പാപന്മാരുമായുള്ള കൂട്ടുകെട്ട്, പരദാരഗമനം, അഹങ്കാരത്തോടെയുള്ള പെരുമാറ്റം, കളവ്, ചതി, മദ്യപാനം, ഈ വകയൊന്നും ചെയ്യാത്തവൻ സദാ സുഖമായി ജീവിക്കുന്നു.

85. ഏതൊരുവൻ ചോദിക്കപ്പെടുമ്പോൾ യാഥാർത്ഥ്യം തുറന്നു പറയുന്നുവോ, സുഹൃത്തിനുവേണ്ടി വാഗ്വാദം ഒഴിവാക്കുന്നുവോ, ആദരവ് കിട്ടാതിരുന്നാലും കോപിക്കാതിരിക്കുന്നുവോ, സദാ വിവേകം കൈവിടാതെ പെരുമാറുന്നുവോ, അന്യരുടെ ദോഷങ്ങളെ കാണാൻ ഇഷ്ടപ്പെടാതിരിക്കുന്നുവോ, സർവ്വരിലും ദയയോടെ വർത്തിക്കുന്നുവോ, സ്വയം ദുർബലനായിരിക്കെ മറ്റൊരാൾക്ക് ജാമ്യം നില്ക്കാതിരിക്കുന്നുവോ, ഉച്ചത്തിൽ സംസാരിക്കുന്നുവോ, അന്യരുടെ വാദമുഖത്തെ ക്ഷമയോടെ കേൾക്കുവാൻ തയ്യാറാകുന്നുവോ, അത്തരത്തിലുള്ളവർ എങ്ങും പ്രശംസനീയരായിത്തന്നെയിരിക്കുന്നു.

86. ഏതൊരുവൻ ഔദ്ധത്യത്തോടെ വേഷധാരണം ചെയ്യുന്നില്ലയോ, അന്യരോട് തന്റെ പൗരുഷത്തെപ്പറ്റി ആത്മപ്രശംസ ചെയ്യുന്നില്ലയോ, കോപാവിഷ്ടനാകുമ്പോൾകൂടി കടുത്ത വാക്കുകൾ പറയാതിരിക്കുന്നുവോ ആ പുരുഷനെ ലോകം സ്നേഹത്തോടെ സ്വീകരിക്കുന്നു.



Scanned with CamScanner

87. ഏതൊരുവൻ ശാന്തമായിത്തീർന്ന വൈരത്തിന്റെ അഗ്നിയെ വീണ്ടും ജ്വലിപ്പിക്കാതിരിക്കുന്നുവോ, ആരോടും അഹങ്കരിക്കാതെ ജീവിക്കുന്നുവോ, അന്യരിൽ ദോഷത്തെ കണ്ടുപിടിക്കാതിരിക്കുന്നുവോ, താൻ ആപത്തിലകപ്പെട്ടിരിക്കുന്നുവെന്നു കരുതി അനുചിതമായ കർമ്മങ്ങൾ ചെയ്യാതിരിക്കുന്നുവോ, അത്തരം ഉത്തമശീലനെ വിദ്വാന്മാർ ശ്രേഷ്ഠപുരുഷനായി അംഗീകരിക്കുന്നു.

88. ഏതൊരുവൻ സ്വന്തം സുഖത്തിൽ മതിമറന്നാഹ്ലാദിക്കുന്നില്ലയോ, അന്യരുടെ ദുഃഖത്തിൽ സന്തോഷിക്കാതിരിക്കുന്നുവോ, ദാനം ചെയ്തതിനുശേഷം അതിനെപ്പറ്റി വിചാരപ്പെടാതിരിക്കുന്നുവോ, അത്തരത്തിലുള്ള വ്യക്തി സത്പുരുഷനാണ്.

89. ഏതൊരുവൻ അതാതുദേശത്തെ വ്യവഹാരരീതികൾ, അചാരമര്യാദകൾ, ജാതികർമ്മങ്ങൾ, ഇത്യാദികൾ അറിഞ്ഞുവെക്കുന്നുവോ അദ്ദേഹം ലോകകാര്യങ്ങളെപ്പറ്റി അറിവുള്ളവനായിത്തീരുന്നു. തന്മൂലം അദ്ദേഹം ജനങ്ങളുടെ ഇടയിൽ തന്റെ ആധിപത്യം സ്ഥാപിക്കുന്നു.

90. ഏതൊരു ബുദ്ധിമാൻ ദംഭം, മോഹം, മാത്സര്യം, പാപകർമ്മങ്ങൾ, രാജദ്രോഹം, പരവഞ്ചന, സാമുദായിക വൈരം, ഇവകൾ ചെയ്യാതിരിക്കുന്നുവോ, മദ്യപാനി ഉന്മത്തൻ, ദുർജ്ജനങ്ങൾ എന്നിവരുമായി വാഗ്വാദത്തിൽ ഏർപ്പെടാതിരിക്കുന്നുവോ, അദ്ദേഹം ശ്രേഷ്ഠൻതന്നെ.

91. ദാനം, ഹോമം, ദേവാർച്ചന, മംഗളകർമ്മങ്ങൾ, പ്രായശ്ചിത്തം ഇത്യാദി ലൗകികാചാരാനുസൃതമായ കർമ്മങ്ങൾ മുറയ്ക്കനുഷ്ഠിക്കുന്നവനെ ദേവതകൾ അഭ്യുദയത്തിലെത്തിക്കുന്നു.

92. സമാനകുടുംബങ്ങളുമായി വിവാഹബന്ധത്തിലേർപ്പെടണം. സമന്മാരുമായി മാത്രം ചങ്ങാത്തത്തിലും വർത്തമാനം പറയലിലും ഏർപ്പെടണം. ഈ വകയൊന്നും ഹീനന്മാരുമായി ഒരിക്കലും ചെയ്യുകയുമരുത്. വിശിഷ്ടഗുണവാന്മാരെ എപ്പോഴും മുന്നിൽ ഇരുത്തണം. വിദ്വാന്മാരുടെ ഇത്തരംനയം ഉത്തമമാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

93. ഏതൊരുവൻ തന്റെ ആശ്രിതർക്ക് പങ്കുവെച്ചുകൊടുത്ത് താൻ മിതമായി മാത്രം ഭുജിക്കുന്നുവോ, പാകത്തിൽ മാത്രം ഉറങ്ങി ധാരാളം പണിയെടുക്കുന്നുവോ, അഭ്യർത്ഥിക്കുന്നവൻ മിത്രമല്ലെങ്കിൽകൂടി അയാൾക്ക് ധനസഹായം ചെയ്യുന്നുവോ, അപ്രകാരമുള്ള മഹാത്മാവായ പുരുഷനെ അനർത്ഥങ്ങൾ ദൂരെ ത്യജിക്കുന്നു.

94. സ്വന്തം താല്പര്യങ്ങൾക്ക് അനുസൃതമായതും എന്നാൽ അന്യർക്ക് എതിർപ്പുള്ളതുമായ പ്രവൃത്തികളെ, മറ്റുള്ളവർ ഒട്ടുംതന്നെ അറിയുവാൻ



Scanned with CamScanner

ഇടയാകാത്ത വിധത്തിൽ വളരെ രഹസ്യമായി ആലോചിച്ചു വേണ്ടവിധത്തിൽ ചെയ്തു തീർക്കുന്നതായാൽ സ്വന്തം കാര്യങ്ങൾക്ക് അല്പം പോലും വീഴ്ച വരുന്നതല്ല.

95. ഏതൊരുവൻ സകല ജീവജാലങ്ങൾക്കും ശാന്തിയും സമാധാനവും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നുവോ, സത്യസന്ധനും മൃദുല സ്വഭാവിയും അന്യരെ ആദരിക്കുന്നതിൽ തല്പരനും ശുദ്ധനുമായ സ്വഭാവത്തോടുകൂടിയവനും ആകുന്നുവോ, അദ്ദേഹം രത്നത്തെപ്പോലെ സ്വജനസമൂഹത്തിൽ പ്രസന്നതയോടെ ശോഭിക്കുന്നു.

96. ഏതൊരു പുരുഷൻ സ്വയംതന്നെ സുശീലനായി വർത്തിക്കുന്നുവോ, അദ്ദേഹം സകലരിലും വെച്ച് ശ്രേഷ്ഠനായി പരിഗണിക്കപ്പെടുന്നു. അദ്ദേഹം തന്റെ തേജസ്സുകൊണ്ടും വിശുദ്ധഹൃദയംകൊണ്ടും ഏകാഗ്രതകൊണ്ടും ശോഭിക്കുന്നു.

97. ഏതൊരുവൻ ആരുടെ പരാജയത്തെ ഇച്ഛിക്കുന്നില്ലയോ, അവരെ സംബന്ധിക്കുന്ന ശുഭമോ അശുഭമോ, പ്രിയമോ അപ്രിയമോ ആയ യാഥാർത്ഥ്യങ്ങളെ എല്ലാം ചോദിക്കാതെ തന്നെ അവരോട് പറയേണ്ടത് അയാളുടെ കർത്തവ്യമാകുന്നു.

98. അസത്യങ്ങളായ കർമ്മങ്ങളുപയോഗിച്ച് കാപട്യത്തിൽകൂടെ നേടിയിട്ടുള്ള രാജ്യത്തിലും സമ്പത്തിലും മനസ്സ് വെച്ചുകൊണ്ടിരിക്കരുത്.

99. സദുപായങ്ങൾ ഉപയോഗിച്ച് വേണ്ടവിധത്തിൽ ചെയ്യപ്പെടുന്ന പ്രവൃത്തികൾ കൂടി വേണ്ടത്ര ഫലപ്രദമായിത്തീരുന്നില്ലെങ്കിൽപ്പോലും ബുദ്ധിമാനായ പുരുഷന്റെ മനസ്സ് ഒരിക്കലും കുണ്ഠിതപ്പെടാറില്ല.

100. ഏതെങ്കിലും ഉദ്ദേശത്തെ മുൻനിർത്തി ചെയ്യുന്ന കർമ്മങ്ങളിൽ അവയുടെ അനന്തരഫലത്തെപ്പറ്റി വേണ്ടപോലെ മുൻകൂട്ടിത്തന്നെ അറിഞ്ഞിരിക്കണം. നല്ലപോലെ വിചാരവിമർശനം ചെയ്തതിനുശേഷമേ പ്രവൃത്തിക്കാവൂ. ദ്രുതഗതിയിൽ ഒരിക്കലും പ്രവൃത്തിക്കയുമരുത്.

101. ധീരനായ പുരുഷൻ ആദ്യമായി താൻ ചെയ്യാൻ പോകുന്ന പ്രവൃത്തിയുടെ പ്രയോജനത്തെപ്പറ്റിയും അനന്തരഫലത്തെപ്പറ്റിയും അതിൽകൂടിയുള്ള ഉന്നതിയുടെ സാദ്ധ്യതയെപ്പറ്റിയും വേണ്ടപോലെ ചിന്തിച്ച് വിലയിരുത്തിയിട്ടുവേണം പ്രവൃത്തി ആരംഭിക്കാൻ.

102. തന്റെ രാജ്യത്തിലെ പ്രജകളുടെ സ്ഥിതി, ലാഭം, നഷ്ടം, ഭണ്ഡാരം, ജനപദം, ശിക്ഷാരീതി എന്നിവകളുടെ കൃത്യമായ അളവുകൾ അറിയാത്ത രാജാവ് ആ രാജ്യത്ത് അധികകാലം നിലനില്ക്കുകയില്ല.



Scanned with CamScanner

103. ഏതൊരു രാജാവ് ഈ പ്രമാണങ്ങൾ ശരിയായി അറിയുന്നുവോ, പ്രത്യേകിച്ചും ധർമ്മം അർത്ഥം എന്നീ വിഷയങ്ങളിൽ വേണ്ടത്ര ജ്ഞാനം നേടിയിരിക്കുന്നുവോ ആ രാജാവിന് മാത്രമേ തന്റെ രാജ്യത്തിൽ സ്ഥായിയായ പ്രതിഷ്ഠ ലഭിക്കുകയുള്ളൂ.

104. രാജ്യം കിട്ടിക്കഴിഞ്ഞുവല്ലോ എന്നു കരുതി അനുചിതമായ പ്രവൃത്തികൾ ആരംഭിക്കരുത്. വിനയശൂന്യത ഐശ്വര്യത്തെ വളരെ വേഗത്തിൽ നശിപ്പിക്കുന്നു.

105. മത്സ്യം നല്ല സ്വാദുള്ളതായ ഇരയെ അതിൽ ഒളിഞ്ഞിരിക്കുന്ന ഇരുമ്പിൻചൂണ്ട കാണാതെ അത്യാഗ്രഹംകൊണ്ടു കൊത്തിവിഴുങ്ങുന്നു. അതിന്റെപിന്നിൽ കെട്ടിയിരിക്കുന്ന ചരടിനെയും മത്സ്യം കാണുന്നില്ല.

106. ശ്രേയസ്സിനെ കാംക്ഷിക്കുന്നവൻ വായിൽ കൊള്ളാവുന്നതിനെ മാത്രം ഗ്രസിക്കണം, ഗ്രസിച്ചതിനെ പചിപ്പിക്കുവാൻ സാധിക്കണം, പചിപ്പിക്കുന്നത് പരിണാമത്തിൽ ഹിതകരമായിരിക്കണം - ദഹനക്രിയക്കു ശേഷം ശരീരത്തെ പോഷിപ്പിക്കുന്നതായിരിക്കണം. ഇതാണ് ശ്രേയസ്സിലേക്കും, ആരോഗ്യത്തിലേക്കുമുള്ള മാർഗ്ഗം.

107. വൃക്ഷങ്ങളിൽനിന്ന് പച്ചക്കായകൾ പറിച്ചെടുക്കുന്നവൻ പഴങ്ങളുടെ സ്വാദ് അനുഭവിക്കുന്നില്ല. ആ വൃക്ഷത്തിന്റെ ബീജത്തെത്തന്നേയും നശിപ്പിക്കുന്നു.

108. പഴുത്തഫലം പറിച്ചെടുക്കുന്നതായാൽ ആ പഴം സ്വാദുള്ളതായിരിക്കും. മാത്രമല്ല, ആ പഴത്തിൽ നിന്ന് വൃക്ഷത്തെ വീണ്ടും വളർത്തുവാനുള്ള ബീജവും കിട്ടുന്നു.

109. തേനീച്ച, വണ്ട് എന്നീ ഷട്പദങ്ങൾ പൂക്കളെ നോവിക്കാതെ ഏതു വിധത്തിലാണോ അവയിൽനിന്നും തേൻ ശേഖരിക്കുന്നത് അതുപ്രകാരം രാജാവ് പ്രജകളെ കഷ്ടപ്പെടുത്താതെ അവരിൽ നിന്ന് കരം പിരിച്ചെടുക്കേണ്ടതാണ്.

110. മാലകെട്ടുകാരൻ, എങ്ങനെയാണോ ഓരോ പൂക്കളായി ഇറുത്തെടുക്കുന്നത് - ഞെട്ടിയോടെ പൊട്ടിച്ചെടുക്കാതെ - ചെടിയെ കേടുവരുത്താതെ അതുപോലെത്തന്നെ രാജാവ് പ്രജകളെ ദ്രോഹിക്കാതെ അവരിൽനിന്ന് കരം പിരിക്കണം. ചൂളവെച്ച് കരിയുണ്ടാക്കുന്നവൻ മരം മുറിക്കുന്നതുപോലെ രാജാക്കന്മാർ പ്രജകളോട് പെരുമാറരുത്.

111. ഈ കാര്യം ചെയ്യുന്നതുകൊണ്ട് തനിക്കെന്താണ് ഗുണം, ചെയ്യാതിരുന്നാൽ എന്താണ് ദോഷം എന്നിങ്ങനെ കർമ്മങ്ങളെക്കുറിച്ച് വേണ്ട



Scanned with CamScanner

വിധത്തിൽ ഗഹനമായി ചിന്തിച്ചിട്ടുവേണം പുരുഷൻ തന്റെ കർമ്മങ്ങൾ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാൻ.

112. ചില കർമ്മങ്ങൾ ആരംഭിക്കാൻതന്നെ യോഗ്യങ്ങളല്ല; അവ ദിവസേന ചെയ്യുവാൻ സാധ്യമാവുന്നവയുമല്ല. അത്തരം പ്രവൃത്തികൾ ചെയ്യാൻ ഉപയോഗപ്പെടുത്തുന്ന പുരുഷപ്രയത്നം, തികച്ചും നിരർത്ഥകമായി പരിണമിക്കും.

113. ചിലരുടെ സന്തോഷംകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല; ക്രോധംകൊണ്ടും ഉപയോഗമില്ല. അത്തരക്കാരെ രക്ഷാകർത്താക്കളായി സ്വീകരിക്കുവാൻ പ്രജകൾ ഇഷ്ടപ്പെടുന്നില്ല.

114. മൂലധനം അല്പവും ലാഭം അധികവും ആയ ഉദ്യമങ്ങൾ വേഗത്തിൽ ആരംഭിക്കുവാൻ ബുദ്ധിമാനായ പുരുഷൻ തയ്യാറാകുന്നു. അത്തരം പ്രവൃത്തികളെ യാതൊന്നും തടസ്സപ്പെടുത്തുന്നുമില്ല.

115. ഏതൊരു രാജാവ് തന്റെ പ്രജകളെയെല്ലാവരെയും സമദൃഷ്ടിയോടെ വീക്ഷിക്കുന്നുവോ, ആ രാജാവ് വെറുതെയിരുന്നാൽകൂടി പ്രജകൾ അദ്ദേഹത്തെ സ്നേഹാദരങ്ങളോടെ രഞ്ജിപ്പിക്കുന്നു.

116. പൂത്തുകൊണ്ടിരിക്കുന്നതും എന്നാൽ കായ്ക്കാത്തതും, കായ്കൾ ഉള്ളതും എന്നാൽ കയറി പറ്റാൻ സാധിക്കാത്തതും പഴുത്തിട്ടില്ലെങ്കിലും പഴുത്ത നിറത്തിലുള്ള ഫലങ്ങളോടുകൂടിയതുമായ വൃക്ഷത്തെപ്പോലെ ഇരിക്കണം രാജാവ് – എന്നാൽ അദ്ദേഹത്തെ ആരും ആക്രമിക്കുകയില്ല.

117. ഏതൊരു രാജാവ് തന്റെ പ്രജകളെ വാക്കുകൊണ്ടും നോക്കുകൊണ്ടും മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടും സന്തുഷ്ടരാക്കുന്നുവോ പ്രജകൾ ആ രാജാവിൽ സദാ സന്തുഷ്ടരായിരിക്കുന്നു.

118. നായാട്ടുകാരനായ വേടനെ മാൻപേടയെന്നപോലെ, ഏതൊരു രാജാവിനെ പ്രജകൾ സദാ ഭയപ്പെട്ടുകൊണ്ടിരിക്കുന്നുവോ, അത്രയേറെ പരാക്രമശാലിയായിരുന്നാൽ കൂടിയും, ആ രാജാവിനെ പ്രജകൾ തിരസ്കരിക്കുന്നു.

119. അനയത്തിൽ സ്ഥിതനായ അവിഹിതമായ കർമ്മങ്ങൾ ചെയ്യുന്ന രാജാവ്, പരമ്പരാഗതമായി കൈവന്ന രാജ്യശ്രീയെ സ്വന്തം ദുരാചാരം കൊണ്ട് ഛിന്നഭിന്നമാക്കി നശിപ്പിക്കുന്നു.

120. പൂർവ്വികരായ സജ്ജനങ്ങൾ ആചരിച്ചുവരുന്ന ധർമ്മങ്ങൾ യഥാവിധി ആചരിക്കുന്ന രാജാവിന്റെ രാജ്യം സമ്പത്സമൃദ്ധികൊണ്ട് സമ്പൂർണ്ണമാകുന്നു; ഐശ്വര്യം ക്രമേണ വർദ്ധിച്ചുകൊണ്ടേയിരിക്കും.



Scanned with CamScanner

121. ഏതൊരു രാജാവ് ധർമ്മാനുസൃതമായ ആചരണങ്ങളെ പരിത്യജിച്ച് അധർമ്മം ആചരിക്കുന്നുവോ ആ രാജാവിന്റെ രാജ്യം സങ്കുചിതമായി നശിച്ചുപോകുന്നു.

122. ഏതുമാതിരി യത്നമാണോ അന്യ രാജാവിന്റെ രാഷ്ട്രത്തെ നശിപ്പിക്കുവാൻ ചെയ്യുന്നത് അതേമാതിരിയുള്ള യത്നം സ്വന്തം രാജ്യത്തിന്റെ അഭിവൃദ്ധിക്കായി ചെയ്യുന്നതാണ് ഉചിതമായ കർമ്മം.

123. ധർമ്മപ്രകാരം വേണം രാജ്യം കൈവശമാക്കുവാൻ ധർമ്മാനുസൃതമായി രാജ്യം പരിപാലിക്കുകയും വേണം. എന്തുകൊണ്ടെന്നാൽ ധർമ്മപ്രകാരം കൈവന്ന ഐശ്വര്യത്തെ രാജാവ് കൈവെടിയുന്നില്ല. ധർമ്മപ്രകാരം ആർജ്ജിച്ച രാജ്യശ്രീ രാജാവിനെയും പരിത്യജിക്കുന്നില്ല.

124. ഭ്രാന്തന്മാരുടെ ആക്രോശങ്ങളിൽനിന്നും ബാലന്മാരുടെ ജല്പനങ്ങളിൽ നിന്നും സാരമായത് എല്ലാംതന്നെ ഗ്രഹിക്കണം. എങ്ങനെ എന്നാൽ കല്ലുകളിൽനിന്ന് സ്വർണ്ണം സംഭരിക്കുന്നതുപോലെ.

125. ധീരനായ പുരുഷൻ വേണ്ടവിധത്തിൽ വിശദീകരിച്ച മഹദ്വചനങ്ങളെ ഓരോന്നോരോന്നായി എവിടെ നിന്നെല്ലാം കിട്ടുന്നുവോ അവിടെ നിന്നെല്ലാം സംഭരിക്കണം. ഏതുപോലെയെന്നാൽ കൊയ്ത്തു കഴിഞ്ഞു പാടത്തുനിന്ന് കതിരു പെറുക്കിയെടുക്കുന്നവരെപ്പോലെ.

126. പശുക്കൾ വാസനകൊണ്ടു കാണുന്നു, വേദപണ്ഡിതർ വേദങ്ങളെകൊണ്ട് കാണുന്നു, രാജാക്കന്മാർ ചാരന്മാരെക്കൊണ്ടു കാണുന്നു. സാധാരണ ജനങ്ങൾ കണ്ണുകൾകൊണ്ട് കാണുന്നു.

127. പാൽ കറന്നെടുക്കുമ്പോൾ ശാഠ്യം കാണിക്കുന്ന പശു വളരെ ക്ലേശമനുഭവിക്കുന്നു. എന്നാൽ എളുപ്പത്തിൽ കറക്കുവാൻ സമ്മതിക്കുന്ന പശുവിനെ ജനങ്ങൾ കഷ്ടപ്പെടുത്തില്ല.

128. ഏതൊരു ലോഹമാണോ തീയിൽ പഴുപ്പിക്കാതെതന്നെ വളയുന്നത് അതിനെ ചുട്ട് പഴുപ്പിക്കുന്നില്ല. ഏതൊരു വൃക്ഷത്തിന്റെ ശാഖയാണോ സ്വയമേവ താണു വരുന്നത് അതിന്റെ ശാഖകളെ ആരും ബലമായി പിടിച്ചുതാഴ്ത്തുന്നില്ല.

129. ഈ ഉപമകളിൽനിന്നും മനസ്സിലാക്കേണ്ടത് ബുദ്ധിമാനായ മനുഷ്യൻ സ്വയമേവ ബലവാനായവന്റെ മുമ്പിൽ തലകുനിക്കുന്നുവെന്നാണ്.

130. പശുക്കളെ സംരക്ഷിക്കുന്നത് മേഘമാണ്, രാജാക്കന്മാരെ സംരക്ഷിക്കുന്നത് അവരുടെ മന്ത്രിമാരാണ്, സ്ത്രീകളെ സംരക്ഷിക്കുന്നത് ഭർത്താക്കന്മാരാണ്. വേദപണ്ഡിതരെ സംരക്ഷിക്കുന്നത് വേദമാണ്.



Scanned with CamScanner

131. സത്യംകൊണ്ടു ധർമ്മം രക്ഷിക്കപ്പെടുന്നു, നിത്യോപയോഗം കൊണ്ട് വിദ്യ സംരക്ഷിക്കപ്പെടുന്നു, ശുചിത്വംകൊണ്ട് സൗന്ദര്യം സംരക്ഷിക്കപ്പെടുന്നു, ചാരിത്രംകൊണ്ട് കുലം സംരക്ഷിക്കപ്പെടുന്നു.

132. അളന്നു ക്രയവിക്രയം ചെയ്യുന്നതുകൊണ്ട് ധാന്യം സംരക്ഷിക്കപ്പെടുന്നു. സ്ഥിരമായ പരിശീലനംകൊണ്ട് കുതിരകളുടെ കർമ്മക്ഷമത രക്ഷിക്കപ്പെടുന്നു. ഇടക്കിടയ്ക്ക് ചെന്ന് നോക്കുന്നതുകൊണ്ട് പശുക്കൾ സംരക്ഷിതരായിരിക്കുന്നു.

133. സദാചാര രഹിതനായ വ്യക്തിയുടെ കുലം ഉയർന്നതായതുകൊണ്ട് അയാൾ മാന്യനാകുന്നില്ല. താണകുലത്തിൽ ജനിച്ചവന്റെ ആചാരം ശ്രേഷ്ഠമാണെങ്കിൽ അവനെ വിശിഷ്ടനായിത്തന്നെ കണക്കാക്കണം.

134. അന്യരുടെ ധനത്തിലും സൗന്ദര്യത്തിലും പരാക്രമത്തിലും കുലീനതയിലും സുഖത്തിലും, സൗഭാഗ്യത്തിലും സമ്മാനൃതയിലും ഈർഷ്യാവാനായിരിക്കുന്നവന്റെ രോഗം മാറാവ്യാധിയാകുന്നു.

135. കരണീയമായ കാര്യങ്ങൾ ചെയ്യാതിരിക്കുന്നതിൽ, കരണീയമല്ലാത്തകാര്യങ്ങൾ ചെയ്യുന്നതിൽ, കാര്യം സാധിക്കുന്നതിനു മുമ്പുതന്നെ പ്രവർത്തനതന്ത്രം പരസ്യമാക്കുന്നതിൽ വളരെ ഭയപ്പെടണം.

136. അറിവുകൊണ്ടുള്ള അഹങ്കാരം, സമ്പത്തുകൊണ്ടുള്ള അഹങ്കാരം, മൂന്നാമത് ഉന്നതകുലജാതനാണെന്ന അഹങ്കാരം - ഈ അഹങ്കാരങ്ങൾ സാധാരണജനങ്ങളിൽ മദത്തെയാണ് വർദ്ധിപ്പിക്കുന്നത്. പ്രത്യുത സജ്ജനങ്ങളിൽ ഇവ ദമത്തെ - താഴ്മയെയാണ് - വളർത്തുന്നത്.

137. ഏതെങ്കിലും കാരണത്താൽ സജ്ജനങ്ങൾ ദുർജ്ജനങ്ങളോട് എന്തെങ്കിലും അഭ്യർത്ഥിച്ചുവെന്ന് വരികിൽ, ദുർജ്ജനങ്ങളാണെന്ന് പ്രസിദ്ധമാണെങ്കിലും തങ്ങൾ സജ്ജനങ്ങളായി തീർന്നിരിക്കുന്നുവെന്നാണ് അവർ അഭിമാനിക്കുക.

138. മഹാമനസ്കർക്ക് സജ്ജനങ്ങൾതന്നെയാണ് ഗതി; സജ്ജനങ്ങൾക്കും സജ്ജനങ്ങൾതന്നെയാണ് ആശ്രയം. ദുർജ്ജനങ്ങൾക്കും സജ്ജനങ്ങൾമാത്രമാണ് സഹായം. എന്നാൽ ദുർജ്ജനങ്ങൾ ഒരിക്കലും സജ്ജനങ്ങൾക്ക് സഹായമായി ഭവിക്കുന്നില്ല.

139. നന്നായി വസ്ത്രധാരണം ചെയ്തവൻ സഭയിൽ ബഹുമാനിക്കപ്പെടുന്നു. പശുക്കളുള്ളവൻ മധുരപലഹാരങ്ങൾ ആസ്വദിക്കണമെന്ന ആഗ്രഹത്തെ സാധിക്കുന്നു; വാഹനമുള്ളവൻ വഴിയാത്രയിൽ വിജയിക്കുന്നു; എന്നാൽ സൗശീല്യമുള്ളവനാകട്ടെ സർവ്വത്ര വിജയിക്കുന്നു.



Scanned with CamScanner

140. പുരുഷന്മാർക്ക് ശീലമാണ് പ്രധാനം. ഏതൊരു പുരുഷന്റെ സൗശീല്യം നഷ്ടപ്പെടുന്നുവോ അവന് ജീവിതവും ധനവും ബന്ധുക്കളും യാതൊരു പ്രയോജനവുമില്ലാതായിത്തീരുന്നു.

141. ധനാഢ്യരുടെ ആഹാരത്തിൽ മാംസപദാർത്ഥങ്ങൾ ധാരാളമുണ്ടായിരിക്കും, ഇടത്തരക്കാരുടെ ഭക്ഷണത്തിൽ പാലുല്പന്നങ്ങൾ അധികം ഉണ്ടായിരിക്കും. ദരിദ്രരുടെ ആഹാരത്തിൽ എണ്ണയ്ക്കായിരിക്കും പ്രാധാന്യം. ഇതാണ് ജനങ്ങളുടെ ഭക്ഷണസമ്പ്രദായം.

142. സ്വാദിഷ്ഠമായ ആഹാരമാണ് ദരിദ്രർ സർവ്വദാ ഭക്ഷിക്കുന്നത്. വിശപ്പ് അവരുടെ ആഹാരത്തിന്റെ സ്വാദ് വർദ്ധിപ്പിക്കുന്നു. എന്നാൽ ഈ വിശപ്പും തജ്ജന്യമായ സ്വാദും ധനികർക്ക് ലഭിക്കുന്നില്ല.

143. പ്രായേണ ഈ ലോകത്തിൽ സമ്പന്നർക്ക് ആഹാരം കഴിക്കുവാനുള്ള ശക്തി വളരെ കുറവാണ്. എന്നാൽ ദരിദ്രർക്കാകട്ടെ, അവരുടെ ഉദരത്തിൽ എത്തിച്ചേരുന്ന മരക്കഷണംപോലും പചിക്കപ്പെടുന്നു. ദരിദ്രർക്ക് നിത്യവൃത്തിക്കുള്ള ഉപായം ലഭിക്കാഞ്ഞാൽ ഭയം, ഇടത്തരക്കാർക്ക് മരണത്തെയാണ് ഭയം, എന്നാൽ ഉത്തമന്മാർ അപമാനത്തെയാണ് ഏറ്റവും അധികം ഭയപ്പെടുന്നത്.

144. മദ്യപാനം മുതലായവയിൽനിന്നുണ്ടാകുന്ന ലഹരിതന്നെയാണ് അപകടകാരി. എന്നാൽ സമ്പത്സമൃദ്ധി മൂലമുണ്ടാകുന്ന അഹങ്കാരവും ലഹരിയും ഒരുവനെ നിശ്ശേഷം നശിപ്പിക്കുന്നു. ഭയങ്കരമായ വീഴ്ച പറ്റിയതിനുശേഷമാണ് അവനു സ്വബോധംതന്നെ ഉണ്ടാകുന്നത്!

145. ഇന്ദ്രിയങ്ങളെ, വിഷയങ്ങളിൽ രമിക്കുന്നതിൽനിന്ന് നിയന്ത്രിക്കുവാൻ കഴിവില്ലാത്ത പുരുഷന് ഈ ലൗകികജീവിതം വളരെ കഷ്ടപ്പാട് നിറഞ്ഞതായിരിക്കും.

146. ഏതൊരു പുരുഷൻ ജീവിതത്തിൽ ഇന്ദ്രിയലോലുപനായി ജീവിക്കുന്നുവോ, അവന്റെ ആപത്തുകൾ ശുക്ലപക്ഷത്തിലെ ചന്ദ്രക്കലപോലെ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

147. ഏതൊരു രാജാവ് തന്റെ പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും നിയന്ത്രിക്കാൻ സാധിക്കാതെ, (തന്റെ മന്ത്രിമാരെ നിയന്ത്രിക്കുവാൻ സാധിക്കാതെ) ശത്രുക്കളെ ജയിക്കുവാൻ ഇച്ഛിക്കുന്നുവോ, ആ അജിതേന്ദ്രിയനായ രാജാവിനെ പ്രജകൾ പരിത്യജിക്കുന്നു.

148. ഏതൊരു രാജാവ് ക്രോധരൂപത്തിലുള്ള തന്റെ മനസ്സിനെത്തന്നെ ആദ്യം ജയിക്കുന്നുവോ, ആ രാജാവിന് തന്റെ മന്ത്രിമാരെ സ്വവശത്തിൽ



Scanned with CamScanner

നിർത്തുവാനും ശത്രുക്കളെ ജയിക്കുവാനുമുള്ള ആഗ്രഹം ഒരിക്കലും നിഷ്ഫലമാവുകയില്ല.

149. ഈ മനുഷ്യശരീരം ഒരു രഥമാണ്. ബുദ്ധി അതിന്റെ സാരഥിയാണ് ഇന്ദ്രിയങ്ങൾ കുതിരകളാണ്. ഈ ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ തന്റെ വശത്തിൽ നിർത്തുവാൻ സാമർത്ഥ്യമുള്ള ധീരനായ പുരുഷൻ നല്ല പാകത വന്ന കുതിരകളെ പൂട്ടിയ രഥത്തിൽ എന്നപോലെ സുഖമായി സഞ്ചരിക്കുന്നു; ജീവിക്കുന്നു.

150. പഞ്ചേന്ദ്രിയങ്ങളെയും മനസ്സിനെയും നിയന്ത്രണത്തിൽ നിർത്തുവാൻ കഴിവുള്ളവരെ, അപരാധികളെ യഥാവിധി ശിക്ഷിക്കുവാൻ തയ്യാറുള്ളവനെ, ഗുണദോഷ നിരൂപണം ചെയ്തതിനുശേഷം പ്രവർത്തനമാരംഭിക്കുന്നവനെ, ഐശ്വര്യം സമൃദ്ധമായി ആശ്രയിക്കുന്നു.

151. ശിക്ഷണം ലഭിക്കാത്ത, നിയന്ത്രണാധീനങ്ങളല്ലാത്ത കുതിരകൾ മൂർഖനായ സാരഥിയെ വഴിയിൽ വീഴ്ത്തിക്കളയുന്നമാതിരി നിയന്ത്രണമില്ലാത്ത ഇന്ദ്രിയങ്ങൾ പുരുഷനെ മരണത്തിലേയ്ക്കുതന്നെ നയിച്ചേയ്ക്കും.

152. അനർത്ഥത്തെ അർത്ഥമാണെന്നു കരുതിയും അർത്ഥത്തെ അനർത്ഥമാണെന്നു ധരിച്ചും ബുദ്ധിശൂന്യനായ പുരുഷൻ വലിയ ദുഃഖത്തെ സുഖമാണെന്നു കരുതി അലസനായി ഇരിക്കുന്നു.

153. ധർമ്മാർത്ഥങ്ങളെ പരിത്യജിച്ച് ഇന്ദ്രിയവശഗനായി ജീവിക്കുന്ന പുരുഷന് വേഗത്തിൽതന്നെ തന്റെ ഐശ്വര്യം, ധനം, പത്നി, പ്രാണൻ എന്നിവ കൈവെടിയേണ്ടിവരുന്നു.

154. അനവധി സമ്പത്തുകളുടെ അധിപനായിരുന്നിട്ടും ഇന്ദ്രിയങ്ങളുടെ അധിപനല്ലാതിരുന്നാൽ ആ പുരുഷൻ, ഇന്ദ്രിയങ്ങളുടെ നിയന്താവല്ലാത്തതുകാരണം സകല ഐശ്വര്യങ്ങളാലും ഭ്രഷ്ടനായിത്തീരുന്നു.

155. മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ ഇവയെ സ്വന്തം നിയന്ത്രണത്തിൽ നിർത്തി, താൻ സ്വയം തന്നെത്തന്നെ അറിയുവാൻ ശ്രമിക്കേണ്ടതാണ്. കാരണം അവനവൻതന്നെയാണ് അവനവന്റെ ബന്ധുവും ശത്രുവും.

156. ഏതൊരു പുരുഷൻ, തന്റെ മനസ്സിനെ നിയന്ത്രണാധീനമാക്കി നിർത്തുന്നുവോ അവന്റെ മനസ്സ് അവന് ബന്ധുവായിത്തീരുന്നു. സ്വന്തം മനസ്സുതന്നെയാണ് ഒരുവന് ശാശ്വതമായ ബന്ധുവും ശത്രുവും.

157. ചെറിയ കണ്ണികളുള്ള വലയിൽ അകപ്പെട്ട രണ്ട് വലിയ മത്സ്യങ്ങൾ വലയെത്തന്നെ കടിച്ചുമുറിക്കുന്നതുപോലെ, കാമവും ക്രോധവും മനുഷ്യന്റെ വിശിഷ്ട ജ്ഞാനത്തെത്തന്നെ നശിപ്പിച്ചുകളയുന്നു.



Scanned with CamScanner

158. ഏതൊരു പുരുഷൻ ധർമ്മാർത്ഥങ്ങളെ യഥാവിധി പരിഗണിച്ചു കൊണ്ട് സാധനസാമഗ്രികളെ സംഭരിക്കുന്നുവോ അവന് മാത്രമേ സദാ സുഖമായി ജീവിക്കുവാൻ സാധ്യമാവുകയുള്ളൂ.

159. മനസ്സിന്റെ വിക്ഷോഭങ്ങൾക്ക് കാരണങ്ങളായ പഞ്ചേന്ദ്രിയങ്ങളാകുന്ന ശത്രുവിനെ ജയിക്കാതെ ഒരുവൻ പുറമേയുള്ള ശത്രുക്കളെ ജയിക്കുവാൻ ശ്രമിക്കുന്നതായാൽ അവൻ പരാജിതനാവുകതന്നെ ചെയ്യും.

160. ഇന്ദ്രിയങ്ങൾ നിയന്ത്രണാധീനമല്ലാത്തതിനാൽ എത്രയോ മഹാത്മാക്കൾകൂടി താന്താങ്ങളുടെ കർമ്മബന്ധത്തിൽ കുടുങ്ങി ജീവിച്ചുകൊണ്ടിരിക്കുന്നതും, എത്രയോ രാജാക്കന്മാർ അവരുടെ രാജഭോഗവിഭ്രാന്തിയിൽ മോഹിതരായി കഴിയുന്നതും കാണപ്പെടുന്നു.

161. പാപികളായ ദുഷ്ടന്മാരെ കയ്യൊഴിയാതെ അവരുമായി സദാ സംസർഗ്ഗത്തിലേർപ്പെടുന്നതുകൊണ്ട്, നിരപരാധികളായ സജ്ജനങ്ങൾക്കുകൂടി പാപികൾക്ക് കിട്ടുന്ന ശിക്ഷകൾ അനുഭവിക്കേണ്ടിവരുന്നു. ഏതുപോലെയെന്നാൽ ഉണങ്ങിയ വിറകിന്റെ കൂടെച്ചേരുന്ന പച്ച വിറകും അഗ്നിക്കിരയാകുന്നതുപോലെ. അതുകൊണ്ട് ദുഷ്ടന്മാരുമായുള്ള സംസർഗ്ഗം ഒരിക്കലും ചെയ്തുകൂടാത്തതാകുന്നു.

162. പഞ്ചേന്ദ്രിയങ്ങളാകുന്ന അഞ്ചു ശത്രുക്കളെ ഏതൊരുവൻ, തനിക്കധീനമാക്കി നിർത്തുന്നില്ലയോ, ആ പുരുഷനെ ആപത്തുകൾ വിഴുങ്ങിക്കളയുന്നു.

163. അസൂയയില്ലായ്മ, ആർജ്ജവം, പവിത്രത, സന്തോഷം, പ്രീതിയുളവാക്കുന്ന സംഭാഷണരീതി, അടക്കവും ഒതുക്കവും, സത്യഭാഷണം, നിശ്ചയദാർഢ്യം - ഈ വക ഗുണങ്ങൾ ദുരാത്മാക്കളായ പുരുഷന്മാരിൽ ഒരിക്കലും ഉണ്ടാവുകയില്ല.

164. ആത്മജ്ഞാനം, ക്രോധരാഹിത്യം, സഹനശീലത, ധർമ്മപരായണത, വാക്കുപാലിക്കൽ, ദാനസ്വഭാവം ഈവക ഗുണങ്ങളൊന്നും അധമപുരുഷന്മാരിൽ ഉണ്ടാകുന്നതല്ല.

165. മൂർഖന്മാർ വിദ്വാന്മാരെ അപഹസിച്ചും നിന്ദിച്ചും ദ്രോഹിക്കുന്നു. സജ്ജനങ്ങളെ അപഹസിക്കുന്നവരും നിന്ദിക്കുന്നവരും പാപത്തിന്റെ ഫലഭോക്താക്കളാകുമ്പോൾ അവരുടെ തെറ്റിനെ ക്ഷമിക്കുന്ന പണ്ഡിതന്മാർ പാപത്തിൽനിന്ന് വിമുക്തരാകുന്നു.

166. ദുഷ്ടന്മാരുടെ ബലം ഹിംസയാണ്; രാജാവിന്റെ ബലം ദണ്ഡനീതിയാണ്; സ്ത്രീകളുടെ ബലം ശുശ്രൂഷാസ്വഭാവമാണ്; സജ്ജനങ്ങളുടെ ബലം ക്ഷമാശീലവും.



Scanned with CamScanner

167. വാക്കുകളെ പൂർണ്ണമായും നിയന്ത്രിക്കുകയെന്നത് വളരെ പ്രയാസമാണെന്നാണ് സകലരും അംഗീകരിച്ചിട്ടുള്ള അഭിപ്രായം. അർത്ഥപുഷ്ടവും, ചമല്ക്കാരപൂർണ്ണവുമായ വാക്കുകൾ അധികം ഉച്ചരിക്കുവാൻ സാധ്യമാവുകയില്ലല്ലൊ.

168. മധുരമായ വാക്കുകളിലൂടെ പറയുന്ന ഒരു കാര്യം പലവിധത്തിൽ ഗുണകരമായി ഭവിക്കുന്നു. എന്നാൽ അതേകാര്യം തന്നെ പരുഷമായ വാക്കുകളിൽകൂടെ പറയുന്നതായാൽ അനർത്ഥങ്ങൾക്കും കാരണമാകുന്നു.

169. അമ്പുകൾകൊണ്ടോ കോടാലികൊണ്ടോ മുറിച്ച് നശിപ്പിക്കപ്പെടുന്ന വനം പിന്നേയും പൊട്ടിവരുന്നു. എന്നാൽ കഠോരവും ബീഭത്സവുമായ വാക്കുകൾകൊണ്ട് ഏല്പിക്കുന്ന വ്രണം ഒരിക്കലും ഉണങ്ങുന്നില്ല.

170. കർണ്ണി, നാളീകം, നാരായം ഇത്യാദി അസ്ത്രങ്ങൾ ശരീരത്തിൽ തറച്ചാൽ അവയെ പറിച്ചെടുക്കുവാൻ സാധിക്കും. എന്നാൽ വാക്കുകളാകുന്ന ശൂലം തറച്ചാൽ അത് വലിച്ചെടുത്തുകളയാൻ സാധ്യമല്ല.

171. വാക്‌രൂപത്തിലുള്ള ശരം മുഖത്തുനിന്ന് ഉദ്ഗമിച്ച് അന്യരുടെ മർമ്മങ്ങളിൽ ചെന്ന് തറച്ച് അവിടെ മുറിവുകൾ ഉണ്ടാക്കുന്നു. ആ വ്രണങ്ങളിൽനിന്നുള്ള വേദന മനുഷ്യനെ രാവും പകലും നീറ്റിക്കൊണ്ടിരിക്കുന്നു. ആയതിനാൽ അറിവുള്ള പുരുഷന്മാർ ആരിലും അത്തരം വാക്ശരങ്ങൾ പ്രയോഗിക്കരുതാത്തതാകുന്നു.

172. ആർക്ക് പരാജയം ഏല്പിക്കുവാൻ ആഗ്രഹിക്കുന്നുവോ അവരുടെ ബുദ്ധിയെയാണ് ആദ്യം പിടിച്ച് താഴ്ത്തുന്നത്. ബുദ്ധി പിഴച്ചുപോകുന്ന മനുഷ്യർ നിത്യപ്രവൃത്തികളിൽ മാത്രം വ്യാപൃതരായിക്കഴിയുന്നു. അങ്ങനെ അവർ ജീവിതത്തിന്റെ പരാജയത്തിൽ പതിക്കുന്നു.

173. വിനാശകാലം അടുത്തിരിക്കുന്ന മനുഷ്യന്റെ ബുദ്ധി കാലുഷ്യപൂർണ്ണമായിത്തീരുന്നു. ആയതിനാൽ ആ പുരുഷന് അന്യായങ്ങൾ ന്യായങ്ങളാണെന്നുള്ള തോന്നൽ മനസ്സിൽനിന്ന് വിട്ടുമാറുന്നില്ല.

174. തീർത്ഥങ്ങളിലെ സ്നാനവും ജീവികളോടുള്ള ആർജ്ജവസ്വഭാവവും സമാനപുണ്യകർമ്മങ്ങളാകുന്നു. എന്നാൽ ജീവികളോടുള്ള ആർജ്ജവ ഭാവം അധികം വിശിഷ്ടമാണ്.

175. ഈ ലോകത്ത് ഏതൊരു മനുഷ്യന്റെ പാവനമായ കീർത്തിയെ ജനങ്ങൾ ഏതുകാലംവരെ പാടിപ്പുകഴ്ത്തുന്നുവോ അത്രയും കാലം വരെ ആ വ്യക്തിക്കു സ്വർഗ്ഗലോകത്തിൽ പ്രതിഷ്ഠ ലഭിക്കുന്നതാകുന്നു.



Scanned with CamScanner

176. വിദുരർ സ്വയം വീണ്ടും സ്വന്തം വരികളിലൂടെ ഉപദേശം തുടരുന്നു - രാജ്യത്തിനുവേണ്ടി അസത്യം പറയരുത്. അങ്ങയുടെ പുത്രനുവേണ്ടിയും അസത്യം പറയരുത്. ഇത്തരത്തിലുള്ള അസത്യവചനം അങ്ങയെ സർവ്വനാശത്തിലെത്തിക്കും.

177. ദേവന്മാർ കൈയ്യിൽ വടിയും ഏന്തിക്കൊണ്ട് വന്നുനിന്ന്, പശുപാലകന്മാരെപ്പോലെ മനുഷ്യരെ രക്ഷിക്കാറില്ല. ആരെയാണോ ദേവന്മാർ രക്ഷിക്കാനുദ്ദേശിക്കുന്നത് അവർക്ക് നല്ല ബുദ്ധി വഴിപോലെ നല്കുന്നു. നല്ല ബുദ്ധിതോന്നലാണ് മനുഷ്യന്റെ രക്ഷയും.

178. മനുഷ്യൻ എത്രത്തോളം നല്ലകാര്യങ്ങളിൽ മനസ്സ് പ്രവർത്തിപ്പിക്കുന്നുവോ അത്രത്തോളംതന്നെ അയാളുടെ അഭീഷ്ടങ്ങളും സാധിച്ചുകൊണ്ടിരിക്കും.

179. കപടകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന മായാവിയായ പുരുഷൻ യഥാവിധി വേദാദ്ധ്യയനം ചെയ്തവനാണെങ്കിലും പാപങ്ങളിൽ നിന്ന് വിമോചിതനാകുന്നില്ല.

180. മദ്യപാനം, കലഹം, സാമുദായികവൈരം, ഭാര്യാഭർത്താക്കന്മാരുടെ അഭിപ്രായവ്യത്യാസം, കുടുംബാംഗങ്ങളുടെ സ്പർദ്ധാമനോഭാവം, രാജകോപം, ദുഷ്ടമാർഗാചരണം, സ്ത്രീപുരുഷവാക്തർക്കം ഇവയെല്ലാം സർവദാ വർജ്യങ്ങളാണെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

181. കൈനോട്ടക്കാരൻ, കള്ളക്കച്ചവടക്കാരൻ, ചൂതുകളിക്കാരൻ, വൈദ്യൻ, ശത്രു, മിത്രം, നർത്തകൻ എന്നീ ഏഴുകൂട്ടം ജനങ്ങളെ ഒരിക്കലും സാക്ഷികളായി ഉപയോഗിക്കരുത്.

182. ആദരവോടുകൂടി ചെയ്യുന്ന അഗ്നിഹോത്രം, മൗനവ്രതാചരണം, സ്വാദ്ധ്യായം, യജ്ഞാനുഷ്ഠാനം - ഈ കർമ്മങ്ങൾ മനുഷ്യന്റെ മനോഭയത്തെ നിശ്ശേഷം നശിപ്പിക്കുന്നു. എന്നാൽ ഈ കർമ്മങ്ങൾതന്നെ വിധിയാംവണ്ണമല്ലാതെ അനുഷ്ഠിക്കുന്നതായാൽ ഭയത്തെ ഉളവാക്കു ന്നു.

183. വീട്ടിനു തീവെയ്ക്കുന്നവൻ, വിഷംകൊടുത്ത് കൊല്ലാൻ ശ്രമിക്കുന്നവൻ, ജാരപുത്രന്റെ സംരക്ഷണത്തിൽ കഴിയുന്നവൻ, സോമരസം വില്ക്കുന്നവൻ (മദ്യ വ്യാപാരി) വാവുനാളല്ലാതേയും പർവ്വബലി നടത്തിക്കൊടുക്കുന്ന ധനലോഭിയായ ബ്രാഹ്മണൻ, സുഹൃത്തുക്കളെ പരസ്പരം ഛിദ്രിപ്പിക്കുന്നവൻ, മിത്രദ്രോഹി, പരദാരലമ്പടൻ, ഗർഭഛിദ്രം ചെയ്യുന്നവൻ, ഗുരുതല്പഗാമി, മദ്യപാനിയായ ബ്രാഹ്മണൻ, കഠിനമായ ദ്വേഷ്യത്തോടുകൂടിയവൻ, കാക്കയെപ്പോലെ ശബ്ദിക്കുന്നവൻ, നാസ്തികൻ, വേദത്തെ നിന്ദിക്കുന്ന ഗ്രാമപുരോഹിതൻ, മര്യാദകളനു



Scanned with CamScanner

ഷ്ഠിക്കാത്ത ബ്രാഹ്മണൻ, കശാപ്പുകാരൻ, അഭയം പ്രാപിച്ചവർക്ക് രക്ഷ കൊടുക്കാത്തവൻ, ഇവരെയെല്ലാവരേയും ബ്രഹ്മഹത്യാപാപികളായി കണക്കാക്കേണ്ടതാകുന്നു.

184. എരിയുന്ന തീയിൽ ഇട്ട് ഉരുക്കുമ്പോൾ സ്വർണ്ണവർണ്ണപ്പകിട്ടുള്ള തിന്റെ യാഥാർത്ഥ്യം വെളിവാകുന്നു. അതുപോലെ, ജീവിതത്തിൽ സദാ ചാര നിയമങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ പുരുഷന്റെ ശ്രേഷ്ഠതയെപ്പറ്റി വിലയിരുത്താൻ സാധിക്കുന്നു. ഇപ്രകാരം ലൗകി കവ്യവഹാരങ്ങളിലെ പെരുമാറ്റങ്ങളിൽനിന്ന് സാധുവിന്റെ ധൈര്യവും, ഭയത്തിലകപ്പെടുമ്പോൾ ശൂരതയുടെ മഹത്ത്വവും, സാമ്പത്തിക പ്രതി സന്ധിയിൽ അകപ്പെടുമ്പോൾ ധീരതയുടെ മികവും, മഹാവിപത്തിൽ അകപ്പെടുമ്പോൾ മൈത്രിയുടെ ദാർഢ്യവും വ്യക്തമാകുന്നു.

185. വാർദ്ധക്യം സൗന്ദര്യത്തെ നശിപ്പിക്കുന്നു. ആഗ്രഹം ധൈര്യത്തെ നശിപ്പിക്കുന്നു. മരണം പ്രാണികളെ നശിപ്പിക്കുന്നു, അസൂയ ധർമ്മാ ചരണബോധത്തെ നശിപ്പിക്കുന്നു, ക്രോധം ഐശ്വര്യത്തെ നശിപ്പിക്കുന്നു, കാമം ലജ്ജയെ നശിപ്പിക്കുന്നു, അഹങ്കാരം സർവ്വതും നശിപ്പിക്കുന്നു.

186. സത്കർമ്മങ്ങളുടെ ആചരണംകൊണ്ട് ശ്രീ ഉണ്ടാകുന്നു. പ്രാഗ ല്ഭ്യംകൊണ്ട് അത് വർദ്ധിക്കുന്നു. ചാതുര്യത്താൽ അതിന്റെ വേരുകൾ ദൃഢതയാർജ്ജിക്കുന്നു. സംയമംകൊണ്ട് ആ ശ്രീ സുസ്ഥിരമാകുന്നു.

187. എട്ടു ഗുണങ്ങൾ മനുഷ്യന്റെ പ്രഭാവത്തെ വർദ്ധിപ്പിക്കുന്നു. ബുദ്ധി ശക്തി, കുലീനത, ദമം, ശാസ്ത്രജ്ഞാനം, പരാക്രമം, മിതഭാഷിത്വം, യഥാശക്തിദാനം, കൃതജ്ഞത എന്നിവയാണ് ആ എട്ടു ഗുണങ്ങൾ.

188. മുൻപറഞ്ഞ എട്ടു ഗുണങ്ങളിലെല്ലാം വച്ച് മഹത്ത്വമേറിയ ഒരു ഗുണം വേറെയുണ്ട്. രാജാവ് എപ്പോഴാണോ തന്റെ പ്രജയായ ഒരു മനുഷ്യനെ അഭിനന്ദിച്ച് സല്ക്കരിക്കുന്നത്, ആ രാജസമ്മാനഗുണം, മറ്റ് സകലഗുണങ്ങളെക്കാളും പ്രഭയോടെ പ്രകാശിക്കുന്നു.

189. എട്ടു ഗുണങ്ങൾ മനുഷ്യരെ സ്വർഗ്ഗപ്രാപ്തിക്ക് സഹായിക്കുന്നവ യാണ്. ഇതിൽ നാലെണ്ണം സജ്ജനങ്ങൾക്ക് ജന്മസിദ്ധമാണ്. ബാക്കി നാലെണ്ണം സജ്ജനങ്ങൾ സദാ അനുഷ്ഠിക്കുന്നവയുമാണ്.

190. യജ്ഞം, ദാനം, അദ്ധ്യയനം, തപസ്സ് - ഈ നാലു ഗുണങ്ങൾ സജ്ജ നങ്ങൾക്ക് സ്വതഃസിദ്ധമാണ്. ഇന്ദ്രിയനിഗ്രഹം, സത്യം, ആർജ്ജവം, മൃദു ലത - ഈ ഗുണങ്ങളെ സജ്ജനങ്ങൾ സദാ ആചരിക്കയും ചെയ്യുന്നു.

191. യജ്ഞം, അദ്ധ്യയനം, ദാനം, തപസ്സ്, സത്യം, ക്ഷമ, ദയ, അലോഭം (സംതൃപ്തി), എന്നിവ ധർമ്മമാർഗ്ഗങ്ങളായി നിർദ്ദേശിച്ചിരിക്കുന്നു.



Scanned with CamScanner

192. ഇപ്പറഞ്ഞ എട്ടുഗുണങ്ങളിൽ ആദ്യത്തെ നാലെണ്ണം അഹംഭാവം നിമിത്തവും ആചരിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട്. എന്നാൽ രണ്ടാമത് പറഞ്ഞ നാലെണ്ണം മഹാത്മാക്കളല്ലാത്തവരിൽ സ്ഥിതിചെയ്യുന്നേയില്ല.

193. ഏതൊരു സഭയിൽ വൃദ്ധന്മാർ സന്നിഹിതരായിട്ടില്ലയോ ആ സഭ സഭയല്ല. ധർമ്മത്തെപ്പറ്റി ചർച്ച ചെയ്യാത്ത വൃദ്ധന്മാർ വൃദ്ധന്മാരല്ല. കാപട്യത്താൽ മൂടപ്പെട്ടിരിക്കുന്നസത്യം സത്യവുമല്ല.

194. സത്യം, സത്സ്വഭാവം, ശാസ്ത്രജ്ഞാനം, വിദ്യ, കുലീനത, ശീലം, ബലം, ധനം, ശൂരത, മധുരസംഭാഷണം ഈ പത്തു ഗുണങ്ങൾ സ്വർഗ്ഗപ്രാപ്തിക്കു സഹായകങ്ങളാകുന്നു.

195. പാപകർമ്മങ്ങൾ ചെയ്യുന്നവൻ ദുഷ്കീർത്തിയോടെ പാപഫലത്തെത്തന്നെ അനുഭവിക്കുന്നു. പുണ്യകർമ്മങ്ങൾ ചെയ്യുന്നവൻ സത്കീർത്തിയോടെ പുണ്യഫലത്തെത്തന്നെ അനുഭവിക്കുന്നു.

196. അതുകൊണ്ട് സത്കീർത്തിയെ കാംക്ഷിക്കുന്നവർ ഒരിക്കലും പാപകർമ്മങ്ങൾ ചെയ്യരുത്. ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന പാപകർമ്മങ്ങൾ ബുദ്ധിശക്തിയേയും നശിപ്പിക്കുന്നു.

197. ബുദ്ധിശക്തി നശിച്ചുപോയിരിക്കുന്ന മനുഷ്യൻ സദാ പാപകർമ്മങ്ങൾ മാത്രമേ ചെയ്യുകയുള്ളൂ. പുണ്യകർമ്മങ്ങളുടെ ആവർത്തനം കൊണ്ട് മനുഷ്യന്റെ ബുദ്ധിശക്തി വർദ്ധിക്കുകയും ചെയ്യുന്നു.

198. പുരുഷന്റെ ബുദ്ധിശക്തി വർദ്ധിച്ച് വരവേ അദ്ദേഹം സദാ പുണ്യകർമ്മങ്ങൾ മാത്രം ചെയ്യുന്നവനായിത്തീരുന്നു. അങ്ങനെ പുണ്യകർമ്മിയായ പുരുഷൻ തന്റെ സത്കീർത്തിയെ (ഈ ഭൂമിയിൽ) സ്ഥിരമായി പ്രതിഷ്ഠിച്ച് പുണ്യലോകങ്ങളെ പ്രാപിക്കുന്നു.

199. അസൂയാലു, മർമ്മത്തിൽ മുറിവേല്പിക്കുന്നവൻ (ദന്തശൂകൻ), നിർദ്ദയൻ, ശത്രുതയുണ്ടാക്കുന്നവൻ, ശഠൻ – ഇത്തരം മനുഷ്യൻ പാപകർമ്മങ്ങൾ സദാ ചെയ്തുകൊണ്ട്തന്നെ കഷ്ടാവസ്ഥയിലകപ്പെടുന്നു.

200. അസൂയയില്ലാത്തവനും ശുദ്ധമനസ്കനുമായ പുരുഷൻ സത്കർമ്മങ്ങൾ സദാ ആചരിച്ചുകൊണ്ട് യാതൊരു കഷ്ടതകളും അനുഭവിക്കാതെ സർവത്ര സമ്മാനിതനായി ജീവിക്കുന്നു.

201. ബുദ്ധിമാനായ പുരുഷനിൽനിന്ന് സദ്ബുദ്ധിയെ ഗ്രഹിക്കുന്ന പുരുഷനുമാത്രമേ ധർമ്മാർത്ഥങ്ങളെ വഴിപോലെ അറിഞ്ഞ് അനായാസേന ശ്രേയസ്സിനെ പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ.

202. ദിവസം മുഴുവൻ അത്തരം സത്പ്രവൃത്തികളെടുക്കണം. അതിനാൽ രാത്രി സുഖമായി കഴിക്കുവാൻ സാധിക്കും. എട്ടുമാസവും



Scanned with CamScanner

അത്തരം പ്രവൃത്തികളിലേർപ്പെടണം. അതുകൊണ്ട് വർഷക്കാലമായ നാലുമാസം സുഖമായി ജീവിക്കുവാൻ സാധിക്കും.

203. ഏവകൊണ്ട് വാർദ്ധക്യത്തിൽ സുഖമായി ജീവിക്കുവാൻ സാധിയ്ക്കും, യൗവനകാലത്ത് അത്തരം പ്രവൃത്തികൾ ചെയ്യണം. ഏവയാൽ മരണാനന്തരം സുഖം സിദ്ധിയ്ക്കും, ജീവിച്ചിരിക്കുമ്പോൾ അത്തരം കാര്യങ്ങൾ ചെയ്യണം.

204. ഭക്ഷണം കഴിച്ച് ശരിക്ക് ദഹനം വന്നതിനുശേഷം ആഹാരത്തിന്റെ ഗുണത്തെ വിലയിരുത്തണം. യൗവനകാലം മുഴുവൻ കഴിഞ്ഞതിനു ശേഷം സ്ത്രീയുടെ സ്വഭാവശുദ്ധിയെ വിലയിരുത്തണം. യുദ്ധം ജയിച്ചതിനുശേഷം പടയാളിയുടെ ശൗര്യത്തെ വിലയിരുത്തണം. സംസാരം തരണം ചെയ്തതിനുശേഷം തപസ്വിയുടെ പരിശുദ്ധിയെ വിലയിരുത്തണം.

205. അധർമ്മദ്വാരാ ആർജ്ജിച്ച ധനംകൊണ്ട് ഏതു ദോഷങ്ങളെയാണോ മൂടിവയ്ക്കാൻ ശ്രമിക്കുന്നത്, ആ ദോഷങ്ങൾ കൂടുതൽ വ്യക്തമായി വെളിപ്പെടുമെന്നു മാത്രമല്ല, അതോടൊപ്പം വേറെ ദോഷങ്ങളും പ്രകടമായിത്തീരുന്നു.

206. ശിഷ്യർക്ക് മനോനിയന്ത്രണം അനുശാസിക്കുന്നത് ഗുരുനാഥനാണ്, ദുഷ്ടന്മാരെ ശാസിക്കുന്നത് രാജാവാണ് ആരും അറിയാതെ പാപം ചെയ്യുന്നവരെ ശിക്ഷിക്കുന്നത് സൂര്യപുത്രനായ യമധർമ്മരാജാവുമാണ്.

207. ഋഷികളുടെ കുലം, നദികളുടെ ഉത്ഭവസ്ഥാനം, മഹാത്മാക്കളുടെ വംശം, സ്ത്രീകളുടെ ചാരിത്രദൂഷണത്തിന്റെ കാരണവും കണ്ടുപിടിക്കുവാൻ സാദ്ധ്യമാവുകയില്ല.

208. പണ്ഡിതപൂജാതല്പരനും, കുടുംബാംഗങ്ങളോട് സരളമായി പെരുമാറുന്നവനും സത്സ്വഭാവിയുമായവൻ വളരെക്കാലം ഭൂമിയെ പരിപാലിക്കുന്നവനായിരിക്കും.

209. ശൂരൻ, വിദ്വാൻ, സേവനങ്ങളെ വഴിപോലെ അറിയുന്ന പുരുഷന്മാർ ഭൂമിയിൽ സ്വർണ്ണപുഷ്പങ്ങളെ ഉല്പാദിപ്പിക്കുവാൻ സമർത്ഥരാകുന്നു.

210. ബുദ്ധിയുപയോഗിച്ച് ചെയ്യുന്ന പണി ശ്രേഷ്ഠങ്ങളും, കൈകൾകൊണ്ട് ചെയ്യുന്നവ മധ്യമങ്ങളും, കാലുകൾ ഉപയോഗിച്ചു ചെയ്യുന്നവ അധമങ്ങളുമാണ്.

211. **ദത്താത്രേയ മഹർഷിയുടെ ഉപദേശം വിദുരൻ ഉദ്ധരിക്കുന്നു** - ധൈര്യം, മനോനിയന്ത്രണം, സത്യപരായണത, ധർമ്മപരിപാലനം, എന്നിവയാണ് സർവ്വഥാ കരണീയമായിട്ടുള്ളത് ഈ ധർമ്മാചരണം കൊണ്ട്



Scanned with CamScanner

പുരുഷന്റെ ഹൃദയഗ്രന്ഥികൾ അഴിഞ്ഞ് പ്രിയത്തേയും അപ്രിയത്തേയും ആത്മസമാനമായി സ്വീകരിക്കുവാൻ സാദ്ധ്യമാകുന്നു.

212. ഇങ്ങോട്ട് അപഹസിച്ചാലും അങ്ങോട്ട് അപഹസിക്കാതിരിക്കണം. ക്ഷമിക്കുന്നവന്റെ നിയന്ത്രിക്കപ്പെടുന്ന കോപം അപഹസിക്കുന്നവനെ ദഹിപ്പിക്കുന്നു. മാത്രമല്ല അവന്റെ പുണ്യത്തേയും വലിച്ചെടുക്കുന്നു.

213. അന്യരെ അപഹസിക്കുകയോ അപമാനിക്കുകയോ ചെയ്യരുത്. മിത്രത്തെ ദ്രോഹിക്കരുത്. ദുർജനങ്ങളെ സേവിക്കരുത്. അഹങ്കരിച്ച് നടക്കരുത്. സദാചാരത്തെ പരിത്യജിക്കരുത്, രൂക്ഷവും രോഷപൂർണ്ണവുമായ വാക്കുകളെ വർജ്ജിക്കണം.

214. രൂക്ഷമായ വാക്കുകൾ അതേല്ക്കുന്ന പുരുഷന്റെ മർമ്മങ്ങളേയും അസ്ഥികളേയും ഹൃദയത്തേയും പ്രാണനെത്തന്നേയും ദഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ധർമ്മതല്പരനായ പുരുഷൻ രൂക്ഷമായ വാക്കുകളെ സദാ വർജിക്കേണ്ടതാകുന്നു.

215. മർമ്മം പിളർക്കുന്ന പരുഷവും രൂക്ഷവുമായ വാക്കുകളാകുന്ന ബാണങ്ങളെക്കൊണ്ട് അന്യർക്ക് വേദനയുണ്ടാക്കുന്ന മനുഷ്യരെ മഹാ അശ്രീകരന്മാരായിട്ടുവേണം കണക്കാക്കുവാൻ. അവർ അവരുടെ വായിൽത്തന്നെ മരണത്തേയും വഹിച്ചുകൊണ്ടാണ് നടക്കുന്നത്.

216. പരദ്രോഹികൾ ആരെങ്കിലും ഒരു ജ്ഞാനിയായ പുരുഷനെ, തീക്ഷ്ണ ബാണങ്ങളാകുന്ന വാക്കുകൾകൊണ്ട് പ്രഹരിക്കുകയാണെങ്കിൽ, അത് സഹിച്ചുകൊണ്ട്, അവൻ തന്റെ പുണ്യത്തെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് കരുതി, ജ്ഞാനിയായ ആ പുരുഷൻ അക്ഷോഭ്യനായിത്തന്നെ ഇരിക്കണം.

217. സജ്ജനങ്ങൾ അഥവാ ദുർജ്ജനങ്ങൾ, തപസ്വികൾ അഥവാ കള്ളന്മാർ – ഇവരുമായി സംസർഗ്ഗത്തിലേർപ്പെടുന്നതുകൊണ്ട് വസ്ത്രങ്ങൾ ചായങ്ങളിൽ മുക്കുമ്പോൾ നിറങ്ങൾ ഉൾക്കൊള്ളുന്നതുപോലെ മനുഷ്യരുടെ സ്വഭാവങ്ങൾക്കും വ്യത്യാസം വരുന്നു.

218. ഏതൊരു പുരുഷൻ സ്വയം ആരേയും അധിക്ഷേപിക്കുവാൻ തയ്യാറില്ലയോ, അദ്ദേഹം മറ്റൊരാളെക്കൊണ്ടും അന്യരെപ്പറ്റി കുറ്റം പറയിക്കുകയില്ല. സ്വയം പ്രഹരണമേല്ക്കാതെ അദ്ദേഹം പ്രതിയോഗിയെ പ്രഹരിക്കുവാൻ പോവുകയില്ല.

219. ഉരിയാടാതിരിക്കൽ സംസാരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്നാണ് അറിവുള്ളവർ പറയുന്നത്. സത്യമായത് പറയുന്നത് വാക്കിന്റെ രണ്ടാമത്തെ ഗുണമാണ്. സത്യമായത് പ്രിയങ്കരമായി പറയുകയാണെ



Scanned with CamScanner

ങിൽ അത് വാക്കിന്റെ മൂന്നാമത്തെ ഗുണമായിത്തീരും. സത്യവും പ്രിയവുമായത് ധർമ്മാനുസൃതമായിട്ടുകൂടി പറഞ്ഞാൽ അത് വാക്കിന്റെ നാലാമത്തെ ഗുണമായി പരിഗണിക്കേണ്ടതാണ്.

220. ഏതുവിധം ആൾക്കാരുമായി സഹവസിക്കുന്നുവോ ഏതുവിധം ആൾക്കാരെ പരിചരിക്കുന്നുവോ, താൻ എങ്ങനെയാകണമെന്ന് സ്വയം ഇച്ഛിക്കുന്നുവോ ആ വ്യക്തി അതുപോലെത്തന്നെയായിത്തീരുന്നു.

221. മനുഷ്യൻ ഏതേതു വിഷയങ്ങളിൽനിന്ന് മനസ്സിനെ പിൻവലിക്കുന്നുവോ ആ വിഷയങ്ങളിൽനിന്ന് അദ്ദേഹത്തിന് മുക്തി ലഭിക്കുന്നു. ഇപ്രകാരം എല്ലാ വിഷയങ്ങളിൽനിന്നും നിവൃത്തിനേടുന്ന മനുഷ്യൻ പിന്നെ യാതൊരു ദുഃഖവും അനുഭവിക്കുന്നില്ല.

222. ഏതൊരു പുരുഷൻ അന്യനെ ജയിക്കുവാൻ ആഗ്രഹിക്കുന്നില്ലയോ, അന്യരാൽ ജയിക്കപ്പെടുവാൻ അനുവദിച്ച് കൊടുക്കുന്നില്ലയോ, ആരോടും വൈരം വെച്ച് പുലർത്തുന്നില്ലയോ, ആരേയും ദ്രോഹിക്കുവാൻ ആഗ്രഹിക്കുന്നില്ലയോ, അന്യരാൽ നിന്ദിക്കപ്പെട്ടാലും പ്രശംസിക്കപ്പെട്ടാലും സമഭാവത്തോടെ വർത്തിക്കുന്നുവോ ആ പുരുഷൻ സുഖദുഃഖാനുഭവങ്ങൾക്ക് അതീതനാകുന്നു.

223. ഏതൊരു പുരുഷനാണോ സകലരുടേയും ക്ഷേമത്തെ കാംക്ഷിക്കുന്നത് അദ്ദേഹം ആർക്കും ദോഷം വരാവുന്ന കാര്യം മനസ്സിൽ ചിന്തിക്കുകപോലും ചെയ്യുന്നില്ല. സത്യവാദിയും മൃദുഭാഷിയും ജിതേന്ദ്രിയനുമായ ആ മഹാനെ ഉത്തമപുരുഷനെന്നു പറയുന്നു.

224. അതുപോലതന്നെ, ഏതൊരു പുരുഷൻ കപടഭാവേന സാന്ത്വന വാക്കുകൾ പറയുന്നില്ലയോ, പ്രതിജ്ഞ ചെയ്തതുപോലെ ശരിക്കും കൊടുത്തുതീർക്കുന്നുവോ, അന്യരുടെ ദൗർബല്യങ്ങൾ സസൂക്ഷ്മം മനസ്സിലാക്കിവെക്കുന്നുവോ ആ വ്യക്തി മദ്ധ്യമപുരുഷനാകുന്നു.

225. ഏതൊരു പുരുഷന്റെ ശാസനങ്ങൾ അത്യധികം കഠിനങ്ങളും പാപപങ്കിലങ്ങളുമാണോ, കോപാവേശം നിമിത്തം അന്യരെ ദ്രോഹിക്കുന്നതിൽനിന്ന് പിൻമാറുന്നില്ലയോ, ഉപകാരസ്മരണ തീരെയില്ലാതെ പ്രവർത്തിക്കുന്നുവോ, ആരുമായും മൈത്രിയിൽ വർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ലയോ ആ വ്യക്തി അധമപുരുഷനാകുന്നു.

226. ഏതൊരു പുരുഷൻ തന്നെത്താൻ സംശയിക്കുന്നതിനാൽ അന്യരിൽനിന്ന് നന്മ പ്രതീക്ഷിക്കുന്നില്ലയോ, അതുകൊണ്ടുതന്നെ മിത്രങ്ങളെ പരിത്യജിച്ച് നിശ്ചിന്തനായി വർത്തിക്കുന്നുവോ അയാൾ തീർച്ചയായും അധമപുരുഷൻതന്നെയാകുന്നു.



Scanned with CamScanner

227. സ്വന്തം ശ്രേയസ്സിനെ കാംക്ഷിക്കുന്ന പുരുഷൻ ഉത്തമന്മാരെത്തന്നെയാണ് സേവിക്കേണ്ടത്. ആപത്ക്കാലം വന്നുപെടുകയാണെങ്കിൽ മദ്ധ്യമന്മാരെ കൂടി സ്വല്പകാലത്തേക്ക് സേവിക്കാം. എന്നാൽ അധമന്മാരെ ഒരിക്കലും ഏതവസ്ഥയിലും സേവിക്കരുതാത്തതാകുന്നു.

228. ഒരവന് ദുർജ്ജനങ്ങളുടെ ശക്തി ഉപയോഗപ്പെടുത്തിയും സ്വന്തം നിരന്തരപരിശ്രമംകൊണ്ടും തന്റെ തന്നെ ബുദ്ധിശക്തി ഉപയോഗപ്പെടുത്തിയും സ്വന്തം പൗരുഷംകൊണ്ടും ധാരാളം ധനം സമ്പാദിക്കുവാൻ സാധിക്കും. അതുകൊണ്ടൊന്നും അവർക്ക് സത്കുലജാതരുടെ അഭിനന്ദനമോ സദാചാരനിഷ്ഠയോ പൂർണ്ണമായി സിദ്ധിക്കുന്നതല്ല.

**ഇതുവരെ ദത്താത്രേയൻ നൽകിയ ഉപദേശങ്ങൾ വിദുരർ, ധൃതരാഷ്ട്രരോട് വിവരിക്കുകയായിരുന്നു.**

229. ഏതു കുലങ്ങളിലാണോ തപസ്സ്, ഇന്ദ്രിയ സംയമനം, വേദാദ്ധ്യയനം, യജ്ഞം, പുണ്യവിവാഹം, നിരന്തരമായ അന്നദാനം, സദാചാരനിരത – ഈ ഏഴു ഗുണങ്ങൾ സ്ഥിരമായി നിലനില്ക്കുന്നത് ആ കുലങ്ങളെയാണ് മഹത്കുലങ്ങളായി പരിഗണിക്കേണ്ടത്.

230. ഏതൊരു പുരുഷന്റെ സദാചാരം ശിഥിലമാകുന്നില്ലയോ, ഏതൊരുവന്റെ ദുഷ്പ്രവർത്തനങ്ങളാൽ മാതാപിതാക്കൾക്ക് ദുഃഖം അനുഭവിക്കേണ്ടിവരുന്നില്ലയോ, ഏതൊരുവനാണോ സന്തോഷത്തോടെ ധർമ്മം യഥാവിധി ആചരിക്കുന്നത്, ഏതൊരുവനാണോ അസത്യത്തെ ത്യജിച്ച് തന്റെ കുലത്തിന് സത്കീർത്തി ഇച്ഛിക്കുന്നത് അത്തരത്തിലുള്ള പുരുഷന്മാർ സത്കുലജാതരാകുന്നു.

231. യഥാകാലം യജ്ഞാദികർമ്മങ്ങൾ നടത്താതിരിക്കുന്നതിനാലും ദൂഷിതകുലങ്ങളിൽനിന്ന് വിവാഹം ചെയ്യുന്നതിനാലും, വേദത്തെ ത്യജിച്ച് പ്രവർത്തിക്കുന്നതിനാലും, ധർമ്മശാസ്ത്രങ്ങളെ ഉല്ലംഘിക്കുന്നതിനാലും ഉത്തമകുലങ്ങൾ ദൂഷിച്ചുപോകുന്നു.

232. ദേവന്റെ സ്വത്ത് നശിപ്പിക്കുന്നതുകൊണ്ടും പണ്ഡിതരുടെ സ്വത്ത് അപഹരിക്കുന്നതുകൊണ്ടും പണ്ഡിതരോട് അതിക്രമം കാണിക്കുന്നതുകൊണ്ടും ഉത്തമകുലങ്ങൾ അധമകുലങ്ങളായിത്തീരുന്നു.

233. പണ്ഡിതരോട് അനാദരവ് കാണിക്കുന്നതുകൊണ്ടും, അവരെ അപവാദം പറയുന്നതുകൊണ്ടും, സൂക്ഷിക്കാൻ ഏല്പിച്ച ധനം തിരികെ കൊടുക്കാതെ സ്വന്തമാക്കുന്നതുകൊണ്ടും സത്കുലങ്ങൾ നിന്ദിത കുലങ്ങളായിത്തിരുന്നു.



Scanned with CamScanner

234. ധാരാളം പശുക്കളും ധനവും പുരുഷന്മാരും ഉള്ള കുടുംബങ്ങളായിരുന്നാലും അവ സദാചാരവിഹീനങ്ങളായിരുന്നാൽ ഉത്തമകുടുംബങ്ങളായി പരിഗണിക്കപ്പെടുന്നില്ല.

235. സമ്പത്ശേഷി അധികമില്ലാത്ത കുലങ്ങളായിരുന്നാലും സദാചാരസമ്പന്നമാണെങ്കിൽ അവ ഉത്തമകുലങ്ങളാണ്. അത്തരം കുടുംബങ്ങളുടെ യശസ്സ് വർദ്ധിച്ചുവരികയും ചെയ്യും.

236. സദാചാരത്തെ പ്രയാസപ്പെട്ടും സംരക്ഷിക്കേണ്ടതാണ്. ധനം ഉണ്ടാവുകയും നശിക്കുകയും ചെയ്യും എന്നാൽ സദാചാരത്തിൽനിന്ന് ഭ്രഷ്ടമായാൽ ആ കുലം നശിച്ചുപോയതായിത്തന്നെ കണക്കാക്കണം.

237. ഏതൊരുകുലം സദാചാരഭ്രഷ്ടമായിത്തീരുന്നുവോ ആ കുലത്തിൽ പശുക്കളും, ഗോക്കളും, കുതിരകളും ധാരാളം കൃഷി സമ്പത്തും ഉണ്ടെങ്കിൽകൂടി ആ കുലം അഭിവൃദ്ധി പ്രാപിക്കുന്നില്ല.

238. നമ്മുടെ കുലത്തിൽ വൈരം വരുത്തിവയ്ക്കുന്നവരായി ആരും ഉണ്ടാകരുത്. അന്യരുടെ ധനത്തെ അപഹരിക്കുന്ന രാജാവോ മന്ത്രിയോ ഉണ്ടാകരുത്. മിത്രദ്രോഹിയോ കളവ് ചെയ്യുന്നവനോ അസത്യം പറയുന്നവനോ ഉണ്ടാകരുത്.

239. പണ്ഡിതരെ വധിക്കുന്നവരോ, ബ്രാഹ്മണരെ ദ്വേഷിക്കുന്നവരോ, പിതൃക്കളെ സന്തുഷ്ടരാക്കാത്തവരോ, നമ്മുടെ സഭയിൽ പ്രവേശിക്കുക പോലും ചെയ്യരുത്.

240. പുല്ലുകൊണ്ടുണ്ടാക്കിയ പായ, അതിഥികൾക്ക് ഇരിക്കുവാനുള്ള സ്ഥലം, കഴിക്കുവാനും മറ്റുമുള്ള ജലം, മധുരമായ വാക്കുകൾ ഇവ സജ്ജനങ്ങളുടെ ഗൃഹങ്ങളിൽ സുലഭമായി ഉണ്ടായിരിക്കണം.

241. ധർമ്മാത്മാക്കളുടെ ഗൃഹങ്ങളിൽ മുൻപറഞ്ഞ വസ്തുക്കൾ വളരെ ശ്രദ്ധയോടെ അതിഥിസൽക്കാരത്തിനായി സംഭരിച്ചുവെക്കുന്നു.

242. ചെറിയ ഒരു രഥത്തിനുപോലും നല്ലഭാരം വഹിക്കുവാനുള്ള ശേഷിയുണ്ട്. എന്നാൽ ഉണങ്ങിയ മരക്കൊമ്പിന് അത്രഭാരം സഹിക്കുവാൻ സാദ്ധ്യമല്ലല്ലോ. ഇതുപോലെ ഉത്തമകുലജാതരായ പുരുഷന്മാർക്ക് ഭാരിച്ച ഉത്തരവാദിത്വം വഹിക്കുവാനുള്ള കഴിവുണ്ടാകുന്നു. സാധാരണ മനുഷ്യർക്ക് അത്തരത്തിലുള്ള കഴിവുകൾ ഉണ്ടായിരിക്കയില്ല.

243. ഏതൊരുവന്റെ കോപത്താൽ ഭയപ്പെടേണ്ടിവരുന്നുവോ, ഏതൊരുവനെ ശങ്കിച്ച് അവന്റെ സേവ ചെയ്യേണ്ടിവരുന്നുവോ അത്തരക്കാരൻ ഒരിക്കലും ബന്ധുവല്ല, ഏതൊരുവൻ പിതാവിനെപ്പോലെ സമാശ്വസിപ്പിക്കുന്നുവോ അവൻ മാത്രമാണ് ബന്ധു, മറ്റുള്ളവർ കൂട്ടുകാരും.



Scanned with CamScanner

244. യാതൊരു കുടുംബബന്ധവുമില്ലാതെതന്നെ ഏതൊരുവൻ മിത്രഭാവത്തിൽ വർത്തിക്കുന്നുവോ അവൻതന്നെയാണ് ബന്ധുവും മിത്രവും. അവൻതന്നെയാണ് സഹായവും ആശ്രയവും.

245. ഏതൊരുവന്റെ ചിത്തം ചഞ്ചലമായിരിക്കുന്നുവോ, ഏതൊരുവൻ വൃദ്ധന്മാരെ സേവിക്കുന്നില്ലയോ അത്തരം അനിശ്ചിതമതിയായവന് മിത്രങ്ങളുമായുള്ള ചേർച്ച സ്ഥായിയായിരിക്കയില്ല.

246. മനസ്സുറപ്പില്ലാത്തവർക്കും അറിവില്ലാത്തവർക്കും അർത്ഥലാഭം സിദ്ധിക്കുകയില്ല.

247. പെട്ടെന്ന് കോപിക്കുകയും കാരണമില്ലാതെ സന്തോഷിക്കുകയും ചെയ്യുന്നത് ദുർജ്ജനങ്ങളുടെ ലക്ഷണമാണ്.

248. മിത്രങ്ങളുടെ സൽക്കാരം സ്വീകരിച്ച് അവരുടെ സഹായംകൊണ്ട് കാര്യങ്ങൾ സാധിച്ച് അവരുമായി സൗഹൃദത്തിൽ വർത്തിക്കാത്ത കൃതഘ്നരായ ദുർജ്ജനങ്ങൾ മരിക്കുമ്പോൾ അവരുടെ മൃതശരീരത്തെ മാംസഭുക്കുകളായ ജന്തുക്കൾ കൂടി ഭക്ഷിക്കുകയില്ല.

249. മിത്രങ്ങളെ സൽക്കരിക്കണം. അവർക്കു ധനം ഉണ്ടോ ഇല്ലയോ എന്നത് കാര്യമേയല്ല. മിത്രങ്ങളിൽനിന്ന് ഒന്നും സ്വീകരിക്കാതിരുന്നു കൊണ്ട് അവരുടെ കഴിവിനേയും കഴിവുകേടിനേയും പരീക്ഷിക്കരുത്.

250. ദുഃഖസഹനംകൊണ്ട് സൗന്ദര്യം നശിക്കുന്നു. ദുഃഖസഹനം കൊണ്ട് ബലക്ഷയം വരുന്നു, ദുഃഖസഹനംകൊണ്ട് വിവേചനശക്തി പതറുന്നു, ദുഃഖാധിക്യത്താൽ വ്യാധിയും വന്നുകൂടുന്നു.

251. ആഗ്രഹങ്ങൾ ദുഃഖിച്ചിരുന്നതുകൊണ്ട് സാധിക്കുകയില്ല. മറിച്ച്, ദുഃഖത്താൽ ശരീരം ഉഷ്ണിച്ച് ദൂഷിതമാകുന്നു. ഇതിൽ ശത്രുക്കൾ സന്തോഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് മനസ്സിൽ ശോകത്തെ വെച്ചുപുലർത്തരുത്.

252. മനുഷ്യൻ വീണ്ടും വീണ്ടും ഹാനിയടയുകയും വർദ്ധിക്കുകയും ചെയ്യുന്നു. പല തവണ യാചിക്കുകയും അന്യരെക്കൊണ്ട് യാചിപ്പിക്കുകയും ചെയ്യുന്നു. പല പ്രാവശ്യം അന്യർക്കുവേണ്ടി ദുഃഖിക്കുകയും അന്യരെ ദുഃഖിപ്പിക്കുകയും ചെയ്യുന്നു.

253. സുഖദുഃഖങ്ങൾ, ഉല്പത്തിവിനാശങ്ങൾ, ലാഭനഷ്ടങ്ങൾ, ജനനമരണങ്ങൾ ഇവയെല്ലാം മാറിമാറി എല്ലാവർക്കും വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഹേ രാജൻ, ധീരനായ പുരുഷൻ ഇവയിലൊന്നും സന്തോഷിക്കുകയോ സന്തപിക്കുകയോ ചെയ്യുന്നില്ല.



Scanned with CamScanner

254. മനുഷ്യന്റെ ഷഡിന്ദ്രിയങ്ങൾ അത്യന്തം ചഞ്ചലങ്ങളാണ്. ഏതേത് വിഷയങ്ങളിൽ ഈ ഇന്ദ്രിയങ്ങൾ വ്യാപരിക്കുന്നുവോ അതാതിടങ്ങളിൽക്കൂടെയെല്ലാം മനുഷ്യന്റെ ബുദ്ധിശക്തി ചോർന്നുപോകുന്നു.

255. തപസ്സ്, ഇന്ദ്രിയനിഗ്രഹം, സർവ്വോപരി ലോഭത്യാഗം എന്നിവകൊണ്ടല്ലാതെ മനഃശാന്തിയുണ്ടാകുവാൻ വേറെ ഒരു മാർഗ്ഗവും ഇല്ല.

256. ബുദ്ധികൊണ്ടാലോചിച്ചു ഭയത്തെ നിർമ്മാർജ്ജനം ചെയ്യാം. തപസ്സനുഷ്ഠിച്ച് മഹത്ത്വത്തെ പ്രാപിക്കാം. ഗുരുശുശ്രൂഷകൊണ്ട് ജ്ഞാനത്തെ സമ്പാദിക്കാം. യോഗാഭ്യാസംകൊണ്ട് മനഃശാന്തിയും നേടാം. മനഃശാന്തിയാണല്ലോ പരമസുഖമായ അവസ്ഥ.

257. മോക്ഷം കാംക്ഷിക്കുന്ന മനുഷ്യർ ദാനംകൊണ്ട് നേടാവുന്ന പുണ്യത്തെ ആശ്രയിക്കുന്നില്ല. വേദോക്തമായ കർമ്മങ്ങൾ ചെയ്യുന്നത്കൊണ്ടുള്ള പുണ്യത്തേയും ആശ്രയിക്കുന്നില്ല. അവൻ രാഗദ്വേഷനിർമുക്തരായി ഈ ലോകത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

258. നല്ലപോലെ വിദ്യാഭ്യാസം ചെയ്തവനും, ന്യായമായ മാർഗ്ഗത്തിലൂടെ യുദ്ധം ചെയ്തവനും സുകൃതകർമ്മങ്ങൾ വഴിപോലെ ആചരിച്ചവനും, വിധിയാംവണ്ണം തപസ്സനുഷ്ഠിച്ചവനും അവസാനം വർദ്ധിച്ച സുഖം അനുഭവിക്കുന്നു.

259. ഭിന്നബുദ്ധി ഭേദഭാവം വച്ചുപുലർത്തുന്നവർക്കും മിത്രങ്ങളുമായി സദാ സ്പർദ്ധയിൽ വർത്തിക്കുന്നവർക്കും  നല്ല കട്ടിലിൽ നല്ലകിടക്ക വിരിച്ച് കിടന്നാലും ഉറക്കം വരികയില്ല.

260. പരസ്പരം ഭേദഭാവം മനസ്സിൽ വെച്ചുപുലർത്തുന്നവർക്കും, മിത്രങ്ങളുമായി വൈരത്തിൽ കഴിയുന്നവർക്കും വഴിപോലെയുള്ള ധർമ്മാചരണം സാധ്യമല്ല, യാതൊരു മനസ്സുഖവും ഉണ്ടാവുകയില്ല, ശാന്തിയുടെ സന്ദേശവും രുചിക്കുകയില്ല.

261. ബന്ധുക്കളുമായി സദാവൈരത്തിൽ വർത്തിക്കുന്നവർക്ക് സദുപദേശങ്ങൾ പത്ഥ്യമായി തോന്നുകയില്ല. അവർക്ക് യോഗക്ഷേമവും സിദ്ധിക്കുന്നില്ല. അവർക്ക് സർവ്വനാശമല്ലാതെ വേറെ ഗതിയൊന്നുമില്ല.

262. പശുക്കളിൽ പാൽ സമൃദ്ധമായി ഉണ്ടാകുന്നതുപോലെയും പണ്ഡിതരിൽ തപസ്സ് വർദ്ധിക്കുന്നതുപോലെയും, സ്ത്രീകളിൽ ചാപല്യം സ്വാഭാവികമായി ഉണ്ടാകുന്നതുപോല്ലെയും ബന്ധുക്കളിൽ നിന്ന് ഭയം സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

263. ദിവസേന നനച്ച് പരിപാലിച്ച് വളർത്തിക്കൊണ്ടുവന്ന ഒരു ലതാകുഞ്ജം വളരെ കൊല്ലങ്ങളോളം പലവിധ ദുസ്ഥിതികളും സഹിക്കു



Scanned with CamScanner

വാൻ കെല്പുള്ളതായിരിക്കുന്നതുപോലെ സജ്ജനങ്ങളും പലകഷ്ട ങ്ങളും സഹിക്കുവാൻ കഴിവുള്ളവരായിരിക്കും.

264. ജ്വലിക്കുന്ന തീക്കൊള്ളികൾ വെവ്വേറെ വെയ്ക്കുമ്പോൾ അവ യിൽ പുക പൊങ്ങുന്നു. എന്നാൽ ഈ തീക്കൊള്ളികൾ ഒരുമിച്ചുവ യ്ക്കുമ്പോൾ അവയിൽനിന്ന് തീ നാളങ്ങൾ ഉദ്ഗമിക്കുന്നു. അതു പോലെ ബന്ധുക്കൾ അകന്നിരിമ്പോൾ ദുഃഖിക്കുന്നു. ഒരുമിച്ചാകുമ്പോൾ സുഖമായി ജീവിക്കുന്നു.

265. പണ്ഡിതരോടും പശുക്കളോടും സ്ത്രീകളോടും തന്റെ ബന്ധു ക്കളോടും ശൂരത കാണിക്കുന്നവർ, അധപ്പതിക്കുന്നു.

266. വലിയതും ബലമുള്ളതും നല്ലപോലെ വേരുറപ്പുള്ളതും ശാഖോ പശാഖകളോടുകൂടിയതും ആണെന്നിരിക്കലും ഒറ്റക്കു നില്ക്കുന്ന ഒരു വൻവൃക്ഷത്തെ ആഞ്ഞടിക്കുന്ന കാറ്റിന് ബലാൽക്കാരേണ ക്ഷണനേ രംകൊണ്ട് നിലം പതിപ്പിക്കുവാൻ സാധിക്കും.

267. വളരെ വൃക്ഷങ്ങൾ ഒരുമിച്ച് ഇടതിങ്ങി പരസ്പരം ആശ്രയിച്ച് നില്ക്കുമ്പോൾ അവയിൽ ഒന്നിനെപ്പോലും അതിശക്തിയോടെ ആഞ്ഞ ടിക്കുന്ന കൊടുങ്കാറ്റിനുകൂടി കടപുഴക്കാൻ സാധിക്കുന്നില്ല.

268. ഇപ്രകാരം സകലഗുണസമ്പന്നനായ മനുഷ്യനുകൂടി ഒറ്റക്കാകു മ്പോൾ ശത്രുവിന്റെ ശക്തിക്ക് കീഴ്പ്പെടുമോ എന്ന് ഭയമുണ്ടാകുന്നു. ഒറ്റക്ക് നില്ക്കുന്ന വൃക്ഷം കൊടുങ്കാറ്റിനെ ഭയപ്പെടുന്നതുപോലെ.

269. എന്നാൽ പരസ്പരം തൂണുകളെപ്പോലെ ഒന്ന് മറ്റൊന്നിന് സഹാ യകമായി സ്ഥിതിചെയ്താൽ എല്ലാവരും അഭിവൃദ്ധി പ്രാപിക്കും.

270. പണ്ഡിതൻ, പശു, കുടുംബാംഗം, ബാലകൻ, സ്ത്രീ, അന്നദാതാ വ്, ശരണാഗതൻ എന്നിവർ ഒരിക്കലും പരസ്പരം യുദ്ധം ചെയ്യുകയോ, കൊല്ലുകയോ അരുത്.

271. അങ്ങേയ്ക്ക് രോഗമൊന്നും ബാധിക്കാതിരിക്കട്ടെ, സദാ മംഗളം ഭവിക്കട്ടെ, മനുഷ്യന് ദാരിദ്ര്യമില്ലായ്മയും രോഗമില്ലായ്മയുമാണ് ഏറ്റവും വലിയ ഭാഗ്യം. രോഗഗ്രസ്തൻ മൃതനായവന്ന് തുല്യമാകുന്നു.

272. രോഗബാധയൊന്നും കൂടാതെതന്നെ തലയിൽ വേദനയും എരി ച്ചിലും ഉണ്ടാകുന്നു. പാപസംബന്ധിയും കഠിനവും തിക്തവും തീക്ഷ് ണവും ഉഷ്ണമേറിയതും സജ്ജനങ്ങൾ പാനം ചെയ്യുന്നു. ദുർജ്ജന ങ്ങൾക്ക് ഇതിനെ പാനം ചെയ്യുവാൻ സാദ്ധ്യമല്ല. അങ്ങനെയിരിക്കുന്ന കോപത്തെ അങ്ങ് ധൈര്യസമേതം പാനം ചെയ്ത് പ്രശാന്തനായാലും.



Scanned with CamScanner

273. രോഗപീഢിതനായ മനുഷ്യൻ മധുരഫലങ്ങളെ ആഹരിക്കുന്നില്ല. അവയുടെ സ്വാദ് അവൻ അറിയുന്നില്ല. വിഷയഭോഗങ്ങളിലും അവന് അല്പംപോലും സുഖമോ ആസ്വാദനമോ ലഭിക്കുന്നില്ല. രോഗപീഢിതൻ സദാ ദുഃഖിതനായിത്തന്നെയിരിക്കുന്നു. അവൻ ധനസംബന്ധമായ സുഖഭോഗങ്ങൾ അനുഭവിക്കുവാൻ ശക്തനേയല്ല.

274. അറിവുള്ളവൻ വഞ്ചനയെ വർജ്ജിക്കുകയാണ് വേണ്ടത്. എന്നാൽ അങ്ങ് ഞാൻ പറഞ്ഞത് അന്നു കേട്ടില്ല.

275. മൃദുലസ്വഭാവികളോട് വിരോധം കാണിക്കുന്നത് ബലവാന്റെ ലക്ഷണമല്ല. സൂക്ഷ്മമായ ധർമ്മത്തെ ശരിക്കറിഞ്ഞ് പ്രവർത്തിക്കണം.

276. അങ്ങയുടെ പുത്രന്മാർ പാണ്ഡുപുത്രന്മാരെ രക്ഷിക്കട്ടെ. പാണ്ഡുപുത്രന്മാർ അങ്ങയുടെ പുത്രന്മാരേയും രക്ഷിക്കട്ടെ. കുരുവംശത്തിലുള്ളവരെല്ലാം ഓരോരുത്തരുടെയും ബന്ധുക്കളെ തങ്ങളുടെ മുഴുവൻ ബന്ധുക്കളായും ഓരോരുത്തരുടെ ശത്രുക്കളേയും തങ്ങളുടെ മുഴുവൻ ശത്രുക്കളായും കാണുമാറാകട്ടെ എല്ലാവരുടേയും കർത്തവ്യം ഇതാണ്. സുഖസമൃദ്ധമായി ജീവിക്കുവാനുള്ള ഏകമാർഗ്ഗവും ഇതാണ്.

277. ഇപ്പോൾ അങ്ങാണ് മുഴുവൻ കുരുവംശത്തിന്റേയും നടുത്തൂണ്. കുരുവംശം മുഴുവനും അങ്ങയുടെ അധീനത്തിലാണ്, കുന്തിയുടെ മക്കൾ ബാലന്മാരാണ്. അവരിപ്പോഴും കാട്ടിൽ താമസിച്ച് കഷ്ടപ്പെടുകയാണ്. ഇപ്പോൾ അങ്ങ് അങ്ങയുടെ കീർത്തിയേയും പാർത്ഥന്മാരേയും രക്ഷിക്കുകയാണ് ചെയ്യേണ്ടത്.

278. അങ്ങ് പാണ്ഡവരുമായി സന്ധിചെയ്താലും. ശത്രുക്കൾക്ക് അങ്ങയുടെ മക്കളുടെ പരസ്പര ശത്രുതയിൽനിന്നും അവസരം ലഭിക്കാതിരിക്കട്ടെ. അങ്ങ് ദുര്യോധനനെ നിലയ്ക്ക് നിർത്തുക. അതാണ് ഹേ രാജൻ, അങ്ങ് ഇപ്പോൾ ചെയ്യേണ്ടത്.

279. ആകാശത്തിൽ മുഷ്ടിചുരുട്ടി ഇടിക്കുന്നവർ, മഴവില്ലിനെ വളയ്ക്കുവാനാഗ്രഹിക്കുന്നവർ, സൂര്യരശ്മിയെ പിടിക്കുവാനാഗ്രഹിക്കുന്നവർ, ഗുരുസ്ഥാനീയരായ പുരുഷന്മാരെ ശാസിക്കുന്നവർ, മര്യാദയെ ലംഘിച്ച് നടന്നിട്ടും ഒരു ലജ്ജയും കൂടാതെ സന്തോഷമായി കഴിയുന്നവർ, ശത്രുക്കളെ ചെന്നാശ്രയിക്കുന്നവർ, അനർഹയായ സ്ത്രീയെ സംരക്ഷിക്കുന്നതുകൊണ്ട് തനിക്ക് ശ്രേയസ്സാണെന്ന് അഭിമാനിക്കുന്നവർ, യാചനീയരല്ലാത്ത പുരുഷന്മാരോട് യാചിക്കുന്നവർ ആത്മപ്രശംസ ചെയ്യുന്നവർ, സത്കുലരായിരുന്നിട്ടും നീചകർമ്മങ്ങൾ ചെയ്യുന്നവർ, ദുർബലരായിരുന്നിട്ടും ബലവാന്മാരോട് വൈരം പുലർത്തുന്നവർ, ശ്രദ്ധയില്ലാ



Scanned with CamScanner

ത്തവരെ ഉപദേശിക്കുന്നവർ, ശാസ്ത്രാനുസൃതംഅഭികാമ്യമല്ലാത്ത വസ്തുക്കളെ ആഗ്രഹിക്കുന്നവർ, പുത്രവധുവുമായി ഹാസ്യസംഭാഷണം ചെയ്യുന്നവർ, പുത്രവധുവുമായി ഏകാന്തത്തിൽ വസിച്ചിട്ടും സമുദായത്തിൽ പ്രതിഷ്ഠയാഗ്രഹിക്കുന്നവർ, പരസ്ത്രീയിൽ സ്വബീജനിക്ഷേപം ചെയ്യുന്നവർ, ആവശ്യത്തിലധികം സ്ത്രീയെ നിന്ദിക്കുന്നവർ, അന്യരിൽനിന്ന് വസ്തുക്കളെ സൂക്ഷിക്കുവാൻ സ്വീകരിച്ചിട്ട് അവർ തിരികെ ചോദിക്കുമ്പോൾ ഓർമ്മയില്ലെന്ന് പറയുന്നവർ, ചോദിച്ച മാത്രയിൽ കൊടുത്തിട്ട് അവർ തന്നോട് യാചിച്ചുവാങ്ങിയെന്ന് പറഞ്ഞുനടക്കുകയും അസത്യത്തെ സത്യമാണെന്ന് സ്ഥാപിക്കുവാൻ പ്രയാസപ്പെടുകയും ചെയ്യുന്നവർ - ഇപ്പറഞ്ഞ പതിനേഴുവിധം പുരുഷന്മാരാണ് നീചർ എന്നറിഞ്ഞുകൊള്ളുക.

280. തന്നോട്, ഏതുവിധത്തിൽ പെരുമാറുന്നുവോ അതേവിധത്തിൽതന്നെ ആ മനുഷ്യരോട് അങ്ങോട്ടും പെരുമാറണം. കാപട്യം കാണിക്കുന്നവരോട് അങ്ങോട്ടും കാപട്യം തന്നെ കാണിക്കണം. നല്ല വിധത്തിൽ ഇങ്ങോട്ട് പെരുമാറുന്നവരോട് നല്ലവിധത്തിൽ അങ്ങോട്ടും പെരുമാറണം. ഇതാണ് ധർമ്മം അനുശാസിക്കുന്നത്.

281. വാർദ്ധക്യം സൗന്ദര്യത്തേയും, ആഗ്രഹം ധൈര്യത്തേയും, മൃത്യു പ്രാണികളേയും, അസൂയ ധർമ്മാചരണത്തേയും, കാമം ലജ്ജയേയും, ദുർജ്ജനസേവ സദാചാരശീലത്തേയും, ക്രോധം ഐശ്വര്യത്തേയും, അഹങ്കാരം സകല ഗുണങ്ങളേയും ഹരിക്കുന്നു - നശിപ്പിക്കുന്നു.

282. അത്യധികമായ അഹങ്കാരം, അമിതമായ വാദപ്രതിവാദങ്ങൾ, ത്യാഗമനോഭാവമില്ലായ്മ, ക്രോധം, സ്വന്തം ഉദരപൂരണത്തെപ്പറ്റിയുള്ള വിചാരം മാത്രം, മിത്രദ്രോഹം എന്നീ ആറു മൂർച്ചയേറിയ കഠാരികളാണ് മനുഷ്യന്റെ ആയുസ്സിനെ അറുത്തുകൊണ്ടിരിക്കുന്നത്. ഈ ആയുധങ്ങളാണ് മനുഷ്യനെ അവന്റെ പൂർണ്ണായുസ്സായ നൂറുകൊല്ലത്തിനു മുമ്പുതന്നെ കൊല്ലുന്നത്, അല്ലാതെ മൃത്യുവല്ല.

283. ഏതൊരുവൻ തന്റെ വിശ്വസ്ത സുഹൃത്തിന്റെ പത്നിയുമായി അവിഹിതബന്ധം പുലർത്തുന്നുവോ, ഗുരുസ്ഥാനീയരുടെ പത്നിമാരെ സ്പർശിക്കുന്നുവോ, മദ്യപാനം ചെയ്യുന്നുവോ, തന്നിൽ മുതിർന്നവരോട് ആജ്ഞാപിക്കുന്നുവോ, അന്യരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുത്തുന്നുവോ, പണ്ഡിതരെ സന്ദേശവാഹകരാക്കി അയയ്ക്കുന്നുവോ, ശരണാഗതരെ വധിക്കുന്നുവോ ഇവർ എല്ലാവരുംതന്നെ നീചന്മാരാണ്. ഇവരുമായി ഇടപഴകുന്നവർകൂടിയും വിധിപ്രകാരമുള്ള പ്രായശ്ചിത്തത്തിന് വിധേയരാകേണ്ടതാണ്.



Scanned with CamScanner

284. ഗുരുജനങ്ങളുടെ വാക്കുകളെ അനുസരിച്ച് നടക്കുന്നവൻ, നയശീലൻ, ദാനശീലൻ, യജ്ഞശിഷ്ടം ഭുജിക്കുന്നവൻ, ഏതെങ്കിലും ഒരു ജീവിക്ക് അന്നം കൊടുത്തതിനുശേഷം ആഹാരം കഴിക്കുന്നവൻ, അഹിംസാശീലൻ, അനർത്ഥകൃത്യങ്ങൾ ആചരിക്കാത്തവൻ, കൃതജ്ഞൻ, സത്യസന്ധൻ, മൃദുസ്വഭാവൻ ഇത്തരത്തിലുള്ള വിദ്വാന്മാർ സ്വർഗ്ഗത്തെ പ്രാപിക്കുന്നു.

285. എല്ലായ്പോഴും പ്രിയം പറയുന്നവരെ സുലഭമായി കാണാൻ സാധിക്കും. എന്നാൽ അപ്രിയമാണെങ്കിലും ഗുണകരമായ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നവരും, ആ കാര്യങ്ങളെ ശ്രദ്ധയോടെ കേൾക്കുന്നവരും തുലോം ദുർല്ലഭമാകുന്നു.

286. ഒരു കുലത്തെ രക്ഷിക്കുവാൻ ഒരു വ്യക്തിയെ ഉപേക്ഷിക്കണം. ഒരു ഗ്രാമത്തെ രക്ഷിക്കുവാൻ ഒരു കുലത്തെ ത്യജിക്കണം, ഒരു രാജ്യത്തെ രക്ഷിക്കുവാൻ ഗ്രാമത്തെ ത്യജിക്കണം മോക്ഷം ലഭിക്കുവാൻ ഈ ഭൂമിയെത്തന്നെ ഉപേക്ഷിക്കണം.

287. ധർമ്മത്തെ ആധാരമാക്കി തന്റെ യജമാനന്റെ ഗുണത്തെമാത്രം കാംക്ഷിച്ച്, സ്വാമിക്ക് പ്രിയമോ അപ്രിയമോ എന്ന ചിന്തകൂടാതെ, അപ്രിയമായിരുന്നാലും ഗുണകരമായ ഉപദേശങ്ങൾ കൊടുക്കുന്നവനാണ് രാജാവിന്റെ യഥാർത്ഥ ബന്ധു.

288. പുരാതനകാലത്തുതന്നെ ചൂതുകളി മനുഷ്യരിൽ വൈരം വരുത്തിവെയ്ക്കുന്നതാണെന്ന് കണ്ടറിഞ്ഞിരിക്കുന്നു. അതിനാൽ ബുദ്ധിമാനായ മനുഷ്യൻ മനോരഞ്ജനത്തിനായിക്കൂടി ചൂതുകളിയിൽ ഏർപ്പെടരുത്.

289. ചൂതുകളിയാരംഭിക്കുമ്പോൾതന്നെ ഞാൻ പറഞ്ഞതല്ലേ, ഇത് നല്ലതിനല്ലാ എന്ന്. എന്നാൽ രോഗിക്ക് മരുന്നും പത്ഥ്യവും ഇഷ്ടമാകാത്തതുപോലെ, എന്റെ അഭിപ്രായം അങ്ങേയ്ക്ക് അന്ന് ഇഷ്ടമായില്ല.

290. അങ്ങ് കാക്കകളെപ്പോലുള്ള സ്വന്തം പുത്രന്മാരെകൊണ്ട് മയിലുകളെപ്പോലുള്ള പാണ്ഡവരെ തോല്പിക്കുവാൻ ശ്രമിക്കുകയാണ്. അങ്ങ് സിംഹങ്ങളെ ഉപേക്ഷിച്ചിട്ട് കുറുക്കന്മാരെ സംരക്ഷിക്കുന്നു. ഇതിനൊക്കെ വ്യസനിക്കേണ്ട സമയം അങ്ങേയ്ക്ക് വരുമെന്ന് തീർച്ചയാണ്.

291. സദാ കാലവും യജമാനന്റെ ഹിതത്തിനുവേണ്ടിമാത്രം പ്രവർത്തിച്ചുപോരുന്ന ഭക്തരായ ഭൃത്യർക്കുനേരെ ഒരു സ്വാമിയും കോപിക്കുകയില്ല. അത്തരം യജമാനന്മാരെ സേവകരും വിശ്വസിക്കുന്നു. ആപത്തുകാലത്തുകൂടി അവർ തങ്ങളുടെ സ്വാമിയെ പരിത്യജിക്കുന്നില്ല.

292. സ്വന്തം രാജ്യത്തിലെ കർമ്മചാരികളുടെ വേതനം നിർത്തലാക്കിയിട്ട് അന്യരാജ്യവും ധനവും അധീനമാക്കുവാൻ ഒരിക്കലും



Scanned with CamScanner

ശ്രമിക്കരുത്. എന്തുകൊണ്ടെന്നാൽ തങ്ങളുടെ വരുമാനം നഷ്ടപ്പെടുകയാൽ സുഖഭോഗങ്ങളനുഭവിക്കാൻ കഴിയാതെ ജീവിക്കുന്ന സ്നേഹമുള്ള മന്ത്രിമാർകൂടി രാജാവിനോട് വിരോധമുള്ളവരായിത്തീരും, അവർ രാജാവിനെ പരിത്യജിക്കപോലും ചെയ്യും.

293. ആദ്യമായി ചേയ്യേണ്ടത് വരവ്ചെലവു മുഴുവനും കൃത്യമായി കണക്കാക്കി ഉചിതമായ വേതനാദികൾ നിശ്ചയിച്ച്, പ്രാപ്തിയുള്ള നല്ല ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയാണ്. എത്ര പ്രയാസമുള്ള പദ്ധതിയായിരുന്നാലും നല്ല പ്രാപ്തിയുള്ള ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ എളുപ്പത്തിൽ ചെയ്തു തീർക്കുവാൻ സാധിക്കും.

294. ഏതൊരു സേവകനാണോ തന്റെ യജമാനന്റെ അഭിപ്രായത്തെ ശരിക്കും മനസ്സിലാക്കി ആലസ്യംകൂടാതെ എല്ലാ കാര്യങ്ങളും ശരിക്ക് ചെയ്തുതീർക്കുന്നത്, കർശനമായി കാര്യങ്ങൾ പറയുന്നവനും, സത്സ്വഭാവിയും, രാജാവിന്റെ ശക്തിയെ അറിയുന്നവനുമായ ഈ സേവകനെ തനിക്കു സമനായി കണക്കാക്കി അയാൾക്കു വേണ്ട സകല ആനുകൂല്യങ്ങളും ചെയ്തുകൊടുക്കേണ്ടതാകുന്നു.

295. ഏതൊരു സേവകനാണോ യജമാനന്റെ ആജ്ഞയെ മാനിക്കാതേയും കൊടുത്തപണിയൊന്നും ശരിക്കു ചെയ്യാതെയും തന്റെ ബുദ്ധിശക്തിയിൽ അഹങ്കരിച്ചും പറയുന്നതിനെല്ലാം സദാ വിപരീതം പറഞ്ഞും ഇരിക്കുന്നത് അത്തരത്തിലുള്ള ഭൃത്യനെ ഉപേക്ഷിക്കേണ്ടതാണ്.

296. അഹങ്കാരമില്ലായ്മ, ധൈര്യം, വേഗം പണിചെയ്തു തീർക്കുവാനുള്ള കഴിവ്, ദയ, സാമർത്ഥ്യം, മറ്റുള്ളവരുടെ പ്രലോഭനങ്ങൾക്ക് വശംവദനാകാതിരിക്കൽ, അരോഗദൃഢഗാത്രത, ഔദാര്യത്തോടെ സംസാരിക്കാനുള്ള കഴിവ് ഈ എട്ടു ഗുണങ്ങളോടുകൂടിയവൻ ദൂതകൃത്യത്തിന് നിയോഗിക്കപ്പെടുവാൻ യോഗ്യനാകുന്നു.

297. നല്ലവണ്ണം പരിചയമില്ലാത്ത ഒരുവന്റെ വീട്ടിൽ അസമയത്ത് വിശ്വസിച്ച് പോകരുത്, രാത്രിസമയങ്ങളിൽ നാൽക്കൂട്ടപ്പെരുവഴിയിൽ ഒളിഞ്ഞുനില്ക്കരുത്.

298. ദുർജ്ജനങ്ങളുമായി സംസർഗത്തിലേർപ്പെട്ട് അവരുമായി മന്ത്രാലോചന നടത്തിക്കൊണ്ടിരിക്കുന്ന രാജാവിന്റെ അടുത്തുപോയി പറയരുത്. ഏതെങ്കിലും കാരണം പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ് ചെയ്യേണ്ടത്.

299. അധികം ദയാലുവായ രാജാവ്, വ്യഭിചാരിണിയായ സ്ത്രീ, രാജസേവകൻ, പുത്രൻ, സഹോദരൻ, ചെറിയ കുഞ്ഞുള്ള വിധവ, അധികാരഭ്രഷ്ടനായ സൈനികോദ്യോഗസ്ഥൻ, ഈ വക ആളുകളുമായി ഇടപാടുകൾ ചെയ്തുകൂടാത്തതാകുന്നു.



Scanned with CamScanner

300. മേല്പറഞ്ഞ ഗുണങ്ങളെയെല്ലാംതന്നെ അതിവർത്തിക്കുന്ന വേറൊരു ഗുണമുണ്ട്. രാജാവ് എപ്പോൾ ഒരുവനെ സമ്മാനിതനാക്കുന്നുവോ ആ രാജകീയാംഗീകാരം മറ്റു ഗുണങ്ങളെ എല്ലാം അതൊന്നിൽ അടക്കുന്നു.

301. ദിവസേന സ്നാനം ചെയ്യുന്ന സ്വഭാവമുള്ളവർക്ക് ബലം, രൂപം മധുരസ്വരം, നല്ലനിറം, കോമളത, സ്പർശഗുണം, സുഗന്ധം, പവിത്രത, ശോഭ, സൗകുമാര്യം എന്നീ പത്തുഗുണങ്ങൾ ഉണ്ടാകുന്നു.

302. മിതമായി മാത്രം ആഹാരം കഴിക്കുന്നവർക്ക് ആറ് ഗുണങ്ങൾ ഉണ്ടാകുന്നു. ആരോഗ്യം, ആയുസ്സ്, ബലം, സുഖം എന്നിവയ്ക്കുപുറമേ, അവരുടെ സന്താനങ്ങൾക്ക് സൗന്ദര്യവുമുണ്ടാകുന്നു. പിന്നെ ഇവർ അദ്യൂനനാണെന്ന ദുഷ്പേരിന് പാത്രമാകുന്നുമില്ല.

303. പണിയെടുക്കുന്ന സ്വഭാവമേയില്ലാത്തവൻ, അമിതമായി ഭക്ഷണം കഴിക്കുന്നവൻ, ജനങ്ങളോട് എല്ലായ്പോഴും ശണ്ഠകൂടുന്നവൻ, വഞ്ചകൻ, ക്രൂരൻ, സ്ഥലകാലങ്ങൾ നോക്കാതെ പെരുമാറുന്നവൻ, വൃത്തിയില്ലാതെ വസ്ത്രധാരണം ചെയ്യുന്നവൻ ഇത്തരക്കാരെ ആരേയും ഒരിക്കലും വീട്ടിൽ താമസിപ്പിക്കരുത്.

304. വളരെ വിഷമത്തിൽ അകപ്പെട്ടാൽകൂടി കൃപണൻ, പുലഭ്യം പറയുന്നവൻ, മൂർഖൻ, കാടൻ, വൈരം സൃഷ്ടിക്കുന്നവൻ, കൃതഘ്നൻ എന്നിവരോട് യാതൊരു സഹായവും യാചിക്കരുത്.

305. ക്ലേശങ്ങളായ കർമ്മങ്ങളെ ചെയ്യുന്നവൻ, അത്യധികം പ്രമാദത്തോടുകൂടിയവൻ, സദാ അസത്യം പറയുന്നവൻ, ദൃഢമായ ഭക്തിയില്ലാത്തവൻ, സ്നേഹം നശിച്ചവൻ, ഇത്തരത്തിലുള്ള ആറ് വിധം അധമപുരുഷന്മാരെ ഒരിക്കലും ആശ്രയിക്കരുത്.

306. സമ്പത്ത് സഹായങ്ങൾകൊണ്ട് സിദ്ധിക്കുന്നതാണ്: സഹായങ്ങൾ സമ്പത്തുകൊണ്ട് സിദ്ധിക്കുന്നതുമാണ്. ഇവ രണ്ടും പരസ്പരാശ്രിതങ്ങളായി വർത്തിക്കുന്നു. പരസ്പരാശ്രയം കൂടാതെ ഇവ രണ്ടും സിദ്ധിക്കുന്നതുമില്ല.

307. പുത്രന്മാർക്ക് ജന്മം നൽകി അവരെ ഋണങ്ങളിൽനിന്ന് വിമുക്തരാക്കി, അവർക്ക് ജീവനോപായങ്ങളുമേർപ്പെടുത്തിക്കൊടുത്ത്, പുത്രിമാരെ യോഗ്യരായ വരന്മാർക്ക് വിവാഹം ചെയ്തുകൊടുത്ത്, ഗൃഹസ്ഥാശ്രമധർമ്മങ്ങൾ വഴിപോലെ ആചരിച്ചതിനുശേഷമേ വാനപ്രസ്ഥത്തിനും സന്ന്യാസത്തിനും അർഹനാകുന്നുള്ളൂ.



Scanned with CamScanner

308. സകല ജീവജാലങ്ങൾക്കും ഹിതകരമായ കർമ്മങ്ങളും, സ്വയം തനിക്കു സുഖപ്രദമായ കർമ്മങ്ങളും ഈശ്വരാർച്ചനാ ഭാവത്തോടെ ചെയ്യുന്ന പുരുഷനെ ഈശ്വരനെപ്പോലെ ബഹുമാനിക്കണം.

309. വൃദ്ധിപ്രാപ്തിക്കുള്ള കഴിവും സാമർത്ഥ്യവും തേജസ്സും പരാക്രമവും തൊഴിലിനെപ്പറ്റിയുള്ള അറിവും ഏതൊരു പുരുഷനിൽ പരിലസിക്കുന്നുവോ അവൻ ജീവനോപായത്തെപ്പറ്റി ഭയപ്പെടുന്നില്ല.

310. അങ്ങയുടെ പുത്രന്മാരും കർണ്ണനും, പഞ്ചപാണ്ഡവരുമൊത്തു ചേർന്നാൽ ആഴികളാൽ ചുഴപ്പെട്ട ഈ ഊഴിയെ മുഴുവൻ വാഴുവാൻ സാദ്ധ്യമാകും. അതുകൊണ്ട് അവരെയെല്ലാവരേയും ഒരുമിച്ചു നിർത്തുവാൻ ശ്രമിക്കുക; പരസ്പരം മത്സരിപ്പിക്കാതിരിക്കുക.

311. അങ്ങയുടെ പുത്രന്മാർ വനമാണ്, പാണ്ഡവർ അതിൽ വിഹരിക്കുന്ന വ്യാഘ്രങ്ങളും. വ്യാഘ്രങ്ങളോടുകൂടിയ ഈ മുഴുവൻ വനത്തേയും നശിപ്പിക്കുവാൻ അങ്ങ് ഒരുങ്ങരുത്. അതുപോലെ വനത്തിൽനിന്ന് ആ വ്യാഘ്രങ്ങളെ ഓടിച്ചുകളയുകയുമരുത്.

312. വനമില്ലെങ്കിൽ വ്യാഘ്രങ്ങൾക്ക് രക്ഷയില്ല. വ്യാഘ്രങ്ങളില്ലെങ്കിൽ വനത്തിനും രക്ഷയില്ല. വനമാണ് വ്യാഘ്രങ്ങളെ രക്ഷിക്കുന്നത്. അതുപോലെ വ്യാഘ്രങ്ങളാണ് വനത്തേയും രക്ഷിക്കുന്നത്. ഈ ആശയത്തിന്റെ പ്രസക്തിയും പ്രായോഗികതയും ഇന്നും നിലനിൽക്കുന്നു.

313. പാപവിചാരങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സോടുകൂടിയ ഒരുവന് അന്യരുടെ സദ്ഗുണങ്ങളെപ്പറ്റി അറിയുവാൻ യാതൊരു താല്പര്യവുമില്ല. അതുപോലെതന്നെ അയാൾക്ക് സ്വന്തം ദുർഗുണങ്ങളെപ്പറ്റിയും, അറിയുവാൻ താല്പര്യമുണ്ടാവുകയില്ല.

314. അർത്ഥസിദ്ധിയെ ആഗ്രഹിക്കുന്നവർ ധർമ്മത്തെ ആചരിക്കേണ്ടതാണ്. സ്വർഗ്ഗത്തിൽനിന്ന് അമൃതം വേർപെടുത്താൻ പറ്റാത്തതുപോലെ ധർമ്മത്തിൽനിന്ന് വേറെയാക്കാൻ പറ്റാത്തതാണ് അർത്ഥവും.

315. ഏതൊരുവന്റെ ബുദ്ധി പാപവിചാരങ്ങളിൽനിന്ന് വിമുക്തമായി മംഗളകാര്യങ്ങളിൽ പ്രവേശിക്കുന്നുവോ ആ പുരുഷന് ലോകത്തിലെ സകല പ്രകൃതികളെപറ്റിയും അറിയാനുള്ള ജ്ഞാനം ഉണ്ടാകുന്നു.

316. ഏതൊരു പുരുഷൻ ധർമ്മാർത്ഥകാമങ്ങളെ കാലോചിതമായി സേവിക്കുന്നുവോ അവന് ധർമ്മാർത്ഥകാമസംയോഗം ഇഹലോകത്തിലും പരലോകത്തിലും ഒരുപോലെ സിദ്ധിക്കുന്നു.

317. ക്രോധവും സന്തോഷവും വേഗത്തിൽത്തന്നെ നിയന്ത്രിക്കുവാൻ പ്രാപ്തനായിരിക്കുന്നവനും, ഏതാപത്തിലും ധൈര്യത്തെ കൈവെടി



Scanned with CamScanner

യാതെ വർത്തിക്കുന്നവനും രാജശ്രീയെ അനുഭവിക്കുവാൻ അർഹനായി ഭവിക്കുന്നു.

318. ഒരു രാജാവിന് സാധാരണയായി അഞ്ചുവിധത്തിലുള്ള ബലങ്ങളാണുണ്ടാകുന്നത്. അതിൽ ബാഹുബലം ഏറ്റവും ഒടുവിലത്തേതാണ്. നല്ല മന്ത്രിയുണ്ടായിരിക്കുന്നത് രണ്ടാമത്തെ ബലമാണ്. ധാരാളം സമ്പത്തുണ്ടാകുന്നത് മൂന്നാമത്തേതും. പിതൃപിതാമഹന്മാർ വഴി പരമ്പരയായി സിദ്ധിക്കുന്ന അഭിജാതബലം നാലാമത്തേതാണ്. ബുദ്ധിബലമാണ് സർവ്വശ്രേഷ്ഠമായ ബലമെന്ന് ബുദ്ധിമാന്മാർ പറയുന്നു.

319. വളരെ വലിയ ദ്രോഹങ്ങൾ ചെയ്യുവാൻ കഴിവുള്ള ഒരു വ്യക്തിയുമായി വൈരം വരുത്തിവെച്ചിട്ട്, അയാൾ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്, അതുകൊണ്ട് അയാൾക്ക്, തന്നെ ഒന്നും ചെയ്യുവാൻ സാദ്ധ്യമാവുകയില്ല എന്ന് ആശ്വസിച്ചിരിക്കുന്നത് ആപല്ക്കരമാണ്.

320. രാജാവ്, സർപ്പം, സ്വന്തമായി പഠിച്ച വിദ്യ, ധനവാൻ, ശത്രു, സുഖഭോഗങ്ങൾ, ആയുസ്സ്, ഇവകളിൽ ഏതു ബുദ്ധിമാനാണ് വിശ്വാസം വെച്ചുപുലർത്തുക?

321. ഏതൊരു ജന്തുവിനെ ബുദ്ധിശക്തിയാകുന്ന ശരത്താൽ മുറിവേൽപിക്കുന്നുവോ ആ ജീവിയെ രക്ഷിക്കുവാൻ വൈദ്യനോ, മരുന്നിനോ സാദ്ധ്യമല്ല. ഹോമമോ, വഴിപാടുകളോ, പ്രാർത്ഥനകളോ ഒറ്റമൂലികളോ ഒന്നുംതന്നെ പര്യാപ്തമാകുന്നില്ല.

322. സർപ്പം, അഗ്നി, സിംഹം, സ്വന്തം കുലത്തിൽ ജനിച്ച പുത്രൻ, ഇവരെയൊന്നും ആരും അനാദരിക്കരുത്. എന്തുകൊണ്ടെന്നാൽ ഇവയെല്ലാം വളരെ തേജസ്സുള്ളവയാകുന്നു.

323. അഗ്നി മഹാപ്രഭാശാലിയായ ഒരു പ്രതിഭാസമാകുന്നു. അത് വിറകിൽ ഒളിഞ്ഞ് കിടക്കുന്നുവെങ്കിലും ആരും ചെന്ന് ഉദ്ദീപിപ്പിക്കാത്തിടത്തോളം കാലം ആ അഗ്നി ആ വിറകിനെ ചുട്ടെരിക്കുന്നില്ല.

324. അരണികൊണ്ട് മഥിക്കപ്പെടുമ്പോൾ ഉദ്ദീപ്തമാകുന്ന അഗ്നി, അരണിയെ മാത്രമല്ല, വനത്തെ മുഴുവൻതന്നേയും ദഹിപ്പിക്കുന്നു.

325. ഇപ്രകാരം നമ്മുടെ കുലത്തിൽ ജനിച്ചിട്ടുള്ള അഗ്നിസമാനതേജസ്വികളായ പാണ്ഡുപുത്രന്മാർ ക്ഷമയോടെ, അഗ്നിയെപ്പോലെ ശാന്തരായിരിക്കുകയാണ്. അവരെ പ്രകോപിപ്പിച്ചാൽ അവർ നമ്മുടെ കുലമായ ഈ വനത്തെതന്നെ ചുട്ടെരിക്കും.

326. അങ്ങും അങ്ങയുടെ പുത്രന്മാരും വള്ളികളെപ്പോലെയാണ്. പാണ്ഡവരാണെങ്കിലോ ഒരു വലിയ മരവും. വള്ളികൾക്ക് പടർന്ന് വളരാൻ വലിയ വൃക്ഷങ്ങളെ ആശ്രയിക്കാതെ നിവൃത്തിയില്ലല്ലോ.



Scanned with CamScanner

327. വൃദ്ധജനങ്ങൾ അടുത്തു വരുമ്പോൾ യുവാക്കൾക്ക് ഭീതി തോന്നുന്നു. പിന്നെ ആ വയോവൃദ്ധന്മാരെ സ്വാഗതം ചെയ്തു പ്രണമിച്ച് യഥാവിധി സല്ക്കരിച്ചിരുത്തിയതിനുശേഷം മാത്രമാണ് ആ യുവാക്കൾ സാധാരണ നിലയെ പ്രാപിക്കുന്നത്.

328. സജ്ജനങ്ങൾ അതിഥിയായി വരുമ്പോൾ ഒന്നാമതായി അവർക്ക് ഇരിപ്പിടം കൊടുക്കുക, പിന്നീട് അതിഥിയുടെ കാൽ കഴുകുക, കുശലപ്രശ്നം ചെയ്യുക, സ്വസ്ഥതയെപ്പറ്റിയും പറയുക, അതിന്നുശേഷം ആഗതന്റെ രുചിഭേദം അറിഞ്ഞ് ഹിതകരമായ ആഹാരം കൊടുക്കുക.

329. ഒരു ഗൃഹസ്ഥൻ തന്റെ വീട്ടിൽ വരുന്ന ദൈവജ്ഞനായ പണ്ഡിതനെ ലോഭമോ ഭയമോ പിശുക്കോ ഹേതുവായി, സൽക്കരിക്കാതേയും ആവശ്യമുള്ളത് ദാനം ചെയ്യാതേയും പറഞ്ഞയക്കുകയാണെങ്കിൽ ആ ഗൃഹസ്ഥന്റെ ജീവിതം അനർത്ഥമായിത്തീരുമെന്നാണ് പറയുന്നത്.

330. ചികിത്സിക്കുന്നവർ, ശസ്ത്രക്രിയ നടത്തുന്നവൻ, ബ്രഹ്മചര്യത്തിൽനിന്ന് വ്യതിചലിച്ചവൻ, കള്ളൻ, ക്രൂരൻ, മദ്യപാനി, ഗർഭഛിദ്രം നടത്തുന്നവൻ, വേദത്തെ വിലയ്ക്കു കൊടുക്കുന്നവൻ എന്നിവരെ വളരെ വേണ്ടപ്പെട്ടവരാണെങ്കിൽ മാത്രം അതിഥിയായി സ്വീകരിക്കാം. എന്നാൽ അവരുടെ കാല് കഴുകിക്കൂടാ.

331. ഏതൊരു പുരുഷനാണോ കോപിക്കാതിരിക്കുന്നത്, സ്വർണ്ണത്തെ കല്ലിനും മൺകട്ടക്കും സമമായിക്കണക്കാക്കുന്നത്, ഗ്ലാനചിത്തനാവാതിരിക്കുന്നത്, യുദ്ധത്തിലും സന്ധിയിലും താല്പര്യമില്ലാതിരിക്കുന്നത്, പ്രിയാപ്രിയങ്ങളെ ത്യജിക്കുന്നത്- അദ്ദേഹമാണ് യഥാർത്ഥ സന്ന്യാസി.

332. വെറും വരിനെല്ലും കായ്കനികളും, താളും തകരയും ഭക്ഷിച്ച് മനോനിയന്ത്രണത്തോടെ അഗ്നിഹോത്രാദി കർമ്മങ്ങൾ യഥാവിധി അനുഷ്ഠിച്ചുകൊണ്ട് വനത്തിൽ വസിക്കുമ്പോഴും അതിഥിസേവക്ക് അല്പം പോലും വിഘ്നം വരുത്താതെ ജീവിക്കുന്നവനാണ് പുണ്യാത്മാവായ തപസ്വി.

333. ബുദ്ധിമാനായ പുരഷനോട് ക്രൂരമായി പ്രവർത്തിച്ചിട്ട് താൻ ദൂരെയാണല്ലോ ഇരിക്കുന്നത് എന്നു കരുതി ആശ്വസിക്കരുത്. ഉപദ്രവിച്ചാൽ അവർ ഇങ്ങോട്ടും ഉപദ്രവിക്കും തീർച്ച.

334. വിശ്വസിക്കാൻ അർഹതയില്ലാത്തവരെ വിശ്വസിക്കരുത്. വിശ്വസനീയരാണെന്ന് തോന്നുന്നവരെത്തന്നെ അധികം വിശ്വസിക്കരുത്. അതിവിശ്വാസത്തിൽ നിന്നുണ്ടാകുന്ന ആപത്ത് ഉന്മൂലനാശം കൂടി വരുത്തുവാൻ പര്യാപ്തമാകുന്നു.

335. പുരുഷൻ കോപിഷ്ഠയല്ലാത്ത ഭാര്യയെ സംരക്ഷിക്കണം, സ്വത്ത് ന്യായമായ വിധത്തിൽ ഭാഗിച്ചു കൊടുക്കണം, എല്ലാവരോടും മധുര



Scanned with CamScanner

മായി സംസാരിക്കണം, എന്നാൽ വളരെയധികം മധുരമായി സല്ലപിക്കുന്ന സ്ത്രീകളുടെ വശത്തു കുടുങ്ങിപ്പോകരുത്.

336. കുലസ്ത്രീകളെ ഗൃഹലക്ഷ്മികൾ എന്നാണ് പരാമർശിക്കുന്നത്. അവർ വളരെ സൗഭാഗ്യശാലിനികളും, പൂജനീയകളും പവിത്രകളും ദീപങ്ങളെപ്പോലെ പ്രകാശം ചൊരിയുന്നവരുമാണ്. അതുകൊണ്ട് അവർ വിശേഷിച്ചും സംരക്ഷണീയരുമാണ്.

337. അന്തഃപുരത്തിന്റെ സംരക്ഷണം പിതാവിന്റെ ഉത്തരവാദിത്വമാണ്. അടുക്കളെ നോക്കി നടത്തേണ്ടത് മാതാവാണ്. പശുക്കളുടെ സംരക്ഷണം തന്നെപ്പോലെയുള്ളവരെക്കൊണ്ടുതന്നെ ചെയ്യിക്കണം, കൃഷികാര്യങ്ങൾ സ്വയം നടത്തുകയും വേണം. ഭൃത്യരെക്കൊണ്ട് വാണിജ്യവ്യാപാരങ്ങളും പുത്രന്മാരെക്കൊണ്ട് പണ്ഡിതസേവനവും ചെയ്യിക്കണം.

338. ജലത്തിൽനിന്ന് അഗ്നിയും, ശ്രേഷ്ഠരിൽ നിന്ന് ക്ഷത്രിയരും, കല്ലിൽ നിന്ന് ലോഹവും ഉദ്ഭവിക്കുന്നു. ഇവയിലെ തേജസ്സുകൾ സകലതിക്കിലും വ്യാപിച്ചിരിക്കുന്നുവെങ്കിലും അവസാനം അവകൾ ഉത്പത്തിസ്ഥാനങ്ങളിൽത്തന്നെ വിലയം പ്രാപിക്കുന്നു.

339. സത്കുലജാതരും പാവകനെപ്പോലെ തേജസ്വികളുമായവർ ക്ഷമാശീലരായി അക്ഷോഭ്യരായി അദൃശ്യരായി സ്ഥിതി ചെയ്യുന്നു.

340. ഏതൊരു രാജാവിന്റെ മന്ത്രാലോചനകൾ രാജ്യത്തിന്റെ അകത്തും പുറത്തുമുള്ളവർ അറിയാതെ നടക്കുന്നുവോ, രാജാവ് സ്വയംതന്നെ സകല രാജ്യകാര്യങ്ങളിലും ശ്രദ്ധചെലുത്തുന്നുവോ, ആ രാജാവ് അനവധികാലം തന്റെ രാജകീയ ഐശ്വര്യത്തെ അനുഭവിക്കുന്നു.

341. ധർമ്മകാമാർത്ഥസംബന്ധികളായ കാര്യങ്ങൾ ചെയ്യുന്നതിനു മുമ്പ് പുറത്തുപറയരുത്, ചെയ്തുതന്നെ കാണിക്കണം. അങ്ങനെയായാൽ ആ വ്യക്തിയുടെ മന്ത്രാലോചന വ്യർത്ഥമായിപ്പോവുകയില്ല.

342. മലമുകളിൽ കയറിയിട്ട്, അല്ലെങ്കിൽ രാജകൊട്ടാരത്തിനകത്ത്, ഏകാന്തമായ ഒരു സ്ഥലത്ത്, അല്ലെങ്കിൽ കാട്ടിൽ ഇരുന്നിട്ടു വേണം മന്ത്രാലോചനകൾ നടത്തുവാൻ.

343. മിത്രമല്ലാത്തവനോ, മിത്രമായിരുന്നിട്ടും പണ്ഡിതനല്ലാത്തവനോ, പണ്ഡിതനായിരുന്നിട്ടും മനോനിയന്ത്രണമില്ലാത്തവനോ ഒരു രാജാവിന്റെ മന്ത്രാലോചനയെപ്പറ്റി അറിയുവാൻ അർഹനല്ല.

344. രാജാവ് നല്ലവണ്ണം പരീക്ഷിക്കാതെ ഒരു വ്യക്തിയെ തന്റെ മന്ത്രിയായി നിയമിക്കരുത്. സമ്പദ്സമാഹരണവും മന്ത്രാലോചനകളുടെ ഗോപ്യതയും അമാത്യനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. കാര്യങ്ങൾ പൂർണ്ണമായി ആവിഷ്ക്കരിച്ചതിനു ശേഷം മാത്രം സഭാവാസികൾക്കറിയുവാൻ ഇടവരുത്തുന്നുവോ അദ്ദേഹമാണ് ശ്രേഷ്ഠൻ.



Scanned with CamScanner

345. മോഹാവേശം നിമിത്തം ദുഷ്കർമ്മങ്ങൾ ചെയ്തുകൂട്ടുന്നവർ സന്തപ്തചിത്തരായി തകർന്ന നിലയിൽ എത്തിച്ചേരുന്നു.

346. സത്കർമ്മങ്ങളുടെ അനുഷ്ഠാനം സുഖാവഹമാണ്. എന്നാൽ അവ അനുഷ്ഠിക്കാതിരിക്കുന്നത് പശ്ചാത്താപത്തിന് കാരണമാകുന്നു.

347. വേദം പഠിക്കാത്ത ബ്രാഹ്മണൻ ശ്രാദ്ധത്തിൽ പൂജിതനാകുവാൻ അർഹനല്ലാത്തതുപോലെ, ഷഡ്ഗുണങ്ങളെ അറിയാത്ത പുരുഷൻ മന്ത്രാലോചനകൾ കേൾക്കുവാനും അർഹനാകുന്നില്ല.

348. സന്ധിവിഗ്രഹാദി ഷഡ്ഗുണങ്ങളെപ്പറ്റി അറിയേണ്ടതിന്റെ ആവശ്യം പ്രസിദ്ധമാണ്. ഈ ഷഡ്ഗുണങ്ങളെപ്പറ്റി അറിയുന്നവന് സ്ഥിതി, വൃദ്ധി, ക്ഷയം എന്നിവയെപ്പറ്റി നന്നായി അറിയാൻ കഴിയുന്നു. അവന്റെ സ്വഭാവത്തെ എല്ലാവരും പ്രശംസിക്കുന്നു.

349. കോപവും ഹർഷവും വ്യർത്ഥമാകാതിരിക്കുക തനിക്കാവശ്യമുള്ള കാര്യങ്ങളെ സ്വയം ശ്രദ്ധിക്കുക തന്റെ ഭണ്ഡാരത്തെ സ്വയം കൈകാര്യം ചെയ്യുക അങ്ങനെയെല്ലാമിരിക്കുന്ന രാജാവിന്റെ രാജ്യം ഐശ്വര്യം പ്രാപിക്കും.

350. ഒരു മഹീപതി തന്റെ 'രാജാവ്' എന്ന പദവികൊണ്ടും വെൺകൊറ്റക്കുട തുടങ്ങിയ രാജചിഹ്നങ്ങൾകൊണ്ടും മാത്രം സന്തുഷ്ടനായിരിക്കണം. രാജാവ് തന്റെ സേവകർക്ക് പര്യാപ്തമായ വേതനം നൽകണം, ധനം മുഴുവൻ താൻ തന്നെ ധൂർത്തടിച്ച് കഴിക്കരുത്.

351. പണ്ഡിതൻ പണ്ഡിതനെ അറിയുന്നു. സ്ത്രീയെ അവളുടെ ഭർത്താവറിയുന്നു, മന്ത്രിയെ രാജാവറിയുന്നു, രാജാവിനെ മറ്റൊരു രാജാവും അറിയുന്നു.

352. കൈവശത്തിലകപ്പെട്ടിരിക്കുന്ന വധ്യനായ ശത്രുവിനെ ഒരിക്കലും വിട്ടയയ്ക്കരുത്. തനിക്ക് തല്ക്കാലം ശക്തി വേണ്ടത്രയില്ലെങ്കിൽ വിനയം നടിച്ച് അവനെ സേവിച്ചുകൊണ്ട് സമയം നീക്കണം. ശക്തി വേണ്ടത്ര കിട്ടിക്കഴിയുമ്പോൾ ശത്രുവിനെ വധിക്കണം. ശത്രുവിനെ വധിക്കാതെ വിട്ടാൽ കാലാന്തരത്തിൽ അവനിൽ നിന്നു ഭയം ഉണ്ടായേയ്ക്കും.

353. ദേവത, പണ്ഡിതൻ, രാജാവ്, വൃദ്ധൻ, ബാലകൻ, രോഗി എന്നിവരോട് ഉണ്ടാകുന്ന ക്രോധം എത്ര പ്രയത്നിച്ചിട്ടായാലും സദാ നിയന്ത്രിക്കേണ്ടതാകുന്നു.

354. കലഹം നിരർത്ഥകമാണ്. മൂഢന്മാരേ അതിനൊരുമ്പെടുകയുള്ളു. ബുദ്ധിമാന്മാർ കലഹം വർജ്ജിക്കണം. അങ്ങനെ ചെയ്യുന്നതുകൊണ്ട് പ്രാജ്ഞരുടെ കീർത്തി വർദ്ധിക്കുന്നു. അനർത്ഥങ്ങൾ ഒഴിവാകുന്നു.

355. ഏതൊരു പുരുഷന്റെ സന്തോഷവും ദേഷ്യവും യാതൊരു ഫലവുമുളവാക്കാത്തതായി പരിണമിക്കുന്നുവോ, അത്തരത്തിലുള്ളവനെ പ്രജകൾ തങ്ങളുടെ രാജാവായിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല.



Scanned with CamScanner

356. ബുദ്ധിശക്തി ധനലാഭത്തിനും, മന്ദത ദാരിദ്ര്യത്തിനും കാരണമാവ ണമെന്നില്ല. ലോകത്തിന്റെ മാറിമറിഞ്ഞു കൊണ്ടിരിക്കുന്ന ഗതിവിഗതി കളെ ബുദ്ധിമാന്മാർ മാത്രമാണറിയുന്നത്.

357. സത്സ്വഭാവം, വയസ്സ്, ബുദ്ധി, ധനം, ആഭിജാത്യം എന്നിവയുള്ള സജ്ജനങ്ങളെ മൂഢന്മാർ സദാ അപമാനിക്കുന്നു. ഇത് അവരുടെ ജന്മ സ്വഭാവമാണ്.

358. ദുർവൃത്തൻ, മൂർഖൻ, അസൂയാലു, അധാർമ്മികൻ, പരുഷവാക്കു കൾ പറയുന്നവൻ, ക്രോധശീലൻ എന്നിവർക്ക് എളുപ്പത്തിൽ അനർത്ഥ ങ്ങൾ സംഭവിക്കുന്നു.

359. അനുസരിച്ച് പറയൽ, ദാനം ചെയ്യൽ, മധുരമായ സംഭാഷണം ഇവയെല്ലാം പ്രാണികളെ തത്കർത്താവിലേയ്ക്കാകർഷിക്കുന്നു.

360. അനുസരിച്ച് സംഭാഷണം ചെയ്യുന്നവൻ, സമർത്ഥൻ, കൃതജ്ഞൻ, ബുദ്ധിമാൻ, സരളസ്വഭാവി എന്നിവരുടെ സമ്പദ്വ്യവസ്ഥ തല്ക്കാല ത്തേക്കു മോശമായാലും അവർക്ക് വേണ്ടത്ര സഹായം സുഹൃത്തു ക്കളിൽ നിന്ന് ലഭിക്കുന്നു.

361. ധൈര്യം, ശമം, ദമം, ശുദ്ധി, കാരുണ്യം, മധുരസംഭാഷണം, മിത്ര ദ്രോഹം ചെയ്യാതിരിക്കൽ ഈ ഏഴു കാര്യങ്ങൾ ഐശ്വര്യത്തെ വർദ്ധി പ്പിക്കുന്നതാകുന്നു.

362. തന്റെ ആശ്രിതർക്കിടയിൽ ധനം യഥായോഗ്യം വീതിച്ചുകൊടു ക്കാത്ത ദുഷ്ടൻ, ഉപകാരസ്മരണയില്ലാത്തവൻ, നിർലജ്ജൻ, ഇങ്ങ നെയെല്ലാമിരിക്കുന്നവർ സർവ്വദാ വർജ്ജനീയർ തന്നെയാകുന്നു.

363. താൻ സ്വയം ദുഷ്കർമ്മങ്ങൾ ചെയ്തിട്ട് നിർദോഷികളായ സ്വന്തം ജനങ്ങളെ പ്രകോപിപ്പിക്കുന്ന പുരുഷൻ, സർപ്പത്തോടൊന്നിച്ച് മാള ത്തിൽ പാർക്കുന്നവനെപ്പോലെയാണ്. അവന് രാത്രിയിലും സുഖമായി ഉറങ്ങാൻ സാധിക്കുന്നില്ല.

364. ആരുടെമേൽ ദോഷാരോപണം നടത്തിയാൽ തന്റെ യോഗക്ഷേമ ത്തിന്നു ഹാനി സംഭവിക്കുമോ, അവരെ സദാ ദേവതകളെപ്പോലെ പ്രീതി പ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാകുന്നു.

365. ഏതൊരുവൻ തന്റെ ധനത്തെ സംരക്ഷിക്കുവാൻ സ്ത്രീകളേയോ, ബുദ്ധിശൂന്യരേയോ, പതിതരേയോ, മറ്റ് നീചപുരുഷന്മാരേയോ ഏല്പിച്ചു പോകുന്നുവോ അവന് തന്റെ സ്വത്ത് തിരികെ കിട്ടുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

366. ഏതൊരു രാജ്യത്തിന്റെ ഭരണാധികാരം ചൂതുകളിക്കാരൻ, ബാല കൻ എന്നിവരുടെ അധീനത്തിൽ വന്നു ചേരുന്നുവോ ആ രാജ്യത്തിലെ



Scanned with CamScanner

പ്രജകൾ കല്ലുകൊണ്ടുണ്ടാക്കിയ തോണിയിൽ പുഴകടക്കുമ്പോൾ മുങ്ങിപ്പോകുന്നതുപോലെ ദുർഗ്ഗതി പ്രാപിക്കുന്നു.

367. എത്രത്തോളം അത്യാവശ്യമാണോ അത്രത്തോളം മാത്രം അന്യരുടെ കാര്യങ്ങളിൽ കൈകടത്തുക. ആവശ്യത്തിലധികം കടക്കരുത്. അവർ പണ്ഡിതന്മാരാണെന്ന് ഞാൻ പറയും. എന്തുകൊണ്ടെന്നാൽ അനാവശ്യമായ ഇടപെടൽ സംഘർഷത്തിന് കാരണമാകുന്നു.

368. ആരെക്കുറിച്ചാണോ തെരുവുഗായകർ പുകഴ്ത്തിപ്പാടുന്നത്, ആരെപ്പറ്റിയാണോ ചൂതകളിക്കാർ പ്രശംസിക്കുന്നത്, ആരെയാണോ ഗണികകൾ അഭിനന്ദിക്കുന്നത് അത്തരത്തിലുള്ള പുരുഷന്മാർ ജീവിച്ചിരിക്കുമ്പോഴും മരിച്ചവർക്ക് തുല്യരാകുന്നു.

369. കാലഗതിക്ക് വിപരീതമായി ബൃഹസ്പതിതന്നെ വല്ലതും പറഞ്ഞാലും അത് ബുദ്ധിശൂന്യതയാണെന്ന് പറഞ്ഞ് അദ്ദേഹത്തെ ലോകം തിരസ്കരിക്കും.

370. ഈ ലോകത്തിൽ ചിലർ ദാനം ചെയ്യുന്നതുകൊണ്ട് പ്രിയംകരരാകുന്നു. ചിലർ മധുരമായി സംഭാഷണം ചെയ്യുന്നതുകൊണ്ട് പ്രിയങ്കരരായിരിക്കുന്നു. വേറെ ചിലർ മരുന്നും മന്ത്രവുപയോഗിച്ച് തങ്ങളെ പ്രിയങ്കരരാക്കുന്നു. എന്നാൽ വാസ്തവത്തിൽ സ്വാഭാവികമായിത്തന്നെ പ്രിയരായിരിക്കുന്നവർ ഇപ്പറഞ്ഞവയൊന്നും കൂടാതെതന്നെ സർവ്വദാ സർവ്വർക്കും പ്രിയങ്കരരായിരിക്കുന്നു.

371. അന്യനെ ദ്വേഷിക്കുന്നവൻ സാധുവോ ബുദ്ധിമാനോ അല്ല. അന്യർക്ക് പ്രിയമായ കാര്യങ്ങൾ ചെയ്യുന്നത് എപ്പോഴും മംഗളകരങ്ങളും അന്യനെ ദ്വേഷിപ്പിക്കുന്നത് എപ്പോഴും പാപകർമ്മങ്ങളുമാകുന്നു.

372. അങ്ങയുടെ പ്രഥമപുത്രൻ ദുര്യോധനൻ ഭൂജാതനായപ്പോൾതന്നെ ഞാൻ പറഞ്ഞതല്ലേ ഈ പുത്രനെ അങ്ങ് ഉപേക്ഷിക്കണമെന്ന്. ഈ ഒരുവനെ ത്യജിക്കുന്നതുകൊണ്ട് അങ്ങയുടെ ബാക്കി നൂറ് മക്കൾക്ക് അഭിവൃദ്ധിയുണ്ടാകും. ഈ പുത്രനെ ത്യജിക്കാതിരുന്നാൽ നൂറുപുത്രന്മാർക്ക് നാശവും സംഭവിക്കും.

373. ഏതൊരുവൃദ്ധി ഭാവിയിൽ ക്ഷയത്തിന് കാരണമാകുന്നുവോ അതിന് യാതൊരു പ്രാധാന്യവും കൊടുക്കരുത്. പ്രത്യുത ഭാവിയിൽ വൃദ്ധിക്കു കാരണമാകുന്ന തല്ക്കാലത്തെ ക്ഷയത്തെ ബഹുമാനിക്കുകതന്നെവേണം.

374. ഭാവിയിൽ വൃദ്ധിക്കു കാരണമാകുന്ന തല്ക്കാലത്തെ ക്ഷയം ക്ഷയമല്ല, നേരെമറിച്ച് ഭാവിയിൽ വളരെ നഷ്ടമുണ്ടാക്കുന്ന ഇപ്പോഴത്തെ ലാഭത്തെ നഷ്ടമായിട്ടാണ് കണക്കാക്കേണ്ടത്.



Scanned with CamScanner

375. ചിലർ ഗുണങ്ങളെക്കൊണ്ട് ധനവാന്മാരാകുന്നു, ചിലർ സമ്പത്തു കൊണ്ട് ധനികരാകുന്നു. എന്നാൽ ധനംകൊണ്ട് ധനികരാണെങ്കിലും ഗുണം കൊണ്ട് ദരിദ്രരായവരെ ദൂരെ വർജ്ജിക്കേണ്ടതാണ്.

376. ഗുണസമ്പന്നരും വിനയാന്വിതരുമായ സജ്ജനങ്ങൾക്ക് വളരെ ചെറിയ ജീവികൾപോലും നശിച്ചുപോകുന്നത് നോക്കി നില്ക്കുവാൻ സാധ്യമാകുന്നില്ല.

377. അന്യരെക്കുറിച്ച് അപവാദം പറഞ്ഞു പരത്തുന്നതിലും പരദ്രോഹം ചെയ്യുന്നതിലും ജനങ്ങളെ പരസ്പരം വിരോധികളാക്കുന്നതിലും സദാ ഉത്സുകരായിരിക്കുന്നവരെ കാണുന്നതുതന്നെ ദോഷകരമാണ്. അമംഗളകരമാണ്. അവരുടെ കൂടെ താമസിക്കുന്നത് ആപല്ക്കരമാണ്, അത്തരക്കാർക്ക് ധനസഹായം ചെയ്യുന്നത് ദോഷകരവും, അവരിൽനിന്ന് ധനസഹായം സ്വീകരിക്കുന്നത് ആപല്ക്കരവുമാകുന്നു.

378. ജനങ്ങളെ പരസ്പരം സ്പർദ്ധിക്കുന്ന സ്വഭാവക്കാരും നിർല്ലജ്ജരും ശഠന്മാരും പാപികളും കുപ്രസിദ്ധരും കൂടെ താമസിക്കുന്നതും, അവരെ കൂടെ താമസിപ്പിക്കുന്നതും നിന്ദനീയമാകുന്നു.

379. മേല്പറഞ്ഞ ദോഷങ്ങൾക്കുപുറമേ മറ്റു ദോഷങ്ങളുള്ള മനുഷ്യരേയും വർജ്ജിക്കേണ്ടതാണ്. സൗഹാർദ്ദം അവസാനിക്കുന്നതോടെ നീചന്മാരുടെ സ്നേഹവും നശിക്കുന്നു. സൗഹാർദ്ദമുണ്ടായിരുന്ന കാലത്തെ പ്രവർത്തികളുടെ ഫലവും അക്കാലത്തെ സുഖവും അതോടെ നാശമടയുന്നു. നീചന്മാരുമായുള്ള സൗഹൃദം എളുപ്പത്തിൽ നശിക്കുന്നതാണ്. അതിന് ദീർഘായുസ്സില്ലതന്നെ.

380. സൗഹൃദം ക്ഷയിക്കുന്നതോടെ നീചന്മാർ അപവാദം പറഞ്ഞുപരത്തുവാനുമാരംഭിക്കുന്നു. അല്പമായ അപരാധംപോലും, അറിയാതേയോ തെറ്റിദ്ധാരണയാലോ ചെയ്തുപോയാൽ കൂടി അത്തരക്കാർക്ക് യാതൊരു മനശ്ശാന്തിയും ലഭിക്കുന്നില്ല. മനശ്ശാന്തികെട്ട മനുഷ്യൻ ദുഷ്ക്കർമ്മങ്ങൾക്ക് പ്രേരിതരാകുന്നു.

381. അത്തരത്തിലുള്ള നീചന്മാരും ക്രൂരന്മാരും അജിതേന്ദ്രിയന്മാരുമായി ഉണ്ടായേക്കാവുന്ന സഹവാസസാദ്ധ്യതകളെ വിചക്ഷണബുദ്ധിയോടെ ആരാഞ്ഞറിഞ്ഞ് വിദ്വാന്മാർ അവരെ ദൂരെ വർജ്ജിക്കുന്നു.

382. ഏതൊരു പുരുഷനാണോ ദരിദ്രരും ദീനരും രോഗികളുമായ തന്റെ ബന്ധുക്കളെ രക്ഷിച്ചനുഗ്രഹിക്കുന്നത് അദ്ദേഹം അഭിവൃദ്ധി പ്രാപിച്ച് അനന്തമായ ശ്രേയസ്സിനെ അനുഭവിക്കുന്നു.

383. ക്ഷേമത്തെ ആഗ്രഹിക്കുന്ന മനുഷ്യർ തങ്ങളുടെ ബന്ധുക്കളുടെ അഭിവൃദ്ധിയേയും കാംക്ഷിക്കേണ്ടതാണ്. അതുകൊണ്ട് മുഴുൻ വംശത്തിന്റേയും അഭിവൃദ്ധിക്കായി പ്രവർത്തിക്കേണ്ടതാകുന്നു.



Scanned with CamScanner

384. സ്വന്തം കുടുംബാംഗങ്ങളെ സൽക്കരിക്കുന്നവർ സകല ശ്രേയസ്സു കളും അനുഭവിക്കുന്നു. കുടുംബാംഗങ്ങളുമായി സ്പർദ്ധയിൽ കഴി യുന്നവർ സദാ മനോവ്യഥയിലും അശാന്തിയിലും നിമഗ്നരായിത്തീരുന്നു.

385. സ്വന്തം കുടുംബാംഗങ്ങൾ ഗുണവിഹീനരാണെങ്കിൽപോലും അവർ സംരക്ഷണീയരാണ്. ഗുണവാന്മാരും, പ്രസാദത്തിനായി കാംക്ഷി ക്കുന്നവരുമായാൽ പിന്നെ അവരുടെ കാര്യം പറയേണ്ടതുണ്ടോ?

386. തറവാട്ടിൽ കാരണവർ. തന്റെ പുത്രന്മാരെ ശാസിക്കേണ്ടവനാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ഈ ലോകത്തിൽ അവരുടെ യശസ്സ് വർദ്ധിക്കുകതന്നെ ചെയ്യും.

387. ഞാൻ അങ്ങയുടെ ഗുണത്തിന്നു വേണ്ടിമാത്രം പറയുകയാണ്, അങ്ങ് എന്നെ അങ്ങയുടെ ഗുണകാംക്ഷിയായി മനസ്സിലാക്കണം. ശ്രേയ സ്സാഗ്രഹിക്കുന്നവർ തങ്ങളുടെ ബന്ധുസഹോദരന്മാരുമായി യുദ്ധത്തിന്ന് തയ്യാറാകരുത്. മറിച്ച് അവരുമായി യോജിച്ച് സകലസുഖഭോഗങ്ങളും ഒരുമിച്ചനുഭവിക്കണം. ഇതാണ് ശുഭകാംക്ഷികൾ ചെയ്യേണ്ടത്.

388. സഹോദരന്മാരുമായി ഒന്നിച്ചിരുന്നാഹാരം കഴിക്കുക, പരസ്പരം സംഭാഷണം ചെയ്യുക, അന്യോന്യം സൗഹൃദത്തിൽ വർത്തിക്കുക ഇവ യൊക്കെയാണ് ചെയ്യേണ്ടത്. ഒരിക്കലും പരസ്പരം വിരോധിക്കരുത്.

389. ഈ ലോകത്തിൽ ബന്ധു സഹോദരന്മാർ തന്നെയാണ് പരസ്പരം ആപത്തിൽനിന്ന് കരകയറ്റുന്നതും വെള്ളത്തിൽ മുക്കുന്നതും. സദ് വൃത്തരായ സഹോദരന്മാർ ഭ്രാതാക്കളെ ആപത്തിൽനിന്ന് രക്ഷിക്കുന്നു. ദുർവൃത്തർ തങ്ങളുടെ സഹോദരന്മാരെ വെള്ളത്തിൽ മുക്കുന്നു.

390. അങ്ങ് പാണ്ഡവരുമായി സൗഹൃദത്തിൽ കഴിയണം. അവരർ ഹിക്കുന്ന സ്ഥാനമാനങ്ങൾ അവർക്ക് കൊടുക്കണം. എന്നാൽ അവർ അങ്ങയെ സർവ്വദാ ശത്രുക്കളിൽ നിന്നും സംരക്ഷിക്കും.

391. വിഷലിപ്തമായ ബാണം കൈവശമുള്ള വ്യാധന്റെ വലയിലക പ്പെട്ട മാൻപേട ദുരിതമനുഭവിക്കുന്നതുപോലെ, ധനികനായ ബന്ധു വിൽനിന്നും സഹോദരന്മാർ കഷ്ടതകളനുഭവിക്കേണ്ടിവരുന്നതിന്റെ പാപഭാരം മുഴുവനും ആ ധനികബന്ധുതന്നെയാണ് അനുഭവിക്കുക.

392. ഏതൊരു ദുഷ്കർമ്മം ചെയ്തതിന്നുശേഷം കട്ടിലിന്മേൽ കയറി യിരുന്ന് മുഖവും മൂടി ദുഃഖിച്ചിരിക്കേണ്ടിവരുമോ അത്തരം കർമ്മങ്ങൾ ചെയ്യാതിരിക്കുകയാണ് വേണ്ടത്. ഈ ജീവിതത്തിന്ന് യാതൊരു സ്ഥിര തയുമില്ല. ഇന്നുണ്ട് നാളെയില്ല എന്ന അവസ്ഥയാണ്.

393. ശുക്രാചാര്യരൊഴികെ ബാക്കി മനുഷ്യരാരും നിയമത്തെ മറികട ക്കാതിരുന്നിട്ടില്ല. അതുകൊണ്ട് കഴിഞ്ഞുപോയതെല്ലാം കഴിഞ്ഞു. വരാ



Scanned with CamScanner

നിരിക്കുന്ന കാര്യങ്ങളെപ്പറ്റി ചിന്തിച്ച് വേണ്ടപോലെ ചെയ്യേണ്ടത് ബുദ്ധിമാൻമാരുടെ കടമയാണ്.

394. ഏതൊരു ധീരനായ പുരുഷൻ താൻ പറഞ്ഞ വാക്കുകളുടെ അനന്തരഫലത്തെപ്പറ്റി നല്ലവണ്ണം ചിന്തിച്ച് അവയെ പ്രവൃത്തിരൂപത്തിൽ എത്തിക്കുന്നുവോ അവന്റെ ശ്രേയസ്സ് അനവധികാലം നിലനില്ക്കുന്നു.

395. ശ്രേഷ്ഠനായ ഗുരുഭൂതനാൽ ഉപദേശിക്കപ്പെട്ടിട്ടുള്ള ജ്ഞാനമായിരുന്നാലും, അതു വേണ്ടപോലെ മനസ്സിലാക്കാതിരുന്നാൽ, ആ ജ്ഞാനം വേണ്ടപോലെ ഉപയോഗപ്പെടുത്താതിരുന്നാൽ, ആ ജ്ഞാനം വ്യർത്ഥം തന്നെയാണ്, ഉപയോഗശൂന്യമാണ്.

396. ഏതൊരു പുരുഷൻ, പാപഫലങ്ങളുളവാക്കുന്ന കർമ്മങ്ങളാചരിക്കുന്നില്ലയോ അദ്ദേഹം വൃദ്ധിയെ പ്രാപിക്കുന്നു. എന്നാൽ താൻ മുമ്പു ചെയ്തിട്ടുള്ള ദുഷ്കർമ്മങ്ങളെപ്പറ്റിത്തന്നെ ചിന്തിച്ച് ആ വഴിക്കു തന്നെ തുടർന്നും പ്രവർത്തിക്കുകയാണെങ്കിൽ ആ ദുർബുദ്ധി അഗാധമായ ചളിക്കുണ്ടിൽത്തന്നെ വീണുകിടക്കുന്നു.

397. ബുദ്ധിമാന്മാരും വിത്തത്തേയും സന്തതികളേയും രക്ഷിക്കാനാഗ്രഹിക്കുന്നവരും ആറ് കവാടങ്ങളേയും സദാ സൂക്ഷിക്കണം. മദ്യപാനം, ആലസ്യം, ആവശ്യമായ വിഷയങ്ങളുടെ അജ്ഞത, തന്നിലുണ്ടാകുന്ന വികാരഭേദങ്ങൾ, ക്ഷോഭങ്ങൾ, ദുഷ്ടാമാത്യരിൽ വെച്ചുപുലർത്തുന്ന വിശ്വാസം, അവിദഗ്ദ്ധനായ ദൂതനിലെ വിശ്വാസം ഇവയാണ് ആ ആറ് കവാടങ്ങൾ.

398. ഈ ആറ് കവാടങ്ങളെ നല്ലപോലെ അറിഞ്ഞ് അവയെ സദാ അടച്ചിടുന്ന പുരഷൻ അർത്ഥം, ധർമ്മം, കാമം എന്നീ പുരുഷാർത്ഥങ്ങളുടെ സേവനത്തിൽ വ്യാപിച്ചിരിക്കവേതന്നെ, ശത്രുക്കളെ തന്റെ അധീനത്തിൽ നിർത്തുകയും ചെയ്യുന്നു.

399. സാക്ഷാൽ ബൃഹസ്പതിക്ക് തുല്യനായ പുരുഷന്നുകൂടി, വിധിയാംവണ്ണമുള്ള ശാസ്ത്രാഭ്യാസനവും വൃദ്ധസേവയും കൂടാതെ ധർമ്മാർത്ഥങ്ങളുടെ ശരിയായ ജ്ഞാനം സിദ്ധിക്കുന്നില്ല. പിന്നെയാണോ സാധാരണക്കാരുടെ സ്ഥിതി.

400. സമുദ്രത്തിൽ വീണുപോയ വസ്തു നഷ്ടപ്പെട്ടതുപോലെ, കേൾക്കാത്തവനോട് പറഞ്ഞ വാക്കുകളും വ്യർത്ഥമായിപ്പോകുന്നു. അജിതേന്ദ്രിയനായ പുരുഷന്റെ ശാസ്ത്രജ്ഞാനം ഉപയോഗശൂന്യമാകുന്നു. ഭസ്മത്തിൽ ഹോമിക്കുന്ന ഹവിസ്സും വ്യർത്ഥമായിപ്പോകുന്നു.

401. ജ്ഞാനേച്ഛുക്കൾ ബുദ്ധിമാൻമാരുടെ സൗഹൃദം സമ്പാദിച്ചും അവർ പറഞ്ഞുതരുന്നത് ശ്രദ്ധയോടെ കേട്ടും സ്വന്തം ബുദ്ധികൊണ്ട് പരീക്ഷിച്ചറിഞ്ഞും, സർവ്വദാ അറിവ് സമ്പാദിച്ചുകൊണ്ടിരിക്കണം.



Scanned with CamScanner

402. വിനയം ദുഷ്കീർത്തിയെ നശിപ്പിക്കുന്നു, പരാക്രമം അനർത്ഥത്തെ അകറ്റി നിർത്തുന്നു, ക്ഷമ സർവ്വദാ ക്രോധത്തെ നിയന്ത്രിക്കുന്നു, സദാചാരം ലക്ഷണഹീനതയെ നശിപ്പിക്കുന്നു. ഒരു വ്യക്തിക്ക് സൗന്ദര്യം കുറവാണെങ്കിലും സത്സ്വഭാവം ആ കുറവിനെ നികത്തുവാൻ പര്യാപ്തമാണ്.

403. ഗൃഹത്തിലെ സാധനസാമഗ്രികൾ, ഭാര്യയായ ഗൃഹനായിക, അതിഥികളെ സ്വാഗതം ചെയ്ത് ഭുജിപ്പിക്കുന്ന സമ്പ്രദായം, ഗൃഹാംഗങ്ങളുടെ വസ്ത്രധാരണനിലവാരം എന്നിവയിൽ നിന്നെല്ലാം ഒരു കുടുംബത്തിന്റെ നിലവാരം മനസ്സിലാക്കുവാൻ സാധിക്കും.

404. ദേഹാഭിമാനമില്ലാത്ത പുരുഷൻപോലും തന്റെ കൈവശമിരിക്കുന്ന അവശ്യവസ്തുവിന്ന് പ്രതികൂലമായി ഒന്നും പറയുന്നില്ല. ദുരാഗ്രഹികളായ ജനങ്ങൾ തങ്ങളുടെ കൈവശമിരിക്കുന്ന അന്യന്റെ വസ്തുക്കളെപ്പറ്റി മറിച്ച് വല്ലതും പറയാൻ മുതിരുമോ!

405. വിദ്വാൻമാരെ സേവിക്കുന്നവർ, വൈദ്യന്മാർ, ധാർമ്മികന്മാർ, കാണാൻ ഐശ്വര്യമുള്ളവർ, മധുരഭാഷികളായ മിത്രങ്ങൾ ഇത്തരം സുഹൃത്തുക്കളെയാണു സദാ സംരക്ഷിക്കേണ്ടത്.

406. താണകുലത്തിൽ ജനിച്ചവനായാലും ഉന്നതകുലത്തിൽ ജനച്ചവനായാലും, മര്യാദയെ ലംഘിക്കുന്നില്ലെങ്കിൽ, ധർമ്മാനുസൃതമായി പ്രവർത്തിക്കുന്നെങ്കിൽ, മൃദുശീലനും, ദുഷ്പ്രവൃത്തിരഹിതനുമായ അദ്ദേഹം നൂറ് ഉന്നതകുലജാതന്മാരേക്കാൾ ശ്രേഷ്ഠനാകുന്നു.

407. മനസ്സോട് മനസ്സിണങ്ങുകയും, രഹസ്യങ്ങൾ പരസ്പരം പങ്കിടുകയും ബുദ്ധിയോട് ബുദ്ധി യോജിപ്പിക്കുകയും ചെയ്യുന്ന പുരുഷന്മാരുടെ മൈത്രീബന്ധം ഒരിക്കലും ശിഥിലമാകുന്നില്ല.

408. ദുർബുദ്ധിയും, അപക്വമതിയുമായ പുരുഷനെ ബുദ്ധിമാൻ പുല്ലുമൂടിയ പൊട്ടക്കിണറിനെപ്പോലെ വർജ്ജിക്കണം. ഇത്തരക്കാർ തമ്മിലുള്ള മൈത്രീബന്ധം, അതിവേഗത്തിൽ നശിക്കുന്നതാകുന്നു.

409. അഹങ്കാരിയും മൂർഖനും ക്രോധിയും സാഹസികനും അധാർമ്മികനുമായ വ്യക്തിയുമായി മൈത്രീബന്ധത്തിൽ വർത്തിക്കരുത്.

410. കൃതജ്ഞൻ, ധാർമ്മികൻ, സത്യവാദി, ഉദാരൻ, ദൃഢഭക്തൻ, ജിതേന്ദ്രിയൻ, സദാചാരശീലൻ, ഈവിധ സ്വഭാവമുള്ള പുരുഷന്മാരുമായി ഒരിക്കലും മൈത്രീബന്ധം ത്യജിക്കരുത്.

411. ഇന്ദ്രിയങ്ങളെ സർവ്വദാ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് മരണത്തേക്കാൾ വേദനാജനകമാണ്. എന്നാൽ ഇന്ദ്രിയങ്ങളെ യഥേഷ്ടം വ്യാപരിക്കാനനുവദിക്കുന്നത് ദേവന്മാർക്കുകൂടി നാശകരവുമാണ്.



Scanned with CamScanner

412. സകല പ്രാണികളോടുമുള്ള ദയ, അസൂയയില്ലായ്മ, ക്ഷമ, ധൈര്യം, മിത്രദ്രോഹം ചെയ്യാതിരിക്കൽ ഇവയെല്ലാം ആയുർവർദ്ധകങ്ങളാണെന്ന് വിദ്വാന്മാർ പറയുന്നു.

413. അന്യായമായി കൈവശം വന്ന ധനം നല്ല ബുദ്ധി വരുമ്പോൾ ഉടമസ്ഥന് തിരികെ കൊടുക്കുന്നത് വീരപുരുഷന്മാരുടെ ആചരണമാകുന്നു.

414. വരുംകാലത്തെ ദുഃഖങ്ങളെ തടയുവാനുള്ള ഉപായങ്ങൾ ആരായുന്ന മനുഷ്യൻ, വർത്തമാനകാലത്തെ കർത്തവ്യങ്ങളെ ദൃഢനിശ്ചയത്തോടെ പാലിക്കേണ്ടതാണ്. കഴിഞ്ഞകാലങ്ങളിൽ ചെയ്യാൻ വിട്ടുപോയ കാര്യങ്ങളെപറ്റി ബോധവാനായ പുരുഷൻ ഒരിക്കലും അർത്ഥഹീനനായി ഭവിക്കുകയില്ല.

415. മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും മനുഷ്യൻ ഏതിനെയാണോ നിരന്തരം സേവിക്കുന്നത് ആ വസ്തു ആ പുരുഷനെ തന്നിലേക്കാകർഷിക്കുന്നു. ആയതുകൊണ്ട് നല്ലവനായി ജീവിക്കുവാനാഗ്രഹിക്കുന്നവൻ മംഗളകരങ്ങളായ കർമ്മങ്ങളാണനുഷ്ഠിക്കേണ്ടത്.

416. മംഗളപദാർത്ഥങ്ങളെ സ്പർശിക്കൽ, ചിത്തവൃത്തി നിരോധം, വേദാദ്ധ്യയനം, കർമ്മനിരതസ്വഭാവം, ആർജ്ജവം, സജ്ജനദർശനം, ഇവയെല്ലാം ഐശ്വര്യപ്രദങ്ങളായ കർമ്മങ്ങളാകുന്നു.

417. നൈരാശ്യത്തിന്നധീനനാകാതിരിക്കുകയാണ് ഐശ്വര്യത്തിന്റേയും ലാഭത്തിന്റേയും ശുഭത്തിന്റേയും അടിസ്ഥാനം. അതുകൊണ്ട് സദാ കർമ്മനിരതനായിരിക്കുക. അങ്ങനെയുള്ള മനുഷ്യൻ മഹാനായിത്തീരുന്നു. അനന്തമായ സുഖവും അനുഭവിക്കുന്നു.

418. ഐശ്വര്യവർദ്ധനത്തിനും, ഹിതകരമായ കാര്യസാദ്ധ്യത്തിനും, സകല സമ്പത് സമൃദ്ധിക്കും ആദികാരണമായി എവിടെയും എപ്പോഴും ക്ഷമാശീലത്തിൽ കവിഞ്ഞ് മറ്റൊന്നുംതന്നെ ഇല്ല.

419. ദുർബ്ബലന്മാർ സകലരോടും ക്ഷമ കാണിക്കുകതന്നെ വേണം. ബലവാനാണെങ്കിൽ ധർമ്മനീതിപ്രകാരം സകലരോടും ക്ഷമയിൽ വർത്തിക്കുവാൻ ബാദ്ധ്യസ്ഥനുമാണ്. ഏതൊരുവന്റെ ദൃഷ്ടിയിൽ അർത്ഥവും അനർത്ഥവും ഒരുപോലെ കാണപ്പെടുന്നുവോ അദ്ദേഹത്തിന് ക്ഷമാശീലം സർവ്വദാ ഹിതകാരിയുമാകുന്നു.

420. സുഖഭോഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കെത്തന്നെ ഏതൊരു പുരുഷൻ തനിക്ക് ലോഭം സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുവോ, അത്തരം സുഖഭോഗങ്ങളെ യഥേഷ്ടം അനുഭവിക്കുന്നതിൽ



Scanned with CamScanner

തെറ്റില്ല. എന്നാൽ അദ്ദേഹം ആസക്തിയോടുകൂടിയതും അനിയന്ത്രിതവുമായ വിഷയസേവ ഒരിക്കലും ആചരിക്കരുത്.

421. ദുഃഖാർത്തന്മാർ, പ്രമത്തന്മാർ, നാസ്തികന്മാർ, അലസന്മാർ, അജിതേന്ദ്രിയർ, ഉത്സാഹശൂന്യർ ഇവരിൽ ഐശ്വര്യം നിലനില്ക്കുന്നില്ല.

422. കുബുദ്ധികൾ, ആർജ്ജവത്തോടും ആർജ്ജവം മൂലമുണ്ടാകുന്ന ലജ്ജാശീലത്തോടും കൂടിയ ജനങ്ങളെ അശക്തരാണെന്ന് ധരിച്ച് ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു.

423. അതീവശ്രേഷ്ഠന്മാർ അത്യന്തദാനശീലന്മാർ. അതിശൂരന്മാർ, അത്യധികം വ്രതമാചരിക്കുന്നവർ, സ്വന്തം ബുദ്ധിശക്തിയിൽ വളരെയേറെ അഹങ്കാരമുള്ളവർ ഇവരുടെയൊന്നും അരികേകൂടിപ്പോലും ശ്രീഭഗവതി ഭയം കാരണം സഞ്ചരിക്കാറില്ല.

424. രാജലക്ഷ്മി അതീവ ഗുണവാന്മാരിലോ അത്യന്തഗുണഹീനരിലോ രമിക്കുന്നില്ല. ഈ ഐശ്വര്യദേവത, വളരെയധികം ഗുണങ്ങളെ കാംക്ഷിക്കുന്നില്ല. എന്നാൽ നിർഗുണതയേയും ആഗ്രഹിക്കുന്നില്ല. ഈ ശ്രീദേവി ഉന്മത്തയും അന്ധയുമായ പശുവിനെപ്പോലെ എവിടെയെങ്കിലുമൊക്കെ ചിലപ്പോൾ ചെന്ന് നിൽക്കും.

425. വേദാദ്ധ്യയനത്തിന്റെ ഫലമാണ് അഗ്നിഹോത്രാചരണം. ശാസ്ത്രാദ്ധ്യയനത്തിന്റെ ഫലമാണ് സദാചാരശീലവും സത്സ്വഭാവവും. ധനത്തിന്റെ ഫലമാണ് ദാനവും ഭോഗവും.

426. അധാർമ്മികമായി ആർജ്ജിച്ച ധനംകൊണ്ട് സ്വർഗ്ഗപ്രാപ്തിക്കായി ചെയ്യുന്ന യജ്ഞാദികർമ്മങ്ങളുടെ ഫലം മരണാനന്തരം ആ വ്യക്തിക്ക് കിട്ടുന്നില്ല. എന്തുകൊണ്ടെന്നാൽ ആ ധനം ദുർമ്മാർഗ്ഗത്തിലൂടെ ആർജ്ജിക്കപ്പെട്ടതാണ് എന്നതുകൊണ്ടുതന്നെ.

427. ഘോരവും ദുർഗ്ഗമവുമായ വനാന്തരങ്ങളിൽക്കൂടി കഠിനമായ ആപത്തുകളെ അഭിമുഖീകരിച്ചുകൊണ്ട് അസ്ത്രശസ്ത്രധാരികളായി സഞ്ചരിക്കുന്ന പാണ്ഡവർ മഹാബലവാന്മാരാണ്. അവർക്ക് ഭയം തന്നെയില്ല.

428. പൗരുഷം, സംയമം, കർമ്മകുശലത, സാവധാനത, ധൈര്യം, സ്മൃതി, വേണ്ടപോലെ ആലോചിച്ചുറപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഇവയാണ് ഭാവിയിൽ ഉന്നതിക്കുള്ള അടിസ്ഥാനം എന്ന് അറിയുക. അനവധാനതയോടെ എടുത്തുചാടിയാൽ ആപത്തായിരിക്കും ഫലം.

429. താപസരുടെ ബലം തപസ്സാണ്, വേദജ്ഞരുടെ ബലം വേദമാണ്, ദുർജ്ജനങ്ങളുടെ ബലം ഹിംസയാണ്.

430. എട്ട് വസ്തുക്കളുടെ ശക്തി ഒരിക്കലും നശിക്കുന്നില്ല. അവ ജലം, മൂലം, ഫലം, പാൽ, നെയ്യ്, പണ്ഡിതരുടെ ആഗ്രഹം സാധിപ്പിക്കൽ, ഗുരുവിന്റെ അനുഗ്രഹം, ഔഷധം എന്നീ എട്ടെണ്ണമാകുന്നു.



Scanned with CamScanner

431. തനിക്കുതന്നെ പ്രതികൂലഫലം ഉളവാക്കുന്ന ഒരു പ്രവൃത്തിയും അന്യർക്കു നേരേയും ആരും ചെയ്യരുത്. ധർമ്മശാസ്ത്ര സമുച്ചയത്തിന്റെ രത്നച്ചുരുക്കമാണിത്. ദുരാഗ്രഹം മൂലമാണ് ഇതിന് വിപരീതമായി ചെയ്യുന്നത്; അത് അധർമ്മവുമാണ്.

432. അക്രോധംകൊണ്ട് ക്രോധത്തെ ജയിക്കണം, തെറ്റിനെ ശരികൊണ്ട് ജയിക്കണം, പിശുക്കിനെ ദാനംകൊണ്ട് ജയിക്കണം, അസത്യത്തെ സത്യംകൊണ്ട് ജയിക്കണം.

433. സ്ത്രീ, ധൂർത്തൻ, അലസൻ, ഭീരു, ക്രോധി, പൗരുഷാഭിമാനി, ചോരൻ, കൃതഘ്നൻ, നാസ്തികൻ ഇവരെ ഒരിക്കലും വിശ്വസിക്കരുത്.

434. ഗുരുജനങ്ങളെ നിത്യം വന്ദിക്കുന്നവരുടേയും, വൃദ്ധന്മാരെ പരിചരിക്കുന്നവരുടേയും, കീർത്തി ആയുസ്സ് യശസ്സ് ബലം എന്നിവ നാലും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

435. അത്യധികം ക്ലേശം സഹിച്ചും, ധാർമ്മികരീതികളെ അതിക്രമിച്ചും, ശത്രുക്കളുടെ മുമ്പിൽ തലകുനിച്ചും സിദ്ധിക്കുന്ന അർത്ഥ ലാഭത്തിൽ മനസ്സ് വെയ്ക്കരുത്.

436. വിദ്യാരഹിതനായ പുരുഷൻ, ആഹാരം വേണ്ടത്ര ലഭിക്കാത്ത പ്രജകൾ, രാജാവില്ലാത്ത രാഷ്ട്രം ഇവയെല്ലാം ദുഃഖത്തെ പ്രദാനം ചെയ്യുന്നവയാകുന്നു.

437. അധ്വാനം ശരീരത്തെ ജീർണ്ണിപ്പിക്കുന്നു, വർഷപാതം പർവ്വതങ്ങളെ ക്ഷയിപ്പിക്കുന്നു, കൂർത്തവാക്കുകൾ മനസ്സിനെ ദുർബ്ബലമാക്കുന്നു.

438. അനദ്ധ്യയനം വേദത്തിന് മാലിന്യം വരുത്തുന്നു; വ്രതം ആചരിക്കാതിരിക്കൽ ബ്രാഹ്മണനിൽ മാലിന്യം കലർത്തുന്നു, ഊഷരഭൂമി പൃഥ്വിയുടെ മാലിന്യമാകുന്നു, അസത്യം പുരുഷനെ മലിനനാക്കുന്നു, വിനോദതാല്പര്യം സാധ്വിക്ക് മാലിന്യം വരുത്തുന്നു, വീട്ടിൽ നിന്ന് വിട്ടു താമസിക്കൽ സ്ത്രീകളിൽ മാലിന്യത്തിന് കാരണമാകുന്നു.

439. സ്വർണ്ണത്തിലെ മാലിന്യം വെള്ളിയാണ്. വെള്ളിയിലെ മാലിന്യം വെള്ളീയമാണ്, വെളുത്തീയത്തിലെ മാലിന്യമാണ് കറുത്തീയം. കാരീയത്തിലെ മാലിന്യമാകുന്നു ചളി.

440. ധാരാളം ഉറങ്ങുന്നതുകൊണ്ട് നിദ്രയെ ജയിക്കാനാവില്ല, അമിത സംഭോഗംകൊണ്ട് സംഭോഗാസക്തിയെ ജയിക്കാനാവില്ല, വിറകുകൊണ്ട് അഗ്നിയെ തൃപ്തിപ്പെടുത്താനാവില്ല. അമിതപാനംകൊണ്ട് മദ്യപാനാസക്തിയെ ജയിക്കാനാവില്ല.



Scanned with CamScanner

441. ആരുടെ ബന്ധുക്കൾ സമ്പദ്ദാനംകൊണ്ട് തൃപ്തരാകുന്നുവോ, ആരുടെ ശത്രുക്കൾ യുദ്ധത്തിൽ പരാജയപ്പെടുന്നുവോ, ആരുടെ പത്നിമാർ അന്നപാനാദികൾകൊണ്ട് സംതൃപ്തരാകുന്നുവോ അവരുടെയെല്ലാം ജീവിതം സഫലമാകുന്നു.

442. ആയിരങ്ങളുള്ളവരും ജീവിക്കുന്നു, നൂറുകളുള്ളവരും ജീവിക്കുന്നു; അതുകൊണ്ട് അത്യാഗ്രഹം ത്യജിക്കുക. ഇപ്പോൾ ഉള്ളതുകൊണ്ടുതന്നെ എങ്ങനെ വേണമെങ്കിലും ജീവിക്കാമല്ലോ.

443. ഈ ഭൂമിയിൽ വിളയുന്ന മുഴുവൻ ധാന്യങ്ങളും, ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ സ്വർണ്ണവും, വളരുന്ന മുഴുവൻ പശുക്കളും, ഈ ലോകത്തിലെ മുഴുവൻ തരുണിമാരും, കേവലം ഒരു പുരുഷനെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാകുന്നില്ല.

444. ഏതൊരു പുരുഷൻ സജ്ജനങ്ങളുടെ ആദരവിന്ന് പാത്രീഭവിച്ചുകൊണ്ട്, ആസക്തിരഹിതനായി യഥാശക്തി അർത്ഥസമ്പാദനം ചെയ്യുന്നുവോ അദ്ദേഹം വേഗത്തിൽത്തന്നെ യശസ്സിനെ പ്രാപിക്കുന്നു. കാരണം സജ്ജനങ്ങൾ ആരിൽ പ്രസന്നരാകുന്നുവോ അവർ സദാ സുഖികളായിത്തന്നെയിരിക്കുന്നു.

445. ഏതൊരു പുരുഷൻ അധാർമ്മികമായി ആർജ്ജിച്ചിട്ടുള്ള ധനത്തെ യാതൊരാസക്തിയും കൂടാതെ ഉപേക്ഷിക്കുന്നുവോ, അദ്ദേഹം ദുഃഖലേശമെന്യേ സുഖമായിത്തന്നെ ജീവിക്കുന്നു; സർപ്പം അതിന്റെ ജീർണ്ണിച്ച ചർമ്മത്തെ ഉരിച്ചുകളഞ്ഞ് സുഖമായിക്കഴിയുന്നതുപോലെ.

446. കളവു ചെയ്ത് ഉൽക്കർഷം പ്രാപിക്കുക, രാജാവിന്നടുത്തു ഏഷണിപറയുക, ഗുരുവിനോട് കളവ് പറഞ്ഞ് കാര്യം നേടുക ഇവയൊക്കെ ബ്രഹ്മഹത്യക്ക് സമാനങ്ങളായ പാപങ്ങളാകുന്നു.

447. അന്യന്റെ ഉത്ക്കർഷത്തിൽ അസൂയപ്പെടുന്നത് സ്വയം മൃത്യുവിനെ വരിക്കുന്നതിന്ന് സമമാണ്; അന്യനെ അധിക്ഷേപിക്കൽ സ്വന്തം ഐശ്വര്യത്തെ ഹനിക്കുന്നതിന്ന് സമമാണ്. പണ്ഡിതന്മാർ പറയുന്നത് വേണ്ടപോലെ ശ്രദ്ധിക്കാതിരിക്കൽ, സ്വന്തം ഗുണങ്ങളെപ്പറ്റി സ്വയം പ്രശംസിക്കൽ, ഇവ മൂന്നും വിദ്യയുടെ ശത്രുക്കളാണ്.

448. ആലസ്യം, മദമോഹങ്ങൾ, ചാപല്യം, ഗോഷ്ഠി, ഉദ്ദണ്ഡത, അഹങ്കാരം, സ്വാർത്ഥത – ഇവ ഏഴും വിദ്യാർത്ഥികൾക്ക് ദോഷകരങ്ങളാകുന്നു.

449. സുഖേച്ഛുക്കൾ എങ്ങനെയാണ് വിദ്യനേടുക? വിദ്യാർത്ഥികൾക്ക് സുഖാസക്തിയുണ്ടായിരിക്കരുത്. സുഖേച്ഛുക്കൾ വിദ്യയെ ത്യജിക്കണം, വിദ്യയെ ആഗ്രഹിക്കുന്നവർ സുഖത്തേയും ത്യജിക്കണം.

450. എത്രയധികം വിറകുകൊണ്ടും അഗ്നി തൃപ്തിപ്പെടുന്നില്ല. എത്ര നദികൾ വന്നുചേർന്നാലും സമുദ്രം തൃപ്തി പ്രാപിക്കുന്നില്ല. സകല പ്രാണികളുടെ ജീവൻ ഹരിച്ചാലും മൃത്യുവിന്ന് തൃപ്തിവരുന്നില്ല.



Scanned with CamScanner

451. ആഗ്രഹം ധൈര്യത്തെ നശിപ്പിക്കുന്നു. അന്തകൻ സമൃദ്ധിയെ നശിപ്പിക്കുന്നു, ക്രോധം ഐശ്വര്യത്തെ നശിപ്പിക്കുന്നു, പിശുക്ക് സത്കീർത്തിയെ നശിപ്പിക്കുന്നു, പരിപാലിക്കാത്ത പശുക്കൾ നശിച്ചുപോകുന്നു, ക്രുദ്ധനായ പണ്ഡിതൻ ഒരു രാഷ്ട്രത്തെ മുഴുവനും നശിപ്പിക്കുന്നു.

452. ആടുകൾ, ഓട്ടുപാത്രം, വെള്ളി, തേൻ, പക്ഷി, വേദജ്ഞനായ ബ്രാഹ്മണൻ, വൃദ്ധൻ, ബന്ധു, ആപത്തിലകപ്പെട്ട കുലീനൻ, ഇവകളൊക്കെ അങ്ങയുടെ ഗൃഹത്തിൽ സദാ ഉണ്ടായിരിക്കട്ടെ

453. ദേവതകൾ അതിഥികൾ എന്നിവരെയും പൂജിക്കുവാനായി ആട്, കാള, ചന്ദനം, വീണ, കണ്ണാടി, തേൻ, നെയ്യ്, ചെമ്പുകൊണ്ടുള്ള ജലപാത്രം, ശംഖ്, സാളഗ്രാമം, ഗോരോചനം എന്നീ വസ്തുക്കൾ സർവ്വദാ ഗൃഹത്തിൽ കരുതേണ്ടതാണ്.

454. കാമനകൾ കാരണമായിട്ടോ, ലോഭം ഹേതുവായിട്ടോ ധർമ്മത്തെ ഒരിക്കലും ഉപേക്ഷിക്കരുത്. ജീവനാശം വരുമെന്ന ഭയപ്പാടിലും ധർമ്മം വെടിയരുത്. ധർമ്മമാണ് ഈ പ്രപഞ്ചത്തിന്റെ നിലനില്പിനുതന്നെ ആശ്രയം. ധർമ്മത്തെ ത്യജിച്ചാൽ ഈ പ്രപഞ്ചംതന്നെ നശിക്കും.

455. ധർമ്മം നിത്യമാണ് എന്നാൽ സുഖദുഃഖാദികൾ അനിത്യങ്ങളാകുന്നു. ജീവൻ നിത്യമാണ് എന്നാൽ ജനനകാരണം അനിത്യമാണ്. അങ്ങ് ധർമ്മത്തിൽ സ്ഥിതിചെയ്യുക. അങ്ങയുടെ മനസ്സിൽ സന്തോഷം സംജാതമാകും. സന്തോഷമുണ്ടാവുകയാണ് ജീവിതത്തിലെ ഏറ്റവും വലിയ ലക്ഷ്യം.

456. ഈ ധനധാന്യസമ്പൂർണ്ണയായ ഭൂമിയെ ഭരിച്ച്, അവസാനം രാജ്യത്തേയും വിപുലമായ സുഖഭോഗങ്ങളേയും ഉപേക്ഷിച്ച്, യമരാജന്റെയധീനത്തിൽ അകപ്പെട്ട് തിരോധാനം ചെയ്തിട്ടുള്ള എത്രയോ മഹാനുഭാവന്മാരും മഹാബലവാന്മാരുമായ മഹാരാജാക്കന്മാരുടെ ചരിത്രത്തിലേക്ക് ഒന്ന് കണ്ണോടിച്ചുനോക്കൂ!

457. എത്ര കഷ്ടപ്പെട്ട് വളർത്തിക്കൊണ്ടുവന്നിട്ടുള്ള മക്കൾ മരിച്ചുപോകുമ്പോൾ അവരെ ഒട്ടും താമസിയാതെതന്നെ എടുത്ത് വീട്ടിൽ നിന്ന് പുറത്തുകൊണ്ടുപോകുന്നു. ആദ്യം - മാതാപിതാക്കളും ബന്ധുമിത്രാദികളും - ഈ മക്കളെക്കുറിച്ച് വ്യസനിച്ച് അലഞ്ഞുലഞ്ഞ തലമുടിയോടുകൂടി അതികരുണമായി വിലപിക്കുന്നു, പിന്നീട് അവരെ ചിതയിലേക്ക് വിറകിൻകൊള്ളിപോലെ എറിഞ്ഞുകളയുന്നു.

458. മരിച്ചുപോയ മനുഷ്യരുടെ ധനം മറ്റുള്ളവർ അനുഭവിക്കുന്നു. അവരുടെ ശരീരത്തിലെ ധാതുക്കൾ പക്ഷികൾ ഭക്ഷിക്കുന്നു. ശരീരത്തെ അഗ്നി ദഹിപ്പിക്കുന്നു. ഈ മനുഷ്യർ താന്താങ്ങൾ ചെയ്തിട്ടുള്ള പുണ്യപാപങ്ങളാൽ പരിവേഷ്ടിതരായി പരലോകത്തേക്ക് യാത്രപുറപ്പെടുന്നു.



Scanned with CamScanner

459. പൂക്കളും കായ്കളുമില്ലാത്ത വൃക്ഷങ്ങളെ പക്ഷികൾ ഉപേക്ഷിച്ച് പോകുന്നതുപോലെ ബന്ധുക്കളും സുഹൃത്തുക്കളും പുത്രന്മാരും തങ്ങൾക്ക് പ്രിയങ്കരരായവരുടെ മൃതദേഹത്തെ ഉപേക്ഷിച്ച് താന്താങ്ങളുടെ ഗൃഹങ്ങളിലേക്ക് തിരിച്ചുപോകുന്നു.

460. അഗ്നിയിൽ സമർപ്പിക്കപ്പെടുന്ന പുരുഷന്മാരുടെ കൂടെ അവരവർ ചെയ്തിട്ടുള്ള കർമ്മഫലങ്ങൾ മാത്രമാണ് പോകുന്നത്. അതുകൊണ്ട് പുരുഷന്മാർ ധാർമ്മിക കർമ്മങ്ങളാണ് അനുഷ്ഠിച്ചുകൊണ്ടിരിക്കേണ്ടത്.

461. ഈ ലോകത്തിലും പരലോകത്തിലും മേലെനിന്ന് താഴെ വരെ സർവ്വത്ര കടുത്ത അന്ധകാരം ഇന്ദ്രിയങ്ങളെ മഹാമോഹത്തിൽ ആഴ്ത്തുന്നു. അങ്ങ് ഇത് നന്നായി മനസ്സിലാക്കൂ. ഈ അജ്ഞാനാന്ധകാരം അങ്ങയെ ഗ്രസിക്കാതിരിക്കട്ടെ!

462. ഈ ജീവൻ- ജീവാത്മാവ്- ഒരു നദിയാണ്. ഇതിലെ തീർത്ഥമാണ് പുണ്യം, സത്യമാണ് ജലം, ധൈര്യമാണ് ഈ നദിയുടെ ഇരുകരകൾ, കാരുണ്യമാണ് ഇതിലെ ഓളങ്ങൾ; ഇതിൽ സ്നാനം ചെയ്യുന്നവർ പുണ്യത്തെ ആർജ്ജിക്കുന്നു. എന്തുകൊണ്ടെന്നാൽ ലോഭകലുഷിതമാകാത്ത ജീവൻ സദാ പുണ്യവത്തും പവിത്രവുമാകുന്നു.

463. കാമക്രോധങ്ങളാകുന്ന ജലജന്തുക്കളോടുകൂടിയതും പഞ്ചേന്ദ്രിയപ്രവർത്തനമായ ജലത്തോടുകൂടിയതും ആയ സംസാരമാകുന്ന ഈ മഹാനദിയിലെ ജനനമരണസ്വരൂപമായ ദുർഗ്ഗമപ്രവാഹത്തെ, ധൈര്യമാകുന്ന തോണിയിൽ കയറി മറുകര പറ്റേണ്ടതാകുന്നു.

464. പ്രജ്ഞാവൃദ്ധനും വിദ്യാവൃദ്ധനും വയോവൃദ്ധനുമായ സ്വന്തം ബന്ധുവിനെ പൂജിച്ച് പ്രസാദിപ്പിച്ച്, ചെയ്യേണ്ടതും ചെയ്യേണ്ടാത്തതുമായ കാര്യങ്ങളെപ്പറ്റി അന്യോന്യം ചർച്ചചെയ്ത്, വേണ്ടത് പ്രവർത്തിക്കുന്നവന് ഒരിക്കലും വിഭ്രാന്തിക്കധീനനായി ദുഷ്കർമ്മങ്ങൾ ആചരിക്കേണ്ടിവരികയില്ല.

465. കാമാവേശത്തേയും ഭോജന തൃഷ്ണയേയും ധൈര്യമവലംബിച്ച് ചെറുത്തു നിൽക്കണം, കൈകാലുകളെ കണ്ണുകൾകൊണ്ട് രക്ഷിക്കണം, കണ്ണിനേയും കാതിനേയും മനോനിയന്ത്രണംകൊണ്ട് രക്ഷിക്കണം, മനസ്സിനേയും വാക്കുകളേയും സത്കർമ്മങ്ങൾകൊണ്ട് രക്ഷിക്കണം.

**ഈ സന്ദേശങ്ങളിൽ നൽകിയിരിക്കുന്നതെല്ലാം ആധുനിക മനുഷ്യന് വേണ്ടിത്തന്നെയുള്ളതാണ്. ഇതിലെ രാജാവായ ധൃതരാഷ്ട്രർ അന്ധരായ നമ്മളെന്ന ജീവിത/കുടുംബ/ഔദ്യോഗിക / രാഷ്ട്ര മാനേജർമാരാണെന്ന് വിചാരിച്ച് വിദുരർ നമുക്കാണ് ഈ സന്ദേശങ്ങൾ നൽകുന്നതെന്നറിഞ്ഞ് പ്രവർത്തിക്കുക. ജീവിതം സംതൃപ്തമാക്കുവാനുള്ള അനവധി സന്ദേശങ്ങളിൽ ചിലതെങ്കിലും നമുക്കുപകരിക്കും !**



Scanned with CamScanner

പതിനായിരം വർഷത്തെ പാരമ്പര്യമുള്ള ഭാരതത്തിൽ മാനേജ്മെന്റ് ഗ്രന്ഥങ്ങൾ അനവധിയുണ്ടായിരുന്നു. മജ്ജയും, മാംസവും, മനസ്സും, ജീവചൈതന്യവുമുള്ള ഒരു സാമൂഹ്യ ജീവിയായ മനുഷ്യനെ കണ്ടുകൊണ്ടാണ്, ഭാരതീയ മാനേജ്മെന്റ് ഗ്രന്ഥങ്ങളെല്ലാം രചിച്ചിട്ടുള്ളത്. അൽസേഷ്യൻ പട്ടിയെയും, സർക്കസിലെ കരടി-സിംഹം-ആന തുടങ്ങിയ മൃഗങ്ങളെയും അനുസരിപ്പിക്കാൻ പഠിപ്പിക്കുന്നതുപോലെയുള്ള പാശ്ചാത്യമാനേജ്മെന്റ് പഠനത്തിൽ നിന്നുഭിന്നമായ ഒരു വീക്ഷണ- പഠനമാണ് ഈ വിഷയത്തിൽ ഭാരതത്തിന്റെ സംഭാവനയെന്ന് വിദുരന്റെ 465 ഉപദേശബിന്ദുക്കളിലൂടെ സശ്രദ്ധം കണ്ണോടിച്ചാൽ വ്യക്തമാകും.

Scanned with CamScanner